Reg. No M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 ‖ 1129 മീനം 25 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഏപ്രിൽ 7 ‖ ലക്കം 32

## കുരങ്ങു മൂത്താൽ മനുഷ്യനാകുമോ?

(കെ. ഇ. ജോബ് എം. എ., എൽ. ററി.)

### രസകരമായ ഒരു കേസ്

വടക്കേഅമേരിക്കയിൽ Dayton)ഡെയിട്ടൺഎന്നസ്ഥലത്തുള്ള ഒരുപ്രോട്ടസ്റ്റൻറുഹൈസ്കൂൾ സയൻസ് അദ്ധ്യാപകനെ പ്രതിയാക്കി, 1925-ാമാണ്ടിൽ രസകരമായ ഒരു സിവിൽ കേസ് ഹാജരാക്കപ്പെട്ടു. ഈ കേസിൽ പ്രതിയുടെപേരിൽ ആരോപിക്കപ്പെട്ട കുററം, അയാൾ ബൈബിൾ പ്രസ്താവനകളോടു യോജിപ്പില്ലാത്തവിധത്തിൽ, "കുരങ്ങുമൂത്തു മനുഷ്യനായി" എന്നു കുട്ടികളെ പാഠിപ്പിച്ചു എന്നതായിരുന്നു. അങ്ങനെയുള്ള ബോധനം കുററകരമാണെന്നു് ഡെയിട്ടൺപ്രദേശമുൾപ്പെട്ട Tenesse എന്ന അമേരിക്കൻ സ്റ്റേററിലേക്കു് പ്രത്യേകമായി ഒരു നിയമവും ഉണ്ടായിരുന്നുപോൽ! വാദിപ്രതികൾ അവരവരുടെ ഭാഗത്തേക്കു് അതിവിദഗ്ദ്ധന്മാരായ ഓരോ വക്കീലന്മാരെ ഏർപ്പെടുത്തുകയും, വാദം വളരെ വാശിയോടുകൂടി നടത്തുകയും ചെയ്തതോടെ പലസ്ഥലത്തുനിന്നും അനേകം പത്രപ്രതിനിധികൾ റിപ്പോർട്ടുകളെഴുതി അയക്കുന്നതിനായി ഡെയിട്ടണിൽ തടിച്ചുകൂടി. അതോടുകൂടി ഓരോ ഭാഗക്കാരുടെയും വാശി ശതഗുണീഭവിക്കുകതന്നെ ചെയ്തു. വിവിധ പ്രോട്ടസ്റ്റൻറു വകുപ്പുകളിൽപ്പെട്ട ക്രൈസ്തവപണ്ഡിതന്മാരും, നാസ്തികന്മാരും,സർവ്വകലാശാലാദ്ധ്യാപകന്മാരും, ഓരോ ഭാഗത്തേക്കും വിദഗ്ദ്ധാഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊണ്ടിരുന്നു. കത്തോലിക്കാപണ്ഡിതന്മാരെ ആരെങ്കിലും ക്ഷണിക്കുകയാകട്ടെ, അവർ ഈ കേസിൽ അഭിപ്രായം പറയുകയാകട്ടെ ചെയ്തില്ല. പക്ഷേ ഈ കേസിൽ പ്രതിഭാഗത്തെ ബലമായി പിൻതാങ്ങിയിരുന്ന ഡോക്ടർ ഓസ്ബോൺ എന്ന പ്രസിദ്ധ പ്രകൃതിശാസ്ത്രവിദഗ്ദ്ധൻ, തന്റെ അഭിപ്രായങ്ങളെ സാധൂകരിച്ചുകൊണ്ടു്, 1926 ജൂൺമാസത്തിൽ Forum എന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രൗഢലേഖനത്തിൽ, കത്തോലിക്കരായ അനേകം ശാസ്ത്രകാരന്മാരുടെ അഥോറിട്ടികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. Henri Bruil, Hugo Obermaeir എന്നിങ്ങനെയുള്ള ഭുവനവിശ്രുതന്മാരായ അഭിനവകത്തോലിക്കാനരവംശശാസ്ത്രജ്ഞന്മാരുടെ ആശയങ്ങളെയാണു് താൻ ആശ്രയിക്കുന്നതെന്നാണു് ഡോക്ടർ ഓസ്ബോൺ എന്ന ആ പ്രോട്ടസ്റ്റൻറു നരവംശശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടതു്. ഏതായാലും ഡെയിട്ടൺ കേസിൽ പ്രതിയായിരുന്ന ദുർഭഗനായ ആ സയൻസ് അദ്ധ്യാപകൻ, സിവിൽ ശിക്ഷയ്ക്കു് അർഹനാകുകയാണു് ചെയ്തതു്. പക്ഷേ ഈ കേസിന്റെ നാടകീയമായ വിചാരണമൂലം, ആധുനിക നരവംശശാസ്ത്രവും ബൈബിൾ പ്രസ്താവനകളും തമ്മിൽ ഉള്ള പൊരുത്തമില്ലായ്മ അന്നുമുതൽ പരിഷ്കൃതലോകത്തിന്റെ ചിന്താവിഷയമായി തീന്നിരിക്കുകയാണു്.



ഗത്തസേമ്മിനിൽ പീഡയനുഭവിക്കുന്ന ക്രിസ്തുവിനെ ദൈവദൂതൻ സമാശ്വസിപ്പിക്കുന്നു

### മൂന്നു് അഭിപ്രായഗതികൾ

ലോകോല്പത്തിയേയും നരവംശസൃഷ്ടിയേയുംപററി പരസ്പരവ്യത്യസ്തങ്ങളായ മൂന്നഭിപ്രായഗതികൾ ഇന്നു് നിലവിലിരിക്കുന്നു. ഇതിൽ ആദ്യത്തെ അഭിപ്രായത്തെ Fundamentalism എന്നു് സാധാരണ വിളിച്ചുവരുന്നു. ഈ അഭിപ്രായക്കാർ, വിശുദ്ധ വേദപുസ്തകത്തിലുള്ള സകല പ്രസ്താവനകളെയും, അവയുടെ വാച്യാർത്ഥത്തിൽ ആണു് മനസ്സിലാക്കുന്നതു്. 24 മണിക്കൂറുകളുള്ള ആറു ദിവസംകൊണ്ടാണു് ദൈവം പ്രപഞ്ചത്തെയും അതിലുള്ള നാനാജീവികളെയും നരവംശത്തെയും സൃഷ്ടിച്ചതെന്നു് വിശ്വസിക്കുന്നവരാണു് അവർ. ആധുനികശാസ്ത്രവും ബൈബിളും തമ്മിൽ പൊരുത്തമില്ലെന്നു് അവർ സമ്മതിക്കുന്നു. പക്ഷേ ശാസ്ത്രങ്ങൾക്കു തെററുവരാമെങ്കിലും, ബൈബിളിനു് അപ്രമാദിത്വമുണ്ടെന്നാണു് അവരുടെ വിശ്വാസം. ഈ അഭിപ്രായക്കാർ ഇന്നുള്ള എല്ലാ പ്രോട്ടസ്റ്റൻറുസഭകളിലും ഉണ്ടു്. പക്ഷേ ഈ അഭിപ്രായക്കാരുടെ സംഖ്യ ക്രമേണ കുറഞ്ഞുകുറഞ്ഞാണു് ഇപ്പോൾ വരുന്നതു്. രണ്ടാമത്തെ അഭിപ്രായക്കാരുടെ പേരു് Modernists എന്നാണു്. ആധുനികശാസ്ത്രീയ കണ്ടുപിടുത്തങ്ങളോടു ബൈബിളിനെ പൊരുത്തപ്പെടുത്തിക്കൊണ്ടു പോകണമെന്നാണു് ഈ സിദ്ധാന്തക്കാരുടെ അഭിപ്രായം. എന്നാൽ ഈ "പൊരുത്തപ്പെടുത്തൽ" എത്രത്തോളമാകാം? അതിനെ നിയന്ത്രിക്കേണ്ടതാരു്? എന്നുള്ള ചോദ്യത്തിനുള്ള മറുപടിയാണു് വിശേഷം. ഓരോ വ്യക്തിയും അവനവന്റെ വിവേചനാശക്തി ഉപയോഗിച്ചു് അതിനെ നിയന്ത്രിച്ചുകൊള്ളുകയേ തരമുള്ളു എന്നാണു് മോഡേണിസ്റ്റു സിദ്ധാന്തം. ഇതു് ഒരു പ്രോട്ടസ്റ്റൻറു സിദ്ധാന്തമാണെന്നു് വിശദമാണല്ലോ. ആകയാൽ കത്തോലിക്കർക്കു മോഡേണിസം ഒട്ടും അനുവദനീയമല്ല. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ വിഷയം സംബന്ധിച്ചു് മൂന്നാമതൊരു സിദ്ധാന്തം ആവശ്യമായിത്തീന്നു. കത്തോലിക്കാസിദ്ധാന്തമനുസരിച്ചു് ക്രിസ്തീയ വേദലിഖിതങ്ങൾ കേവലം പ്രപഞ്ചശാസ്ത്രഗ്രന്ഥങ്ങളല്ല. അവ, പ്രഥമവും പ്രധാനവുമായി മതാത്മകവും ധാർമ്മികവുമായ ഗ്രന്ഥങ്ങളാണു്. അവ (Inspired) ഈശ്വരനിവേശിതങ്ങളാകയാൽ അവയിൽ സാരാംശത്തിൽ തെററുണ്ടാകുകയില്ല. പക്ഷേ ബൈബിളിൽ ദുർഗ്രഹമായ പല ഭാഗങ്ങളുണ്ടു്. ഇപ്പോൾ നിലവിലിരിക്കുന്ന വിവിധ ഭാഷാവിവർത്തനങ്ങൾ വായിച്ചാൽ ആ ഭാഗങ്ങൾ വേണ്ടത്ര സുലളിതമോ സുപ്രസന്നമോ ആയി തീരുകയില്ല. ആകയാൽ കത്തോലിക്കാ സഭയിൽനിന്നും ഒരു ബിബ്ളിക്കൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടു്. അവർ, ബൈബിൾ ആദ്യകാലങ്ങളിൽ രചിച്ചിട്ടുള്ള ഹീബ്രു, അറമായ, ഗ്രീക്കു്, ലത്തീൻ, കോപ്ററിക്കു് മുതലായ പ്രാചീനഭാഷകളിലും, ചരിത്രം, ഭൂമിശാസ്ത്രം, നരവംശശാസ്ത്രം, പ്രപഞ്ചശാസ്ത്രം മുതലായ വിജ്ഞാനശാഖകളിലും പ്രത്യേകം പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ളവരാണു്. ഈ ബിബ്ളിക്കൽകമ്മീഷൻ ചെയ്യുന്ന അഭിപ്രായപ്രകടനങ്ങളെ കത്തോലിക്കാ തിരുസഭ അംഗീകരിക്കുമ്പോൾ, അവയെ ആണു് കത്തോലിക്കർ അംഗീകരിച്ചുവരുന്നതു്. കാതലായ കത്തോലിക്കാ മതതത്വങ്ങൾക്കോ വിശ്വാസസത്യങ്ങൾക്കോ വിപരീതമായി പലപ്പോഴും ഇന്നത്തെ ചില നാസ്തിക "ശാസ്ത്രജ്ഞ"ന്മാർ ചില ശാസ്ത്രീയ "കണ്ടുപിടുത്തങ്ങൾ" പെരുമ്പറയടിച്ചു പ്രസിദ്ധപ്പെടുത്താറുണ്ടു്. അങ്ങനെയുള്ളവയെ വിശ്വസിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നതിനു് കത്തോലിക്കാസഭ അവളുടെ സന്താനങ്ങളെ അനുവദിക്കുകയില്ല. മോഡേണിസ്റ്റുസിദ്ധാന്തികൾ, ആധുനികശാസ്ത്രങ്ങളെയും ബൈബിളിനെയും പൊരുത്തപ്പെടുത്തുന്നതിനുള്ള മാനദണ്ഡമായി സ്വീകരിക്കുന്നതു്, ഓരോ വ്യക്തികളുടെയും വിവേചനാശക്തിയെ ആണു്. എന്നാൽ കത്തോലിക്കാസഭയാകട്ടെ ഈ വിഷയത്തിൽ മാനദണ്ഡമായി സ്വീകരിക്കുന്നതു് കത്തോലിക്കാ സഭയുടെ (Teaching authority) ബോധനാധികാരത്തെയാണു്. ഇങ്ങനെ ഒരു മുൻകരുതൽ തിരുസഭ ചെയ്തില്ലെങ്കിൽ, ക്രിസ്തീയ സഭയുടെ സ്ഥാനത്തു് ഭാവിലോകത്തിൽ കാണുമായിരുന്നതു്, നിരീശ്വരത്വമായി

## ഓറിയന്റ് സെൻട്രൽബാങ്ക് ക്ലിപ്തം

ഹെഡാഫീസ് — കോട്ടയം

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം

ബ്രാഞ്ചുകൾ:—

| | | | |
|---|---|---|---|
| ഈരാററുപേട്ട | കോട്ടയം | പാലാ | പിറവം |
| എറണാകുളം | കുട്ടിക്കൽ | പാമ്പാടി | പൂവരണി |
| എരുമേലി | കോതമംഗലം | വൈക്കം | തൊടുപുഴ |
| കാളകെട്ടി | കുമരകം | വ. പറവൂർ | തിരുവല്ല |

### പുരോഗമനപത്രിക

| വർഷം | പിരിഞ്ഞുകിട്ടിയ മൂലധനവും കരുതൽമൂലധനവും | ആകെ പ്രവർത്തക മൂലധനം | ആദായവീതം |
|---|---|---|---|
| ഡിസമ്പർ | | | |
| ,, 1945 | 1,36,400 | 11,53,400 | 2½ % |
| ,, 1948 | 2,71,800 | 33,93,400 | 4 % |
| ,, 1950 | 3,34,500 | 73,26,500 | 4 % |
| ,, 1952 | 4,63,000 | 94,50,000 | 4 % |
| ,, 1953 | 5,01,000 | 1,02,14,000 | 4 % |


വിമർശനവീഥി

# പി. എസ്. പി. യുടെ പ്രകടനപത്രിക

തിരുക്കൊച്ചിയിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന പ്രജാസോഷ്യലിസ്റ്റ് പാർട്ടി ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിനു് അടുത്തു മുൻപു്, ഫെബ്രുവരി 10-ാംതീയതി ഒരു പ്രകടനപത്രിക പ്രസിദ്ധപ്പെടുത്തി. അതിലെ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കുന്നതിനായിരിക്കുമല്ലോ പുതിയ ഗവമ്മെന്റിന്റെ ശ്രമം. പുതിയ നിയമസഭയുടെ ഉൽഘാടനം നടത്തിക്കൊണ്ടു് രാജപ്രമുഖൻതിരുമേനി ചെയ്ത പ്രസംഗത്തിൽ പുതിയ ഗവമ്മെന്റിന്റെ ഭരണപരിപാടി സംഗ്രഹമായി വിവരിച്ചിരുന്നതും പ്രസ്തുത പ്രകടനപത്രികയെ മുൻനിറുത്തിക്കൊണ്ടാണു്. ആകയാൽ ആ പ്രസംഗത്തിലെ വിവരങ്ങൾ ഏതാണ്ടു് വിശദമായിത്തന്നെ അറിയുന്നതു് വായനക്കാർക്കു് പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

### ഭൂനയം

കുടിയാന്മാർക്കു് നടപ്പവകാശഭദ്രതയും ന്യായപാട്ടക്ലിപ്തിയും നൽകുന്നതിനും, കർഷകർക്കു് അവരുടെ പ്രയത്നത്തിനു് പരമാവധി പ്രതിഫലം ഉറപ്പുനൽകുന്നതിനും നിയമം നിർമ്മിക്കും. ചുരുക്കം ചില ആളുകളുടെ കൈയിൽ മാത്രം ഭൂമി സഞ്ചിതമാകാതിരിക്കത്തക്കവണ്ണം അതു കൈവശം വയ്ക്കുന്നതിനൊരു പരിധി നിർണ്ണയിക്കുന്നതിനുള്ള സാധ്യതയെപ്പററി പരിശോധിക്കും. കണ്ടുകൃഷി, ശ്രീപാദം, ശ്രീപണ്ടാരം വക നടപ്പവകാശപ്രകാരം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരുടെ ന്യായമായ സങ്കടങ്ങൾ പരിഹരിക്കുന്നതിനു് നടപടി എടുക്കും.

### വിദ്യാഭ്യാസം

എല്ലാ ജനവിഭാഗങ്ങൾക്കും ശരിയായ വിദ്യാഭ്യാസം നൽകുന്നതിൽ നിരന്തരം ശ്രദ്ധിക്കും. 14 വയസ്സു് പൂർത്തിയാകുന്നതുവരെ എല്ലാ കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസം നൽകുന്ന വിഷയത്തിൽ ശ്രദ്ധപതിക്കും. ജീവിതാവശ്യങ്ങളുമായി അനുരഞ്ജിക്കത്തക്കവിധം വിദ്യാഭ്യാസപദ്ധതി നവീകരിക്കേണ്ടതു് അടിയന്തിരാവശ്യമാണു്.

### വ്യവസായങ്ങൾ

ഈ സംസ്ഥാനത്തു കൃഷികൊണ്ടുമാത്രം ജനങ്ങൾക്കു് ജീവസന്ധാരണം പ്രയാസമാകയാൽ വ്യവസായാഭിവൃദ്ധിക്കുവേണ്ടി പരമാവധി ശ്രദ്ധപതിക്കും. രാജ്യക്ഷേമത്തിനു് വിവിധോന്മുഖമായ ഒരു സാമ്പത്തികസ്ഥിതി അത്യന്താപേക്ഷിതമാകയാൽ, സാമാന്യേന വിദ്യുച്ഛക്തികൊണ്ടു് നടത്തപ്പെടുന്നവയും സഹകരണാടിസ്ഥാനത്തിലുള്ള കച്ചവടവും മററു സൗകര്യങ്ങളും പിൻതുണ നൽകുന്നവയുമായ ചെറുകിടവ്യവസായങ്ങളെ സജീവമായി പ്രോത്സാഹിപ്പിക്കും. കുടിൽ


അനുകരണങ്ങളെ സൂക്ഷിക്കണം

"കാളൻ'സ്" ബുള്ളററിന്റെ സാമ്പിൾ കോപ്പി സൗജന്യം. താഴെ കാണുന്ന വിലാസത്തിൽ മാത്രം എഴുതുക.

**കാളൻ, നെല്ലായി**


വ്യവസായത്തിന്റെ പ്രത്യേകിച്ച കയർ, കൈത്തറി എന്നിവയുടെ, വികസനത്തിൽ ആത്മാർത്ഥവും സത്വരവുമായ പരിചിന്തനം പതിയും.

### പഞ്ചായത്തുകൾ

ഊർജ്ജിതമായി പ്രവർത്തനം നടത്തുന്ന പഞ്ചായത്തുകൾ ഗ്രാമങ്ങളുടെ ജനകീയവും ധനപരവുമായ അഭിവൃദ്ധിക്കുള്ള യഥാർത്ഥ ഏജൻസികളാക്കാമെന്നുള്ളതിനാൽ, പഞ്ചായത്തുകളുടെ വിനിയോഗത്തിനു മതിയായ ഫണ്ടു നീക്കിവയ്ക്കുകയും, അവക്കു് അധികാരങ്ങൾ നൽകുകയും ചെയ്യുന്നതു് സംബന്ധിച്ച പ്രശ്നങ്ങളെപ്പററി ഊർജ്ജിതമായി പരിശോധിക്കും.

### ഭക്ഷ്യം

ഈ വർഷത്തിൽ അരിവിതരണം പരമാവധി വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കും. തിരുവിതാംകൂർ കൊച്ചിയുടെ പ്രത്യേക വിഷമാവസ്ഥയെ പരിഗണിച്ചു്, ഇൻഡ്യാഗവമ്മെന്റു് സാരമായ സബ്സിഡി അനുവദിക്കുമെന്നു് പ്രതീക്ഷിക്കുന്നു. പാൽ, സസ്യങ്ങൾ എന്നീ ഉപഭക്ഷ്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധചെലുത്തും. കൃഷിവികസനം, പരമാവധി ഉല്പാദനം, വിളവുനഷ്ടദൂരീകരണം എന്നീ ഏകാഗ്രമായ ഒരു ത്രിവിധപരിപാടി കൈക്കൊള്ളും. കാർഷികസമ്പ്രദായങ്ങൾ ആധുനീകരിക്കുക, ചെറുകിട ജലസേചനപ്പണികളിൽ ഉചിതമായ ശ്രദ്ധചെലുത്തുക, സഹകരണസ്ഥാപനങ്ങൾമുഖേന കൃഷിക്കാർക്കു് കടം വായ്പ സൗകര്യങ്ങൾ [illegible]ക എന്നിവമൂലം ഭക്ഷ്യോല്പാദനത്തിനു് പ്രോത്സാഹനം നൽകാമെന്നു് പ്രതീക്ഷിക്കുന്നു.

### ജലവിതരണം

സംസ്ഥാനത്തു ചില ഭാഗങ്ങളിൽ, വിശേഷിച്ചും തീരപ്രദേശങ്ങളിൽ, ശുദ്ധജലക്ഷാമം സംബന്ധിച്ച ഗുരുതരമായ പ്രശ്നം പരിഹരിക്കുവാൻ പരിശ്രമിക്കും. കുഴൽക്കിണറുകൾ കുഴിക്കുന്നതിനും മററു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

### ഭവനനിർമ്മാണം

ഭവനരഹിതർക്കു്, പ്രത്യേകിച്ചു് തീരപ്രദേശങ്ങളിൽ, വാസസ്ഥലങ്ങൾ വീതിച്ചുകൊടുക്കുന്നതിന്റെയും ഭവനങ്ങൾ നിർമ്മിക്കുന്നതിന്റെയും നൽകേണ്ട സഹായങ്ങളുടേയും സാധ്യതകളെക്കുറിച്ചു് ആരായും.

### മത്സ്യവ്യവസായം

സംസ്ഥാനത്തു് മത്സ്യസമ്പത്തു പരിപൂർണ്ണമായും ഉപയുക്തമാക്കുകയും, യന്ത്രീകരണംവഴി മീൻപിടുത്തക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചു് അവരുടെ സാമ്പത്തികസ്ഥിതി ഉയർത്തുകയും ചെയ്യുക എന്ന പ്രശ്നത്തിനു അതിപ്രാധാന്യം നൽകും.

### ലേബർ

തൊഴിലാളിതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കും. കർഷകത്തൊഴിലാളികളുടെ ഏററവും കുറഞ്ഞകൂലി നിർണ്ണയിക്കുന്നതിനു് നിയമിച്ച കമ്മിററിയുടെ റിപ്പോർട്ടു് കിട്ടിയാൽ (താമസിയാതെ കിട്ടുമെന്നു് പ്രതീക്ഷിക്കുന്നു) ശുപാർശകൾ പരിശോധിച്ചു് നടപ്പിൽ വരുത്തുന്നതിനു് നടപടികൾ നടത്തും. പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ ഇൻഡ്യാഗവർമെന്റു് ഊർജ്ജിതത്തിൽ വരുത്തിയാലുടനെ നടപ്പിൽവരുത്തും. വ്യവസായത്തൊഴിലാളികൾക്കു് ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും ഉൽക്കണ്ഠാപൂർവ്വം ശ്രദ്ധിക്കും.

### പിന്നോക്കവർഗ്ഗങ്ങൾ

പിന്നോക്കവർഗ്ഗങ്ങളുടെ ഉദ്ധാരണം നിരന്തരവും ദയാപൂർവ്വകവുമായശ്രദ്ധയ്ക്കുവിഷയീഭവിപ്പിക്കും. സാഹിത്യ വിദ്യാഭ്യാസത്തിനുള്ള സഹായത്തിനുപുറമെ, തൊഴിൽ പരിശീലനത്തിനു് വ്യാപകമായ സൗകര്യങ്ങൾ നൽകുന്നതിനും നടപടികൾ എടുക്കും.

### തൊഴിലില്ലായ്മ

ഈ സംസ്ഥാനത്തു് പ്ലാനിംഗ് കമ്മീഷൻ നടത്തിയ തൊഴിൽ സർവ്വേ സംബന്ധിച്ച റിപ്പോർട്ടു് കിട്ടിയാൽ (ഏതാനും ആഴ്ചയ്ക്കകം കിട്ടുമെന്നു് പ്രതീക്ഷിക്കുന്നു) അതു് ഉൽക്കണ്ഠാകുലമായ ശ്രദ്ധയോടുകൂടി പഠിക്കുന്നതും ഈ തീരാപ്രശ്നം പരിഹരിക്കുന്നതിനു് കഴിവുള്ള സർവ്വ നടപടികളും നടത്താൻ യത്നിക്കുന്നതുമാണു്.

### പ്ലാനിംഗ്

പഞ്ചവത്സരപദ്ധതി (1951-56) അനുസരിച്ചുള്ള പദ്ധതികളുടെ അഭിവൃദ്ധി കഴിയുന്നത്ര ത്വരിതപ്പെടുത്തും. സ്വീകരിക്കേണ്ട പുതിയ പദ്ധതികളെപ്പററി പര്യാലോചിക്കുമ്പോൾ, വിദ്യുച്ഛക്തിയുടെ ലബ്ധികൊണ്ടും സഹകരണസ്ഥാപനങ്ങൾ മുഖേനയുള്ള സഹായംകൊണ്ടും, ദ്രുതതരമായും സാരമായും വികസിക്കാൻ കഴിയുന്ന ചെറുതരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിച്ചു് വിപുലമായ തോതിൽ വിതരണം ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കും.

### പബ്ളിക്ക് സർവ്വീസ്

പബ്ളിക്ക് സർവ്വീസിലെ അംഗങ്ങളുടെ നില അഭിവൃദ്ധിപ്പെടുത്തുന്നതിനു് ടൈംസ്കെയിൽ മുതലായ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിക്കും. സർവ്വീസ് സംയോജനം കാലവിളംബം കൂടാതെ പൂർത്തിയാക്കും. അഴിമതി സംബന്ധിച്ച കേസുകൾ ഊർജ്ജസ്വലമായും സത്വരമായും അന്വേഷിച്ചു് കർശനമായും നിർദ്ദാക്ഷിണ്യമായും നടപടി തുടരും. സ്വാതന്ത്ര്യവും ഉന്നതമായ നീതിനിർവ്വഹണപദവിയുള്ളതുമായ ഒരു അഴിമതിവിരുദ്ധ കോടതി അഴിമതി കണ്ടുപിടിക്കുന്നതിനും കുററവാളികളെ വിസ്തരിക്കുന്നതിനും സ്വന്ത ഉപകരണങ്ങളോടുകൂടി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കും.

### മദ്യനിരോധനം

1954-55 ലെ ലേലങ്ങൾ സ്ഥിരീകരിക്കപ്പെട്ടു പോയിരിക്കുന്നതിനാൽ മദ്യനിരോധനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്ന പ്രശ്നം തല്ക്കാലം ഉദിക്കുന്നില്ല. മദ്യനിരോധനം ഇപ്പോൾ ഊർജ്ജിതത്തിലിരിക്കുന്ന പ്രദേശങ്ങളിൽ അതിന്റെ ഔർജ്ജിത്യത്തിനായി സജീവവും കർശനവുമായ നടപടികൾ ഉടനടി എടുക്കുവാൻ ഉദ്ദേശിക്കുന്നു.

* * *

### ഷെവലിയർ രത്നസ്വാമിയുടെ വിമർശനം

"കാത്തലിക്ക് യൂണിയൻ ഓഫ് ഇൻഡ്യാ" എന്ന അഖിലേന്ത്യാ കത്തോലിക്കാ മഹാസംഘടനയുടെ പ്രസിഡന്റും, "ഡെമോക്രസി" എന്ന വാരികയുടെ പത്രാധിപരുമായ ഷെവലിയർ എം. രത്നസ്വാമി തിരുക്കൊച്ചിയിലെ പുതിയ പി. എസ്. പി. മന്ത്രിസഭയെ പരാമർശിച്ചു് "ഒരു ന്യൂനപക്ഷ മന്ത്രിസഭയ്ക്കുള്ള നയപരിപാടി" (Policy for Minority Ministry) എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം ആ പത്രത്തിൽ എഴുതിയിരുന്നു. അതിലെ ഉള്ളടക്കമാണു് താഴെ ചേർക്കുന്നതു്.

മി. പട്ടംതാണുപിള്ള മുഖ്യമന്ത്രിയുടെ ഉദ്യോഗം ഏറെറടുത്തുകൊണ്ടു് പ്രകാശിപ്പിച്ച പ്രതിപക്ഷ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രകടനപത്രികയിലുള്ള നയപരിപാടികൾ പ്രാവർത്തികമാക്കുന്നതിനുള്ള തന്റെ ശ്രമത്തിനു് നിയമസഭയിലെ സകല പാർട്ടികളുടേയും ഗ്രൂപ്പുകളുടേയും പിൻതുണ ലഭിക്കുമെന്നായിരുന്നു. ആ പ്രകടനപത്രിക വായിച്ചതിൽ ഞങ്ങൾ കാണുന്നു, അതിലെ മിക്കകാര്യങ്ങൾക്കും നിയമസഭയിലെ ന്യായബോധമുള്ള സകല മനുഷ്യരുടേയും പിൻതുണ ലഭിക്കുമെന്നു്. അതിൽ ചില കാര്യങ്ങൾ, ഉദാഹരണമായി ഭൂമിയുടെ വിതരണത്തിലും ഉടമയിലുമുള്ള സമീകരണം, വാദപ്രതിവാദവിഷയങ്ങളാണു്. പ്രജാസോഷ്യലിസ്റ്റ് മന്ത്രിസഭയെപ്പോലുള്ള ഒരു ന്യൂനപക്ഷമന്ത്രിസഭ ഉറച്ചുനില്ക്കുന്നതിനു് അത്യന്താപേക്ഷിതമായ ആ പിൻതുണയെ വിഭജിക്കുന്നതിനും ശിഥിലീകരിക്കുന്നതിനും പ്രസ്തുത വിഷയങ്ങൾ കാരണമായേക്കാം. ആ ഭൂപരിഷ്കരണനയം കമ്മ്യൂണിസ്റ്റുകാർ ആഗ്രഹിക്കുന്നിടത്തോളം ചെന്നെത്തുന്നില്ലെങ്കിൽ കമ്മ്യൂണിസ്റ്റുകാരുടെ പിൻതുണ മന്ത്രിസഭയ്ക്കു നഷ്ടപ്പെടും; കമ്മ്യൂണിസ്റ്റുകാർ ആഗ്രഹിക്കുന്നിടത്തോളം ചെന്നെത്തുകയാണെങ്കിൽ കോൺഗ്രസിന്റെ പിൻതുണ മന്ത്രിസഭയ്ക്കു നഷ്ടപ്പെടും. എന്നാൽ പ്രകടനപത്രികയിലെ മുക്കാൽ ഭാഗവും മററുപാർട്ടികളാൽ പിൻ

(ശേഷം 11-ാം പേജിൽ)

ദൈവസൃഷ്ടിയല്ലെങ്കിൽ പിന്നെ?

അന്നേനെ!

### ഉപസംഹാരം

കുരങ്ങു മൂത്തു മനുഷ്യനാകുമോ? എന്നുള്ള ചോദ്യത്തിനുത്തരമായി കത്തോലിക്കാ സഭ എന്താണു് പഠിപ്പിക്കുന്നതു് എന്നുള്ളതിനെപ്പററിയും രണ്ടു വാക്കു പറയേണ്ടതുണ്ടു്. ദൈവം മനുഷ്യനെ മണ്ണുകൊണ്ടു മനഞ്ഞുണ്ടാക്കി എന്നും, അവനെ സ്വന്ത സാദൃശ്യത്തിലും സാമ്യത്തിലും ഉരുവാക്കി എന്നും ഉള്ള ആശയങ്ങൾ വാച്യാർത്ഥത്തിൽ ഗ്രഹിക്കേണ്ടതില്ല. പരിണാമവാദം (Evolution Theory) അനുസരിച്ചു ദൈവസൃഷ്ടമായ ഏതെങ്കിലും താണതരം ജീവികൾ ക്രമേണ അഭിവൃദ്ധിപ്രാപിച്ചു്, ആധുനികമനുഷ്യവംശം ഉത്ഭവിക്കുകയുണ്ടായി എന്നു അഭിനവശാസ്ത്രങ്ങൾ നിസ്സംശയം കണ്ടുപിടിക്കുന്നു എങ്കിൽ, അതിൽ സാരാംശത്തിൽ തെററുള്ളതായി സഭ പഠിപ്പിക്കുന്നില്ല. പക്ഷേ, പരിണാമവാദം ജീവിശാസ്ത്രപരമായ ഒരു സിദ്ധാന്തമാണു്. അതു മനുഷ്യാത്മാവിനെ പരാമർശിക്കുന്നതേയല്ല. മനുഷ്യാത്മാവു് ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും നാശമില്ലാത്തതുമാകുന്നു. ഈ ഒടുവിൽ പറഞ്ഞ തത്വം, സനാതനമായ ക്രൈസ്തവവിശ്വാസമാണു്. അതിനു് ഭംഗം വരാതെയുള്ള അഭിനവ നരവംശ ശാസ്ത്രസിദ്ധാന്തങ്ങൾ, കത്തോലിക്കർക്കു നിഷിദ്ധമല്ല. ഏതായാലും സയൻസിന്റെ പേരും പറഞ്ഞു്, നാസ്തികത്വം പ്രചരിപ്പിക്കുവാനുള്ള കമ്മ്യൂണിസ്റ്റ് ഗൂഢതന്ത്രങ്ങളിൽനിന്നും കത്തോലിക്കർ ഒഴിഞ്ഞുമാറേണ്ടിയിരിക്കുന്നു.

ജീവചരിത്രപംക്തി

# നിദയാമിയുടെ ബലി

(വി. സി. ജോർജ്ജ് ബി. എ., എൽ. റ്റി.)

ആ തറവാട്ടിലെ ഏക ബിരുദധാരിണിയാണ് നിയോമി സഹോദരികളോടൊപ്പം സാമാന്യവിദ്യാഭ്യാസത്തിനുശേഷം നിയോമിയെ കുടുംബസ്ഥിതിക്കും പാരമ്പര്യത്തിനും സംസ്കാരത്തിനും യോജിച്ച മറെറാരു കുടുംബത്തിലേക്ക് കെട്ടിച്ചയക്കണമെന്ന് പിതാവിനു താല്പര്യമുണ്ടായിരുന്നുവെങ്കിലും പഠനത്തിലുള്ള അവളുടെ ഉത്സാഹവും ശ്രദ്ധയും ക്ലാസ്സുകളിൽ തോല്ക്കാതുള്ള പുരോഗമനവും നിയോമിയുടെ സ്വഭാവമാധുര്യത്തിലും ആശയശുദ്ധിയിലുമുണ്ടായിരുന്ന മതിപ്പും ആ താല്പര്യം പ്രയോഗത്തിൽ വരുത്തുവാൻ പ്രതിബന്ധമായിത്തീർന്നു സ്ത്രീധനത്തിനായി കരുതിയിരുന്ന ധനവും കെട്ടിയിരിപ്പിൽ തുരുമ്പിച്ചുവശായി എന്നു പറയാം. അങ്ങനെയിരിക്കുകയിലാണ് ഒരു കത്തോലിക്കാ ഹൈസ്കൂളിൽ അദ്ധ്യാപികയായി പോകുവാൻ ആലോചനനടന്നതു്. മറെറാരിടത്തായിരുന്നുവെങ്കിൽ ആ ആലോചന അരനിമിഷം പഴകുകയില്ലായിരുന്നു. ഒരു കത്തോലിക്കാ ഹൈസ്കൂളിൽ, കന്യാസ്ത്രീകളുടെ നിയന്ത്രണത്തിലും സഹകരണത്തിലും കഴിഞ്ഞ ഒരു സ്ഥാപനത്തിൽ, സഹവിദ്യാഭ്യാസം നിഷിദ്ധമായിരുന്ന സാഹചര്യങ്ങളിൽ, ആ ജോലി സ്വീകരിക്കുന്നതിൽ പ്രാതികൂല്യത്തിനാവശ്യമില്ലെന്നു് അമ്മയും സഹോദരിമാരുംചേർന്ന ഒരു ആലോചനായോഗത്തിൽ നിശ്ചയംചെയ്തു. റീത്തുകാരുടെ വകയാണ് സ്കൂളെന്നും റീത്തു കന്യാസ്ത്രീകളാണ് അവിടെ പഠിപ്പിക്കുന്നതെന്നുമുള്ള ചിന്ത ഒരു സഹോദരിയിൽനിന്നു് നേരിയ ഒരു പ്രതിഷേധസ്വരത്തിനു് അവസരം നൽകിയെങ്കിലും കത്തോലിക്കാ സന്യാസിനിമാരെയും അവരുടെ ജീവിതചര്യകളെയും പററി അത്യധികം ബഹുമാനം നിയോമിക്കുണ്ടായിരുന്നതിനാൽ ആ സ്വരത്തിനു് ഉച്ചമായ പ്രതിധ്വനിയേ ലഭിച്ചുള്ളു. ഇങ്ങനെയത്രെ നിയോമി കുന്നങ്കുളം കത്തോലിക്കാ ഹൈസ്കൂളിൽ അദ്ധ്യാപികയായിത്തീർന്നതു്.

ഡിസമ്പർമാസം. രാവിലെ അല്പം മൂടൽമഞ്ഞു കാണാറുണ്ടെങ്കിലും അന്തരീക്ഷം പ്രായേണ കാറും കറപ്പും കൂടാതെയാണ് കഴിയുക. ക്രിസ്തുമസ്സ് ഒഴിവിനായി നിയോമി വീട്ടിൽ വന്നതിനുശേഷം അവിടെ ഒരു നവജീവൻ ഉണ്ടായതുപോലെ തോന്നി. കുഞ്ഞുങ്ങളെ സന്ധ്യാനമസ്കാരത്തിനും പ്രഭാതാരാധനയ്ക്കും ഒരുക്കുന്നതിൽ പ്രധാനഭാരവാഹിത്വം നിയോമി വഹിച്ചിരുന്നു. അവരെ കൂടുതൽ ദൈവസ്നേഹത്തിലേക്കും സദ്‌വൃത്തിയിലേക്കും നിയോമിയുടെ ഓരോ വാക്കും ഓരോ പ്രവൃത്തിയും നയിച്ചുകൊണ്ടിരുന്നു. ഇതിൽ സഹോദരനും, സഹോദരിമാർക്കും പ്രത്യേകം നിയോമിയുടെ അപ്പനമ്മമാർക്കും സന്തോഷം തോന്നി. എട്ടുപത്തു ദിവസം അവധിക്കാലത്തുനിന്നും കൊഴിഞ്ഞുപോയി. അപ്പോഴേക്കും നിയോമി കുടുംബത്തിലെ അവശ്യാവശ്യമായ ഒരംഗമാണെന്നുള്ള ബോദ്ധ്യം കുടുംബാംഗങ്ങളിലും ഇതരരിലും വ്യാപിച്ചു.

"മോളെ, നിയോമി, പള്ളിക്കൂടം തുറക്കുന്നതിനു ഇനിയും മൂന്നോ നാലോ ദിവസമേയുള്ളല്ലോ. ഒരു മാസമോ മറേറാ കഴിഞ്ഞേ നീ പള്ളിക്കൂടത്തിലേക്ക് ചെല്ലുയെന്നൊരെഴുത്തയക്കരുതോ? അക്കാലത്തേക്കുള്ള ശമ്പളം കിട്ടുകയില്ലെങ്കിൽ വേണ്ടാ, നിൻെറ ശമ്പളംകൊണ്ടു കഴിയാൻ ഇവിടെ ആർക്കും ആവശ്യവും ആഗ്രഹവും ഇല്ലെന്നറിയരുതോ?" അമ്മ ചോദിച്ചു.

"എൻെറ പൊന്നമ്മച്ചീ, പള്ളിക്കൂടം തുറക്കുന്നതിൻെറ തലേദിവസം കുന്നങ്കുളത്തെത്താമെന്നു പറഞ്ഞാണ് ഞാൻ പോന്നതു്; അമ്മച്ചി പ്രതിബന്ധമൊന്നുമുണ്ടാക്കരുതേ."

"പ്രതിബന്ധം ഉണ്ടാക്കുകയല്ല. നിൻെറ അപ്പച്ചൻ ഇന്നാൾ പറയുന്നതു കേട്ടു, അടുത്തുതന്നെ, ഈ ജോലി നിറുത്തിവെച്ച്, നിൻെറ വിവാഹാലോചന തുടരേണമെന്ന്. അങ്ങേക്കും പ്രായമായില്ലേ!"

"അപ്പച്ചൻെറ പ്രായാധിക്യം സാരമില്ല. ഇനിയും അപ്പച്ചനും അമ്മച്ചിയും അനേകസംവത്സരം ജീവിച്ചിരിക്കുകയും ചെയ്യും. ആകയാൽ ഞാൻ സ്കൂളിൽ പോകട്ടെ, കല്യാണാലോചന പിന്നെയും ആകാമല്ലോ."

"കുറെമുമ്പ് ഒരിടക്കാരൻ ഇവിടെ വന്നിരുന്നു. ചാലക്കുടിക്കടുത്തു് ഒരു നല്ല കല്യാണാലോചനയുംകൊണ്ടു്. സ്ത്രീധനം ഇവിടെ ഉദ്ദേശിച്ചതിൽ ഒട്ടും കൂടുകയില്ല. കൊച്ചൻ ബി. എൽ പാസ്സായിട്ടുമുണ്ടു്"

"എൻെറ പൊന്നമ്മച്ചീ, എം. എ. ക്കാരുടേയും ബി. എൽ ക്കാരുടേയും സംഗതിയൊന്നും ആലോചിക്കേണ്ടെന്നു് ഞാൻ എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഈ എടക്കാർക്കും വഴികാട്ടികൾക്കും കൊടുക്കുന്ന ചോറും പണവും സാധുക്കൾക്കായിരുന്നുവെങ്കിൽ!"

"ഒരു ഡാക്ടർ ചെറുക്കൻെറ കാര്യം വേറൊരാൾ പറയുന്നതു കേട്ടു. ബി. എൽ. ക്കാരൻ വേണ്ടെങ്കിൽ ആ സംഗതിയാലോചിക്കാം."

"അമ്മച്ചിയെന്തിനിവിധം വർത്തമാനംപറഞ്ഞു ക്ലേശിക്കുന്നു. എന്നെ വക്കീലും ഡാക്ടറും ആരും വിവാഹം ചെയ്യേണ്ട. കാലമാകുമ്പോൾ വരനെ ഞാൻ കണ്ടുപിടിച്ചുകൊള്ളാം. നിങ്ങളെല്ലാവരും എന്നെ അനുഗ്രഹിച്ചാൽ മതി."

അന്നുതന്നെ നിയോമിയുടെ അപ്പനമ്മമാർ തങ്ങളുടെ പുത്രിയെപ്പററി സംസാരിച്ചു: "അവൾക്ക് ഇരുപത്തുവയസ്സിലധികം പ്രായമായി. ബി. എ. പരീക്ഷ ജയിച്ചിട്ടുമുണ്ടു്. ദൈവാനുഗ്രഹത്താൽ അവൾ വഷളന്മാരുടെ കൂട്ടുകെട്ടിൽ ചേരാനിടയില്ല. ആകയാൽ അവൾക്കിഷ്ടമുള്ള വരനെ തിരഞ്ഞെടുത്തുകൊള്ളട്ടെ. ബാക്കികാര്യങ്ങൾ ഞാൻ ചെയ്തുകൊള്ളാം." പിതാവു് ഉപസംഹരിച്ചു.

വി. കൊച്ചുത്രേസ്യായുടെ തിരുനാൾ കുന്നങ്കുളം സന്യാസിനിമന്ദിരത്തിൽ പ്രത്യേകചടങ്ങുകൾക്ക് കാരണമായി. തെരേസാമാർട്ടിൻ സന്യാസിനിമന്ദിരത്തിൽ ചേരുന്നതിനു് പ്രാരംഭമായി സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകളെയും മനോവ്യഥയേയുംപററി അദ്ധ്യാപികമാരും വിദ്യാർത്ഥിനികളും പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളുംവഴി ഗ്രഹിച്ചിട്ടുണ്ടായിരുന്ന സംഗതികൾക്ക് തിരുനാൾദിനം ഒരു നവചൈതന്യം ചാർത്തി. തെരേസാ മാർട്ടിൻ അനുകരണയോഗ്യയായ ഒരു വനിതാരത്നം തന്നെയായിരുന്നുവെന്നു് അവരിൽ പലർക്കുംതോന്നി. നിയോമി വി. കൊച്ചുത്രേസ്യായുടെ ജീവചരിത്രവുമായി പലപ്രാവശ്യം പരിചയപ്പെട്ടിരുന്നു. ആ വിശുദ്ധയെ അനുകരിച്ച് ഒരു സന്യാസിനിയാകുന്നതിനും, പ്രാരംഭമായി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനും ചെയ്തിരുന്ന തീരുമാനം തിരുനാൾദിവസം ദൃഢതരമാകുകയും ചെയ്തു.

വിവരം അപ്പനമ്മമാരും മററു ബന്ധുജനങ്ങളും അറിഞ്ഞപ്പോൾ നിയോമിയുടെ നിശ്ചയത്തിനു് അവരുടെ അംഗീകാരവും സമ്മതവുമുണ്ടായില്ല, പ്രത്യുത ആ കുമാരിയെ അതിൽനിന്നു നിവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും തുടരെത്തുടരെ നടന്നു. എന്നാൽ ദൈവത്തിൽ ആശ്രയിച്ചും മനസ്സാക്ഷി അനുസരിച്ചും ഐഹികജീവിതം നയിക്കണമെന്നു് അഭിവാഞ്ഛയോടെ വർത്തിച്ച നിയോമിയിൽ ഇഷ്ടജനങ്ങളുടെ ഉദ്യമങ്ങൾ വിഫലമായതേയുള്ളു. മാതാപിതാക്കന്മാരുടെ മുഖംനോക്കി അവരുടെ ആഗ്രഹത്തെ നിരാകരിക്കാതെ കഴിക്കണമെന്നു് കരുതി സ്വഭവനത്തിലേക്ക് തിരിച്ചുപോകുവാനും അവൾ സന്നദ്ധയായില്ല. ഇഷ്ടജനവിരഹം അത്യധികം സന്താപജനകമായിരുന്നുവെങ്കിലും എത്ര വലിയ ത്യാഗവും ദൈവതിരുമനസ്സുമായി തന്നെ ബന്ധിക്കുന്നതിലേക്ക് തുലോം തുച്ഛമായി നിയോമി കരുതി.

മാസങ്ങൾ പലതു കഴിഞ്ഞു. നിയോമി കത്തോലിക്കാസഭാംഗമായി. ആവശ്യമായ പരിശീലനശേഷം തിരുവല്ലാരൂപതയിലെ ക്രിസ്ത്വാനുകരണ സന്യാസിനിസഭയിൽ മുറപ്രകാരം പ്രവേശിച്ചു. ഇന്നത്തെ സാഹചര്യങ്ങളിൽ ധാരാളം യാക്കോബായക്കാരും മാർത്തോമ്മാക്കാരും ആംഗ്ലിക്കരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുക കാലത്തിനു് തക്ക ഒരു കോലമായിട്ടേ അഴകത്തുള്ള നിയോമിയുടെ സ്വജനങ്ങൾ കരുതിയുള്ളു. എന്നാൽ ഒരു സന്യാസിനിയാകുക പ്രതിലോമപരമായ ഒരു സാഹസമായി അവർ കരുതി. ഒരു സന്യാസിനിയുടെ ജീവിതം എത്രമാത്രം സ്വാതന്ത്ര്യരഹിതം, ക്ലേശഭൂയിഷ്ഠം, ആശാരഹിതം! മഠത്തിൽ ചേർന്നു കന്യാസ്ത്രീയാകുന്നതു് "ജീവനോടുകൂടി ശവക്കുഴിയിൽ ഇറങ്ങി അവിടെ ഉറങ്ങുവാൻ ശ്രമിക്കുന്നതിനു സമമാണ്". ഒരു ദീനം വന്നെന്നിരിക്കട്ടെ, തിരിഞ്ഞുനോക്കുവാനാരുമില്ലാതെ കരിഞ്ഞുപൊരിഞ്ഞു മരിക്കയാണ് കന്യാസ്ത്രീയുടെ അനുഭവം" എന്നൊരിക്കൽ നിയോമിയെ നിരുത്സാഹപ്പെടുത്തുവാൻ ആരോ പറഞ്ഞപ്പോലും. "രോഗാവസ്ഥയിൽ ശുശ്രൂഷിക്കുവാനാരുമില്ലാതെ കഴിയാനുള്ള ദുരവസ്ഥ ദൈവം എനിക്ക് തരികയില്ല." എന്നായിരുന്നു നിയോമിയുടെ സമാധാനം.

നിയോമി സന്യാസസഭയിൽ നിത്യവ്രതംചെയ്തു മിശിഹായെ വരനായി സ്വീകരിച്ചു. അന്നത്തെ അവളുടെ ആനന്ദാനുഭൂതി വാചാമഗോചരംതന്നെ ക്രിസ്തുവിൽനിന്നു് യാതൊരു ലൗകികവസ്തുവിനും ജഡികവികാരത്തിനും തന്നെ വേർപെടുത്തുവാൻ കഴിഞ്ഞില്ലല്ലോയെന്ന ചിന്ത ഭാവിജീവിതം അവളുടെ ദൃഷ്ടിയിൽ ശോഭനമാക്കിച്ചെയ്തു. എങ്കിലും അവളുടെ ഹൃദയം സമാധാനസമ്പൂർണ്ണമായിരുന്നില്ല. അതിൽ ഇരുളടഞ്ഞ ഒരു കോണുണ്ടായിരുന്നു. തൻെറ അപ്പനമ്മമാരും ഏകോദരസഹോദരങ്ങളും കത്തോലിക്കാസഭയിൽനിന്നു്, നിത്യരക്ഷയുടെ ആ അനന്യസങ്കേതത്തിൽനിന്നു്, വേർപെട്ടു് കഴിയുന്നല്ലോ എന്നുള്ള സ്മരണ നിയോമിയെ സദാ അലട്ടിക്കൊണ്ടിരുന്നു..... സഹപ്രവർത്തകരുമായി സല്ലാപം ചെയ്യുമ്പോളും വിദ്യാർത്ഥിഗണത്തിനു് പ്രബോധനം നൽകുമ്പോഴും പ്രസ്തുത സ്മരണ അവളെ അപഹസിക്കുന്നതായി, അവളുടെ മുമ്പിൽ കർക്കശമായ ഒരു ചോദ്യചിഹ്നം അവതരിപ്പിക്കുന്നതായി, അവൾക്ക് തോന്നി. ദൈവാലയത്തിലെ ശുശ്രൂഷകൾക്കിടയിലും വിശ്രമാവസരങ്ങളിലെ ഏകാന്തതയിലും ഈ ചോദ്യചിഹ്നം അവളെ തുറിച്ചുനോക്കമാറായിരുന്നു. എത്രയെത്ര വിശുദ്ധന്മാരും വിശുദ്ധകളുമാണ് സ്വന്തം ആത്മാവിനെ നിത്യശിക്ഷയിൽനിന്നു പരിരക്ഷിക്കുന്നതിനായി ആയുസ്സും അർത്ഥവും സ്ഥാനമാനങ്ങളും ലോകബന്ധവും ഉപേക്ഷിച്ചിട്ടുള്ളതു്. ഒററപ്പാപംമൂലം മരിയഗൊരേത്തിക്ക് അവളുടെ ജീവനെ രക്ഷിക്കാമായിരുന്നു. ഒററ പ്രഖ്യാപനത്തിനുള്ള വിസമ്മതമത്രെ രാജസഖിത്വവും ഉന്നതസ്ഥാനവും പ്രാണനും ഉപേക്ഷിക്കുവാൻ സർതോമസ്സ് മൂറിനെ പ്രേരിപ്പിച്ചതു്. ഇ പ്രകാരമുള്ള നിരവധി ഉദാഹരണങ്ങൾ കത്തോലിക്കാ സഭാചരിത്രം നൽകുന്ന സ്ഥിതിക്ക് തൻെറ സ്വജനങ്ങളെ കത്തോലിക്കാസഭയിലേക്കാകർഷിക്കുന്നതിലേക്ക് താൻ ഒന്നും ചെയ്യേണ്ടതായിട്ടില്ലയോയെന്നായിരുന്നു നിയോമിയുടെ ചിന്താഗതി. ചിന്തിച്ച്, ചിന്തിച്ച് നിയോമി വേറൊരു ദൃഢനിശ്ചയത്തിലെത്തുന്നു. പുത്രൻെറ ജീവനെ രക്ഷിക്കുവാൻ സ്വജീവൻ സമർപ്പിച്ച മുസ്ലീംരാജാവിൻെറ സ്നേഹാധിക്യം ചരിത്രപ്രകീർത്തിതമാണല്ലോ. സ്വജനങ്ങളുടെ മാനസാന്തരം ഉദ്ദേശിച്ച് നിയോമി സ്വജീവൻ ദൈവത്തിനു് ബലിസമർപ്പിക്കാമെന്നു പ്രതിജ്ഞ ചെയ്തു. ദൈവനാമത്തിൽ, ദൈവമഹത്വം ലാക്കാക്കിയ, ദൃഢപ്രതിജ്ഞ.

നിയോമിയുടെ പ്രതിജ്ഞയുടെ ഭാരം സഹിച്ചുകൊണ്ടു് മാസങ്ങൾ പലതു് നീങ്ങി. നിയോമി കുന്നങ്കുളം വിട്ടു് ചെങ്ങന്നൂരിൽ താമസമായി. പഴയപടി അദ്ധ്യാപനവൃത്തിയും ബാലലോകത്തിൻെറ വിജ്ഞാനനിർമ്മാണവും സ്വഭാവരൂപീകരണവും തന്നെ ജോലി. വടക്കെന്നപോലെ തെക്കും കാണുന്നവരുടെയെല്ലാം കണ്ണിലുണ്ണി, അറിയുന്നവരുടെയെല്ലാം സ്നേഹഭാജനം. മാർച്ച് 18-ാംതീയതി. നല്ലമരണമദ്ധ്യ



**എടക്കുന്നി നസ്രത്തുമഠത്തിലെ ആറു നവകന്യകകളുടെ സഭാവസ്ത്ര സ്വീകരണാവസരത്തിൽ എടുത്ത ഫോട്ടോ. (19-3-54)**

"സിസ്റ്റേഴ്സ് ഓഫ് നസ്രത്തു്" സഭാപ്രവേശനത്തിനുള്ള അപേക്ഷകൾ ഏപ്രിൽ 30-ാം തീയതിവരെയാണ് സ്വീകരിക്കപ്പെടുക.

## ഹൃദയവിപ്ലവം

### പഴകിയ ചിത്രങ്ങൾ

ഫാദർ മാത്യു വരകിപ്പറമ്പിൽ അവർകളാൽ വിരചിതങ്ങളായ ദുഷ്പ്രഭുത്വത്തിൻെറയും, കമ്മ്യൂണിസത്തിൻെറയും ബീഭത്സരൂപങ്ങൾ ഉജ്ജ്വലത്തായ ഭാഷയിൽ സുന്ദരങ്ങളായ ഭാവനകളിൽക്കൂടി ചിത്രീകരിച്ചു കാണിക്കുന്ന— ഗ്രന്ഥകാരൻെറ ജന്മനാടായ മീനച്ചിലിൻെറ മഹിമാവുകളെ വർണ്ണിക്കുന്ന— "ഹൃദയവിപ്ലവം" "പഴകിയ ചിത്രങ്ങൾ" എന്നീ രണ്ടു പുസ്തകങ്ങൾ താഴെപ്പറയുന്ന ഡിപ്പോകളിൽനിന്നു ലഭിക്കുന്നതാണ്.

1. മദ്ധ്യസ്ഥൻ ഓഫീസ്, ചങ്ങനാശ്ശേരി.
2. കത്തോലിക്കാ മിഷ്യൻപ്രസ്സ്, കോട്ടയം.
3. സെൻറ് തോമസ്പ്രസ്സ്, പാലാ.
4. ജനതാപ്രസ്സ്, കാഞ്ഞിരപ്പള്ളി.
5. ജോസഫ് എടേനിക്കാട്ട്, കൊല്ലപ്പള്ളി.
6. വി. എം. ജോസഫ്, കുറവിലങ്ങാട്ട്.
7. മുക്കന്നൂർ എസ്. എച്ച്. ബുക്കുഡിപ്പോ, എറണാകുളം.

സ്ഥനായ മാർ യൗസേപ്പിൻെറ, ആ തൊഴിലാളിവീരൻെറ, മരണത്തിരുനാൾ യഥാവിധി ആഘോഷിക്കുവാൻ ചെങ്ങന്നൂർമഠത്തിൽ നടന്ന സജ്ജീകരണങ്ങളിൽ സിസ്റ്റർ നിയോമി ഉത്സാഹപൂർവ്വം ഭാഗഭാക്കായി. രൂപതാദ്ധ്യക്ഷൻ ജോസഫ് മാർ സെവേരിയോസ് തിരുമനസ്സിലെ സന്ദർശനവും അന്നത്തെ പരിപാടിയിൽപെട്ടു. തിരുമേനി യഥാവിധി സ്വീകരിക്കപ്പെട്ടു. സന്യാസിനികൾ ഭക്തിപൂർവ്വം തിരുമേനിക്കു തിരുനാൾ ഭാവുകങ്ങൾ ആശംസിച്ചു. തിരുമേനി സകലരെയും അനുഗ്രഹിച്ചാശീർവ്വദിച്ചു. തിരുമേനി മഠത്തിൽനിന്നു യാത്ര പുറപ്പെട്ടയുടൻതന്നെ സിസ്റ്റർ നിയോമി അവിടുത്തെ ആശിസ്സുകളാൽ പൂർവ്വാധികം ആദ്ധ്യാത്മികചൈതന്യംപൂണ്ടു് പ്രാർത്ഥനാനിരതയായി ഒരു സഖിയോടുകൂടി ദേവാലയത്തിൽ പ്രവേശിച്ചു. വിശുദ്ധ കുർബാനയുടെ സമക്ഷം ഒരു പായ് വിരിച്ച് ആ കന്യകാദേഹയം സ്വർഗ്ഗവാസികളോടൊപ്പം ദൈവസ്തുതിയിൽ ഏർപ്പെട്ടു. ദിവ്യമണാളൻെറ ആഗമനം പ്രതീക്ഷിച്ചുള്ള വിവേകമതികളായ കന്യകകളുടെ കാത്തിരിപ്പ്!

## ഏജൻസി അറിയിപ്പ്

കുന്ദന്നൂർ (വടക്കാഞ്ചേരി) സത്യദീപം ഏജൻറു മി. എം. ഐ. ലാസർ, തൽസ്ഥാനം ഒഴിഞ്ഞിരിക്കയാൽ പകരം മി. കുരിയാത്തു എം. മേക്കാട്ടുകുളത്തിനെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

ബലിവസ്തുസ്വീകരണത്തിന്നായി മുൾപ്പടപ്പിൽ കണ്ട അറിപ്പുരപ്പിനെ അനുസ്മരിപ്പിക്കുമാറു് നിയോമിയും സഖിയും പ്രാർത്ഥിച്ചുകൊണ്ടിരുന്ന ചെറുദേവാലയത്തിനു് ചുററും മഹാമാരി ചൊരിഞ്ഞു. ആകാശം മേഘാവലിയാൽ ആവൃതമായി. മേഘഗർജ്ജനം ദിഗന്തം മുഴക്കി. കന്യകകൾ പ്രാർത്ഥിക്കുന്നതിൽ അലംഭാവം വരുത്തിയില്ല. കാററിൻെറ ഊററംകൊണ്ടു തുറന്ന വാതിൽ അടയ്ക്കുവാൻ സഖി പായയിൽനിന്നു് നിഷ്ക്രമിച്ചു. ആ ക്ഷണത്തിൽ ഘോരമായ അശനിപാതം. ആ ആകാശവാളിനു് നിയോമി ഊണായി. പത്തു മിനിററുകൊണ്ടു് ആ ഭക്തശിരോമണിയുടെ ദേഹി ദേഹത്തിൽനിന്നു് വേർപെട്ടു. അവളുടെ രോഗശുശ്രൂഷയ്ക്കു ദീർഘകാലം വേണ്ടിയിരുന്നില്ല. വേണ്ടതിലുമധികം ശുശ്രൂകരും ഉണ്ടായിരുന്നു. അങ്ങനെ നിയോമിയുടെ ബലി സ്വീകൃതമായി!!

സിസ്റ്റർ നിയോമിക്കു ഉചിതമായ അന്തിമോപചാരമാണു് ലഭിച്ചതു്. ശ്മശാനയാത്രയിൽ മെത്രാപ്പോലീത്തായും മെത്രാന്മാരും, മോൺസിഞ്ഞോറന്മാരും ഒട്ടുവളരെ വൈദികരും, സന്യാസികളും സന്യാസിനികളും, നാട്ടുകാരും യൂറോപ്യന്മാരും, ബഹുശതം വിവിധ റീത്തുകാരും തൊഴിൽക്കാരും സംബന്ധിച്ചപ്പോൾ കത്തോലിക്കാ സഭയിൽ സന്യാസീസന്യാസിനീകൾക്കു് ആലംബരഹിതമായ ഒരവസ്ഥയല്ലാ ഉള്ളതെന്നു് അവിടെ കൂടിയിരുന്ന അകത്തോലിക്കാസഹോദരങ്ങൾക്കു്, വിശിഷ്യ നിയോമിയുടെ അച്ഛനമ്മമാർ തുടങ്ങിയ സ്വജനങ്ങൾക്കു് പൂർവ്വാധികം ബോദ്ധ്യപ്പെട്ടിരിക്കണം. നിയോമിയുടെ ബലി ഫലവത്തായി പരിണമിക്കട്ടെ!

തിരുസഭാചരിത്രം 24

# കുരിശിൻെറ വിജയം

(പ്രൊഫസർ പി. റി. തോമസ് എം. എ.)

സാമ്രാജ്യത്തിൻെറ ശക്തിയും ഭരണവ്യവസ്ഥയും കൂടുതൽ ദൃഢവല്ക്കരിക്കുന്നതിനുവേണ്ടിയാണു് ഡയക്ലീഷ്യൻ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയതു്. എന്നാൽ അധികാരസ്ഥാനങ്ങൾ കരസ്ഥമാക്കുവാൻവേണ്ടിയുള്ള മത്സരം മൂലം അതു് ആന്തരമായ അസ്വസ്ഥതകൾക്കും ഛിദ്രങ്ങൾക്കും വഴിതെളിച്ചു. കുറേനാളത്തെ ആഭ്യന്തരസമരങ്ങൾക്കുശേഷം മാക്സിമിനസ് ഡാജാ, മാക്സെൻഷ്യസ് (Maxentius), ലിസീനിയസ് (Licinius), കോൺസ്റ്റൻറയിൻ എന്നീ നാലുപേർ സാമ്രാജ്യത്തിൻെറ ഓരോ ഭാഗങ്ങളിൽ ആധിപത്യം സ്ഥാപിക്കയുണ്ടായി. കോൺസ്റ്റൻറയിൻ ബ്രിട്ടൻ, ഗാൾ (Gaul) എന്നീ പ്രദേശങ്ങളുടെ അധിപനായിത്തീർന്നു. ക്രൂരനും, ദുർമ്മാർഗ്ഗിയും, മർക്കടമുഷ്ടിയുമായിരുന്ന മാക്സെൻഷ്യസ് ഇററലി, ആഫ്രിക്കാ എന്നീ പ്രദേശങ്ങളുടെ മേൽ ആധിപത്യം ഉറപ്പിച്ചു. കോൺസ്റ്റൻറയിനെ യുദ്ധത്തിൽ തോല്പിച്ചു് സാമ്രാജ്യത്തിൻെറ പശ്ചിമഭാഗം മുഴുവനിലും തൻെറ ആധിപത്യം പുലർത്തണമെന്നായിരുന്നു മാക്സെൻഷ്യസിൻെറ മോഹം. തൻെറ പ്രതിയോഗിയുടെ ഗൂഢോദ്ദേശ്യങ്ങളെപ്പററി മുൻകൂട്ടിയറിഞ്ഞ കോൺസ്റ്റൻറയിൻ 45000 ഭടന്മാരോടുകൂടി ഇററലിയിൽ പ്രവേശിച്ചു.

സൈന്യം റോമാനഗരത്തിനു് സമീപത്തെത്തിയപ്പോൾ കോൺസ്റ്റൻറയിൻ ആകാശത്തിൽ കുരിശാകൃതിയിലുള്ള ഒരു പ്രകാശം കണ്ടു. മദ്ധ്യാഹ്നത്തിനുശേഷമാണു് ഈ ദർശനമുണ്ടായതു്. "ഈ അടയാളത്തിൽ നീ വിജയം വരിക്കും" (In this sign thou shalt conquer) എന്നു് ആ കുരിശിനു ചുററും എഴുതപ്പെട്ടിരിക്കുന്നതായും ചക്രവർത്തി കണ്ടു. ഈ ദർശനത്തിൻെറ അർത്ഥം എന്തായിരിക്കാമെന്നു് അത്ഭുതപരവശനായി അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്നു. അന്നുദിവസം രാത്രി കോൺസ്റ്റൻറയിൻ നിദ്രാവലംബിയായിരിക്കുമ്പോൾ ക്രിസ്തു അദ്ദേഹത്തിനു് സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും റോമൻ കഴുകനു പകരം കുരിശടയാളം രാജചിഹ്നമായി സ്വീകരിക്കണമെന്നു് ആജ്ഞാപിക്കയുംചെയ്തു. അതനുസരിച്ചു് തൻെറ പടയാളികളുടെ പരിശകളിന്മേലെല്ലാം ക്രിസ്തുവിൻെറ ചിഹ്നം ഉല്ലേഖനം ചെയ്യുവാനും ആകാശത്തിൽ താൻ ദർശിച്ച കുരിശിൻെറ മാതൃകയിലുള്ള ഒരടയാളം പതിച്ച പതാക തൻെറ മുൻപിൽ ആവഹിക്കുവാനും ചക്രവർത്തി ആജ്ഞനൽകി. യൂസീബിയസ് എന്ന ചരിത്രകാരനോടു് കോൺസ്റ്റൻറയിൻതന്നെ മേൽവിവരിച്ച ദർശനങ്ങളെപ്പററി നേരിട്ടു് സത്യംചെയ്തു പ്രസ്താവിച്ചിട്ടുണ്ടു്. യൂസീബിയസ് രചിച്ചിട്ടുള്ള കോൺസ്റ്റൻറയിൻെറ ജീവചരിത്രത്തിൽനിന്നും ഈ വിവരങ്ങൾ നമുക്കു ലഭിക്കുന്നു.

ദൈവികസഹായത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ടു് ശത്രുവിൻെറ ആക്രമണത്തെ നേരിടുവാൻ സന്നദ്ധനായി കോൺസ്റ്റൻറയിൻ നിലകൊണ്ടു. മാക്സെൻഷ്യസ് തൻെറ സൈന്യങ്ങളോടുകൂടി മിൽവിയൻ പാലംവഴി (Milvian Bridge) ടൈബർനദി കടന്നു് കോൺസ്റ്റൻറയിനുമായി ഏററുമുട്ടി. ഘോരമായ ഒരു സമരത്തിനുശേഷം മാക്സെൻഷ്യസിൻെറ സൈന്യം തോറേറാടി. ടൈബർനദിയിൽ വീണു മൃതിയടഞ്ഞ അനേകായിരങ്ങളുടെ കൂട്ടത്തിൽ അവരുടെ നായകനായ മാക്സെൻഷ്യസും ഉൾപ്പെട്ടിരുന്നു. വിധിനിർണ്ണായകമായ ഈ സമരം നടന്നതു് A. D. 312 ഒക്ടോബർ 27-ാം തീയതിയാണു്.

അക്രിസ്തീയലോകത്തിൽ ഈ വിജയം വലിയ പ്രത്യാഘാതങ്ങൾ ജാതമാക്കി. റോമൻ ദേവന്മാരുടെമേൽ ക്രിസ്ത്യാനികളുടെ ദൈവം കൈവരിച്ച ഒരു വിജയമായിട്ടാണു് സാമാന്യജനങ്ങൾ ഇതിനെ പരിഗണിച്ചതു്. ക്രിസ്ത്യാനികൾ വിശ്വസിച്ചാരാധിച്ചുവന്ന ദൈവത്തിൻെറ അതുല്യപ്രഭാവത്തിൻെറ അനിഷേദ്ധ്യമായ ഒരു തെളിവായിട്ടാണു് അവർ കോൺസ്റ്റൻറയിൻെറവിജയത്തെ വീക്ഷിച്ചതു്.

ജനങ്ങളുടെ ഹർഷാരവമദ്ധ്യേ കോൺസ്റ്റൻറയിൻ റോമാനഗരത്തിൽ പ്രവേശിച്ചു. റോമൻസെനററും പൗരാവലിയുംകൂടി ഈ വിജയത്തെ പ്രകീർത്തിക്കുവാൻവേണ്ടി നിർമ്മിച്ച സ്മാരകസ്തംഭം ഇന്നും പുരാതനറോമാനഗരത്തിൻെറ നഷ്ടശിഷ്ടങ്ങളുടെമദ്ധ്യേ നിലകൊള്ളുന്നുണ്ടു്. കോൺസ്റ്റൻറയിൻെറ വിജയം "ദൈവനിശ്ചയ"മായിരുന്നു എന്നു് അതിന്മേൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. കുരിശടയാളത്തോടുകൂടിയ പതാക കൈയിൽ വഹിച്ചുകൊണ്ടുനില്ക്കുന്നതായ കോൺസ്റ്റൻറയിൻെറ ഒരു പ്രതിമ അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം സ്ഥാപിക്കപ്പെട്ടു. "ഞാൻ ഈ ചിഹ്നത്തിൽക്കൂടി നിങ്ങളുടെ നഗരത്തെ മർദ്ദകൻെറ നുകത്തിൽനിന്നും വിമോചിപ്പിച്ചിരിക്കുന്നു" എന്നു് ഈ പ്രതിമയുടെ ചുവട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു.

അടുത്ത വർഷം (A. D. 313-ൽ) കോൺസ്റ്റൻറയിനും പൗരസ്ത്യവിഭാഗത്തെ ഭരണാധിപനായിരുന്ന ലിസീനിയസുംകൂടി മിലാൻനഗരത്തിൽവച്ചു് ഒരു സമ്മേളനം നടത്തുകയും അതിൻെറ പര്യവസാനത്തിൽ ഇരുവരും ചേർന്നുണ്ടാക്കിയ ഒരു ഉടമ്പടി വിളംബരം ചെയ്യുകയുംചെയ്തു. മിലാനിലെ രാജശാസനം (The Edict of Milan) എന്നു് ഈ വിളംബരം ചരിത്രത്തിൽ അറിയപ്പെടുന്നു. പ്രസ്തുത ശാസനം സാമ്രാജ്യത്തിൽ എവിടെയും ക്രിസ്ത്യാനികൾക്കു് പരിപൂർണ്ണമായ ആരാധനാസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും, മതപീഡനകാലങ്ങളിൽ കണ്ടുകെട്ടപ്പെട്ടിട്ടുള്ള വസ്തുവകകൾ അവക്കു് തിരിച്ചുകൊടുക്കുവാൻ വ്യവസ്ഥചെയ്യുകയും ചെയ്തു. ക്രിസ്തീയസഭയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം ഈ പ്രഖ്യാപനം അതുലപ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്നുള്ളതിനു സംശയമില്ല.

അങ്ങനെ ലോകത്തിൽ അന്നുവരെയും അറിയപ്പെട്ടിട്ടുള്ളവയിൽവച്ചു് ഏററവും ബലിഷ്ഠമായ ഒരു സാമ്രാജ്യം നിസ്സഹായരും നിരായുധരുമായ ക്രിസ്ത്യാനികളെ സംഹരിക്കുവാൻവേണ്ടി നടത്തിയ മൂന്നു ശതാബ്ദക്കാലത്തെ സമരം പരിപൂർണ്ണമായി പരാജയമടഞ്ഞു. വിശ്വാസത്തിനുവേണ്ടി ജീവനെ ബലിയർപ്പിച്ച എണ്ണമററ സ്ത്രീകളുടെയും പുരുഷന്മാരുടെയും രക്തസാക്ഷിത്വം റോമാസാമ്രാജ്യത്തിൻെറമേലും അന്നത്തെ ഭൗതികപരിഷ്കാരത്തിൻെറ ബുദ്ധിപരമായ അഹങ്കാരത്തിൻെറയും വൈരാഗ്യത്തിൻെറയുംമേലും വിജയം വരിച്ചു. സത്യവും സ്നേഹവും സഹനവുമാകുന്ന ആയുധങ്ങൾ വഹിച്ച ക്രിസ്തുവിൻെറ സൈന്യം അജയ്യമായ ദൈവികശക്തിയെ അത്ഭുതസ്തബ്ധമായ ലോകത്തിൻെറ മുൻപിൽ പ്രഖ്യാപനം ചെയ്തു.




# ചൈന ഇന്നും റഷ്യയുടെ അടിമയാണ്

വിദൂരപൗരസ്ത്യ ദേശങ്ങളിലെ കമ്മ്യൂണിസ്റ്റ് പ്രവണതകൾ ചർച്ചചെയ്തുകൊണ്ടു മാർച്ച 24-ാനുയിലെ "മാഞ്ചെസ്റ്റർ ഗാർഡിയൻ" ഇങ്ങനെ എഴുതി: "കഴിഞ്ഞ ഏതാനും വാരങ്ങളായി ചൈനയിലും വിദൂരപൗരസ്ത്യദേശങ്ങളിലും പല സംഭവങ്ങളുമുണ്ടായിട്ടുണ്ടു്. ഒരു പക്ഷെ മററു സ്ഥലങ്ങളിൽ ഇക്കാര്യം വേണ്ടപോലെ അറിഞ്ഞിട്ടുണ്ടായിരിക്കയില്ല. ഫെബ്രുവരിമാസത്തിലാദ്യം ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേന്ദ്രക്കമ്മററി യോഗം നടന്നു. കൊറിയൻ യുദ്ധമാരംഭിക്കുന്നതിനു സ്വല്പം മുമ്പു് 1950 ജൂൺമാസത്തിലായിരുന്നു അതു് ഒടുവിൽ കൂടിയതു്. അതിൽ മുഖ്യപങ്കുവഹിച്ചതു കമ്മ്യൂണിസ്റ്റ്തറവാട്ടിലെ ഒരു പ്രധാനിയും കേന്ദ്രക്കമ്മററിയുടെ കാര്യദർശിയുമായ മി ല്യൂഷൗ ചിയാണു്. അദ്ദേഹത്തിൻെറ നീണ്ടപ്രസംഗം, പാർട്ടിക്കുള്ളിൽ ഒരു ശുദ്ധീകരണം നടത്തുമെന്ന ഭീഷണിപോലിരിക്കുന്നു.

സമുന്നതന്മാരായ ചില അംഗങ്ങളുടെ അഹങ്കാരത്തെപ്പററി അദ്ദേഹം പരാതിപ്പെട്ടു. "വ്യക്തികളുടെ പങ്കിനെ അവർ വലുതാക്കിപ്പറയുകയും വ്യക്തിപരമായ അന്തസ്സിനെ പൊന്തിച്ചു കാണിക്കയും ചെയ്യുന്നു. തങ്ങളോടു സമന്മാരായ യാതൊരുത്തരും ഈ വിശാലമായ ലോകത്തില്ലെന്നാണു അവർ വിചാരിക്കുന്നതു്. മുഖസ്തുതിയും അഭിനന്ദനങ്ങളും മാത്രമേ അവർ ശ്രവിക്കൂ. വിമർശനങ്ങളോ മേൽനോട്ടമോ അവർക്കു സഹിക്കാൻ വയ്യ. വിമർശിക്കുന്നവരുടെ നേർക്കു അവർ പകപോക്കും, അവരെ അടിച്ചമർത്തും, തങ്ങളുടെ നേതൃത്വത്തിലുള്ള പ്രദേശങ്ങളും വകുപ്പുകളും തങ്ങളുടെ സ്വതന്ത്രസാമ്രാജ്യങ്ങളായാണു അവർ കണക്കാക്കുന്നതു്".

മി ല്യൂഷൗ ചി ഇവിടെ പ്രസ്താവിച്ച കുററവാളികൾക്കു ബെറിയയുടെയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുമ്പത്തെ "വേദവിരോധി"കളായ ചെൻ തു-ഷ്യൂ, ച്യാങ്ങ് കോ-ടൗ വി ൻെറയും ഗതിതന്നെയായിരിക്കും. ഈ വർഷംതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു സമ്പൂർണ്ണസമ്മേളനം നടത്തണമെന്നു കേന്ദ്രക്കമ്മററി തീരുമാനിച്ചു.

പത്രം തുടരുന്നു: "കേന്ദ്രക്കമ്മററിയുടെ സമ്മേളനം കഴിഞ്ഞയുടനെതന്നെ ചൈനീസ്-സോവ്യററുസഖ്യത്തിൻെറ നാലാമതു വാർഷികം ആഘോഷിക്കുന്നതിലായിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റുകൾ വ്യാപൃതരായിരുന്നതു്. സ്റ്റാലിൻെറ നിര്യാണശേഷം ചില മാററങ്ങളുണ്ടാകുമെന്നും, ചൈന റഷ്യയുടെ ആശ്രിതരാജ്യമല്ലാതായിത്തീരുമെന്നും വിശ്വസിച്ചിരുന്ന കാണികൾക്കു ഇതു യാതൊരാശ്വാസവും നൽകുന്നില്ല. ചൈനക്കു മോസ്കോവിനോടുള്ള

"മാനവവംശത്തിൽ സത്യവും നന്മയുമായുള്ളതെല്ലാം ക്രിസ്തുവിൽനിന്നുത്ഭവിക്കുന്നു. പക്ഷെ അവയുടെ പൂർത്തീകരണം തിരുസഭയിലാണു് മനുഷ്യർ ദർശിക്കുന്നതു്. അതുകൊണ്ടു് കാലാനുചിതമായ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി പങ്കെടുക്കുന്നതിലും നിലവിലുള്ള ആവശ്യങ്ങളേയും വ്യഗ്രതകളേയും സസൂക്ഷ്മം അഭിവീക്ഷിക്കുന്നതിലും കത്തോലിക്കർ സദാപി ഉൽസുകരാകേണ്ടിയിരിക്കുന്നു." —കർദ്ദിനാൾ ഗ്രിഫിൻ

കൃതജ്ഞത പ്രകടിപ്പിക്കുന്നതിനു പയോഗിക്കുന്ന എല്ലാ വാചകങ്ങളും ആവർത്തിക്കപ്പെട്ടു.

"മിക്കവാറും എല്ലാ പ്രസംഗങ്ങളിലും സോവ്യററിൻെറ വമ്പിച്ച നേട്ടങ്ങൾ പരാമർശിച്ചിരുന്നു. പുതിയ ഫാക്ടറികളുടെ ആവശ്യത്തിലേക്കായി റഷ്യയിൽനിന്നു ചൈനക്കു ലഭിച്ചുകൊണ്ടിരിക്കുന്ന യന്ത്രസാമഗ്രികൾ, അമേരിക്കയിലോ ബ്രിട്ടനിലോ നിന്നു കിട്ടാവുന്നതിൻെറ ഇരുപതും മുപ്പതും ശതമാനം വിലക്കുറവുള്ളതാണെന്നു പ്രസംഗങ്ങളിൽ പറഞ്ഞിരുന്നു. ഈ പ്രസ്താവങ്ങളെല്ലാം ഒരുപക്ഷേ ശരിയല്ലായിരിക്കാം. പക്ഷെ വളരെയധികം ജനങ്ങൾ അതു വിശ്വസിക്കും. റഷ്യക്കാരുടെ പക്കലുള്ള പ്രചരണച്ചിട്ടുകളിൽ ഏററവും മെച്ചമായതിലൊന്നു ചൈനയുടെ കൃതജ്ഞതയാണു്".

(ബി. ഐ. എസ്സ്.)

# സെൻറ് വിൻസെൻറ് ഡി പോൾ സഖ്യാംഗങ്ങളും വാർഷികധ്യാനവും

(ഡേവിഡ് മഹാപിള്ള)

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യം ഒരു തികഞ്ഞ ആദ്ധ്യാത്മികസംഘടനയാണ് എങ്കിലും ഇതിൽ നിയമശാസിതങ്ങളായ ആദ്ധ്യാത്മികകടമകൾ തുലോം പരിമിതമാണ്. ഏറെ പ്രാർത്ഥനകളും ഭക്തിപ്രകടനങ്ങളും പ്രായശ്ചിത്തങ്ങളും ഈ സഖ്യത്തിൽ നിർബന്ധിതമാക്കിവച്ചിട്ടില്ല. എന്നാൽ ഇതുകൊണ്ട് ഈവിധ കാര്യങ്ങളിൽ സഖ്യത്തിനു അത്ര നിർബന്ധമില്ലെന്ന് ആരും ധരിക്കരുത്. പ്രത്യുത, മററുള്ളവർക്ക മാതൃകയും പ്രേരണയുമാകത്തക്കവിധം പുണ്യാഭ്യാസങ്ങളിലും എല്ലാവിധ ഭക്താനുഷ്ഠാനങ്ങളിലും അംഗങ്ങൾ നിഷ്കർഷയും സജീവമായ ചൈതന്യവുമുള്ളവരായി നിരന്തരം വർത്തിക്കണമെന്നു സഖ്യത്തിനു നിർബന്ധമുണ്ട്. പക്ഷെ ഇതൊക്കെ നിയമത്താൽ നിർബന്ധിതമാക്കാതെ അംഗങ്ങളുടെ സ്വയം യോഗ്യതയ്ക്കും നന്മനസ്സിനും, അങ്ങനെ സ്വാതന്ത്ര്യാനുഷ്ഠാനത്തിനും വിട്ടിരിക്കുകയാണെന്നുമാത്രം. ഈദൃശകാര്യങ്ങൾ പരപ്രേരണയോ നിർബന്ധമോ കൂടാതെ സ്വമേധയാ നിർവ്വഹിക്കുന്നതാണു കൂടുതൽ യോഗ്യവും ഫലവത്തുമെന്നു പ്രാരംഭപ്രവർത്തകർ നിശ്ചയിച്ചു. ആ നയം അഭംഗമായി ഇന്നും തുടർന്നുവരുന്നു.

ജ്ഞാനധ്യാനം പുണ്യാഭിവൃദ്ധിക്കും അങ്ങനെ ആത്മവിശുദ്ധീകരണത്തിനും അതീവ സഹായകമായ ഒരു മാർഗ്ഗമായി സഖ്യം കരുതുന്നു. മനുഷ്യന്റെ പുണ്യപൂർണ്ണതയും അങ്ങനെ നിത്യരക്ഷയും പ്രാപിക്കുന്നതിനു ഏററം സഹായകരവും ഫലപ്രദവുമായ ഒന്നാണു ജ്ഞാനധ്യാനമെന്നു തിരുസഭാശാസ്ത്രജ്ഞന്മാരും അനേകം വിശുദ്ധന്മാരും സമർത്ഥിച്ചിട്ടുള്ളതാണ്. ധ്യാനം പാപികളുടെ മാനസാന്തരത്തിനു സഹായിക്കുമ്പോൾ, പുണ്യമുള്ളവരെ ഉപരിപുണ്യമുള്ളവരാക്കി ഉയർത്തുന്നു; പുണ്യകാര്യങ്ങളിൽ അലസരും അനാസ്ഥരുമായിട്ടുള്ളവരെ തീക്ഷ്ണതയുള്ളവരാക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ഹൃദയാന്തർഭാഗത്തെ പ്രസ്പഷ്ടമാക്കി കാണിക്കുവാൻ സഹായിക്കുന്ന ഒരു എക്സ്റേയാണു ധ്യാനമെന്നു ചില വിശുദ്ധന്മാർ പറഞ്ഞിട്ടുണ്ട്. ആദ്ധ്യാത്മികമായുള്ള അന്ധകാരത്തെ അകററുന്ന ഒരദ്ധ്യാപകനാണതെന്നു ചില പുണ്യാത്മാക്കൾ സമർത്ഥിച്ചിട്ടുമുണ്ട്.

ആത്മവിശുദ്ധീകരണം ലക്ഷ്യമാക്കിയിട്ടുള്ള സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിലെ അംഗങ്ങൾ പ്രതിവർഷം ഈവിധമുള്ള ധ്യാനത്തിൽ സംബന്ധിക്കണമെന്നു സഖ്യം അതിയായി ആഗ്രഹിക്കുന്നു. ഉപേക്ഷയെന്യേ ഓരോ അംഗവും ഏതെങ്കിലും ധ്യാനത്തിൽ സംബന്ധിക്കുമെന്നു കൗൺസിൽ ജനറൽ പ്രതീക്ഷിക്കുകയും ചെയ്യുന്നു. നിയമത്താൽ വ്യവസ്ഥപ്പെടുത്തിയിട്ടില്ലെങ്കിലും ഇതു അംഗങ്ങളുടെ അനുപേക്ഷണീയമായ ഒരു കർത്തവ്യമാണ്. അംഗങ്ങളുടെ ഈ ചുമതലയെ കൗൺസിൽ ജനറൽ പലപ്പോഴും പലവിധത്തിലും അനുസ്മരിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു പരിശുദ്ധ സിംഹാസനത്തിൽ നിന്നു വിപുലമായ ദണ്ഡവിമോചനങ്ങൾ സഖ്യാംഗങ്ങൾക്കും മാറും പ്രത്യേകമായി അനുവദിച്ചിട്ടുള്ളതു ഇതിന്റെ ആവശ്യത്തേയും പ്രാധാന്യത്തേയും വിളിച്ചറിയിക്കുകയും ചെയ്യുന്നു.

(1) ഏതെങ്കിലും വാർഷികധ്യാനത്തിലെ ഒരു പ്രസംഗത്തിലെങ്കിലും സംബന്ധിച്ച ശേഷം ദിവ്യപൂജയിൽ പങ്കുകൊള്ളുകയും, ദിവ്യകാരുണ്യം സ്വീകരിച്ച മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാ അംഗങ്ങൾക്കും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. (മാനുവൽ പേ 14 —IV. 2)

(2). സഖ്യാംഗങ്ങൾക്കായി നടത്തപ്പെടുന്ന ധ്യാനങ്ങളിലോ, ആദ്ധ്യാത്മിക ഉപദേശപരമ്പരകളിലോ അതിലെ എല്ലാ ചടങ്ങുകളിലും ഭക്തിപൂർവ്വം സംബന്ധിക്കുകയും; അവസാനദിവസം ദിവ്യപൂജയിൽ പങ്കുകൊണ്ടു ദിവ്യകാരുണ്യം സ്വീകരിക്കുകയും, ക്രിസ്തീയരാജ്യങ്ങളുടെ ഐക്യത്തിനും, പാഷണ്ഡതകൾ അവസാനിക്കുന്നതിനും, തിരുസഭയുടെ മേന്മയ്ക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കും, അംഗങ്ങളുടെ പിതാവ്, മാതാവ്, ഭാര്യ എന്നിവർക്കും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാം. അനുതാപത്തോടെ മേല്പറഞ്ഞതിലെ ഏതെങ്കിലും ഒരു ചടങ്ങിൽ സംബന്ധിക്കുകയും മേൽപ്രകാരം പ്രാർത്ഥിക്കുകയും ചെയ്താൽ മേൽപ്പറഞ്ഞവർക്കെല്ലാം 100 ദിവസത്തെ ദണ്ഡവിമോചനം (മാനു. പേ. 144.—IX; 147—II. III.)

3) ഏതെങ്കിലും വാർഷികധ്യാനത്തിന്റെ അവസാനദിവസത്തിൽ നല്ല കുമ്പസാരം കഴിച്ചു വിശുദ്ധകുർബാന സ്വീകരിക്കുകയും, സൂര്യോദയംമുതൽ അസ്തമനത്തിനകമായി ഏതെങ്കിലും ദേവാലയമോ കപ്പേളയോ സന്ദർശിച്ചു മുൻവിവരിച്ചിട്ടുള്ള പ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുന്ന, ഈ സഖ്യത്തിൽനിന്നു സഹായംലഭിച്ചുകൊണ്ടിരിക്കുന്ന ഏതൊരാൾക്കും പൂ. ദ. മോ. പ്രാപിക്കാം. (മാനു. പേ. 145-I)

സഖ്യത്തിന്റെ പ്രാരംഭകാലം മുതൽ സഖ്യാംഗങ്ങൾക്കു പ്രത്യേകമായി ധ്യാനം നടത്തുന്ന ഒരു പാരമ്പര്യമുണ്ട്. കാലാന്തരത്തിൽ കോൺഫറൻസുകൾ വിവിധരാജ്യങ്ങളിലേക്കും വ്യാപിച്ചതോടെ, കൗൺസിലുകളോ കോൺഫറൻസുകളോ ചുമതലപ്പെട്ട് അംഗങ്ങൾക്കുവേണ്ടി പ്രത്യേകം വാർഷിക ഏകാന്തധ്യാനങ്ങൾ നടത്തിവരുന്നു. കേരളത്തിൽ അംഗങ്ങൾക്കു പ്രത്യേകമായുള്ള ധ്യാനങ്ങൾ വളരെ അപൂർവ്വമാണ്. ഇവിടത്തെ സെൻട്രൽ കൗൺസിലുകളുടെ സത്വരശ്രദ്ധയ്ക്കു ഇക്കാര്യം വിഷയീഭവിക്കുമാറാകട്ടെ. ഓരോ സെൻട്രൽ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ അംഗങ്ങൾക്കു മാത്രമായുള്ള ഓരോ ഏകാന്തധ്യാനമെങ്കിലും ഏർപ്പാടുചെയ്യുന്നതു നന്നായിരിക്കും. അംഗങ്ങൾ വാർഷികധ്യാനത്തിൽ സംബന്ധിക്കണമെന്നുള്ള അവരുടെ ചുമതലയെ അനുസ്മരിപ്പിക്കുകയും അതിലേക്കു പ്രേരിപ്പിക്കുകയും ചെയ്യേണ്ട കടമ ഓരോ പ്രസിഡന്റിനുമുള്ളതാണ്. ഇതുപോലെ സെൻട്രൽ കൗൺസിലുകളോ, പ്രാദേശിക കൗൺസിലുകളോ ഇല്ലെങ്കിൽ പ്രധാന കേന്ദ്രങ്ങളിലുള്ള കോൺഫറൻസുകളോ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കുമായി പ്രത്യേകം വാർഷികധ്യാനങ്ങൾ നടത്തുന്നതു ആദരണീയമായിരിക്കും. ഒരു ശനിയാഴ്ച വൈകുന്നേരം തുടങ്ങി തിങ്കളാഴ്ച രാവിലെ അവസാനിപ്പിക്കത്തക്കവിധം ഏകാന്തധ്യാനം, ഒന്നായിട്ടോ പലതവണയായിട്ടോ നടത്തുന്നതു കൂടുതൽ ഫലപ്രദമായിരിക്കും. ഇതിലേക്കുവേണ്ടി വരുന്ന ചിലവുകൾ കോൺഫറൻസിൽനിന്നോ കൗൺസിലിൽനിന്നോ നേരിട്ടോ, പ്രത്യേക പിരിവുമൂലമോ നടത്താവുന്നതും നടത്തേണ്ടതുമാണ്. അപൂർവ്വം ചില സ്ഥലങ്ങളിൽ ഈവിധത്തിലുള്ള ധ്യാനം വളരെ വിജയപൂർവ്വം നടത്തിവരുന്നുണ്ടെന്നുള്ളതു അഭിനന്ദനാപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. തൊഴിലാളികൾക്കും മററുമായി നടത്തുന്ന ഏകാന്തധ്യാനത്തിനു വേണ്ടിവരുന്ന ചിലവു മററു സംഘടനകളിൽനിന്നോ, ഇടവകക്കാര്യത്തിൽനിന്നോ സമുദായപ്രമാണികളിൽനിന്നോ ഒക്കെ ആയി വിഷമമെന്യേ ഉണ്ടാക്കാമെന്നു അനുഭവം തെളിയിക്കുന്നുണ്ട്. ഈവിധ ധ്യാനങ്ങളിൽ രഹസ്യമായ പിരിവിനുള്ള ഒരു പെട്ടിവയ്ക്കുന്നതു ധ്യാനത്തിൽ കൂടുന്നവർക്ക സന്തോഷാവഹവുമായിരിക്കും.

## അടുത്ത യാഴ്ചയിൽ

ഏപ്രിൽ

11 ഞാ: ഓശാനഞായർ

12 തി: ജൂലിയസ്

13 ചൊ: ഹെർമെനെജിൽഡ്

14 ബു: ജസ്റ്റിൻ

15 വ്യാ: ക്രിഷെൻഷ്യ

16 വെ: ദുഃഖവെള്ളി

17 ശ: ദുഃഖശനി

## വിനോദവീഥി



"വയറൊന്നു കുറഞ്ഞുകിട്ടാൻ വൈദ്യൻ പറഞ്ഞതനുസരിച്ച് അത്താഴമുണ് വേണ്ടെന്നു വച്ചിരിക്കയാ—ദോശയും പഴവും മാത്രമാണിപ്പോ രാത്രിഭക്ഷണം."

* * *



"ഞാനേ, എന്റെ ചെരുപ്പെടുത്തുകൊണ്ടു പോവാൻ മറന്നുപോയി!!"

* * *

5 വയസ്സായ ജിമ്മി ഇളയ സഹോദരിയെ നാണയത്തിന്റെ ഉപയോഗം മനസ്സിലാക്കിക്കൊടുത്തുകൊണ്ടു പറഞ്ഞു: ഇതു ഒരണയാണ്. ഇതു കൊടുത്താൽ ഒരു ഓറഞ്ചുകിട്ടും. ഇതു അരയണയാണ്. ഇതു കൊടുത്താൽ 3 മിഠായികിട്ടും. ഇതു ഒരു ശില്ലിയാണ്. ഇതു ധർമ്മം കൊടുക്കാനുള്ളതാണ് (എത്ര കഷ്ടം!)

* * *

തടിയനായ ഭിക്ഷു: "കൊച്ചമ്മ ഞാൻ ജലപാനം കഴിച്ചിട്ടു മൂന്നുദിവസമായി."

യാത്രക്കാരി: "ഓ. വളരെ മനശ്ശക്തിയുള്ള ആളാണ്. തുടന്നു പരീക്ഷിക്കുക. നിങ്ങളുടെ ആരോഗ്യത്തിനു യാതൊരു കോട്ടവും കൂടാതെ ഇനി എത്ര ദിവസങ്ങൾകൂടി നില്ക്കാൻ സാധിക്കുമെന്ന്."

* * *

ഭാര്യ: "ശ്ശോ. ഈ നായ നിങ്ങൾക്കായിട്ടു ഞാൻ പൊരിച്ചുവച്ച ഇറച്ചി തട്ടിത്തിന്നല്ലോ."

ഭർത്താവ്: "നിനക്കായിട്ടു ഞാൻ വേറൊരു നായയെക്കൂടി വാങ്ങിക്കാം; കരയാതെ."

* * *

ഡോക്ടർ: "മാഡം. സാരമില്ല. നിങ്ങളുടെ ഭർത്താവിനു കുറച്ചു വിശ്രമമാണ് തല്ക്കാലം ആവശ്യം. അതുകൊണ്ടു ഞാനൊരു മരുന്നു കൊടുത്തയക്കാം."

ഭാര്യ: "എപ്പോളാണ് അദ്ദേഹത്തിനതു കൊടുക്കേണ്ടതു്?"

ഡോക്ടർ: "അദ്ദേഹത്തിനു വേണ്ട മരുന്നുകളെല്ലാം ഞാൻ കൊടുത്തിട്ടുണ്ട്. അദ്ദേഹത്തെ അല്പം ഉറങ്ങാൻ സമ്മതിക്കുന്നാൽമതി. അതുകൊണ്ടു ഉറക്കത്തിനുള്ള ആ മരുന്നു ഭവതി അങ്ങു സേവിച്ചാൽമതി!

—o—




## എറണാകുളത്തെ ഏകാന്തധ്യാനം

സെൻറ് വിൻസൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽവച്ചു വിശുദ്ധവാരത്തിൽ മലയാളത്തിൽ നടത്തിവരാറുള്ള ഏകാന്തധ്യാനം ഇത്തവണ പ്രസ്തുത സ്കൂളിൽനിന്നു ഉദ്ദേശം ഒന്നര ഫർലോങ്ങ് കിഴക്ക്, ചിററൂർറോഡിന്റെ കിഴക്കുഭാഗത്തുള്ള സെൻറു ആൽബർട്ട്സ് കോളെജ വക സെൻറ് ജോസഫ്സ് ഹോസ്റ്റലിൽവച്ച് നടത്തുന്നതാണ്. ധ്യാനം വലിയബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു ഉയിർപ്പുഞായറാഴ്ച, രാവിലെ അവസാനിക്കുന്നതാണ്.

ധ്യാനഗുരു റവ. ഫാദർ ജോർജ് കൊച്ചുപറമ്പിൽ അവർകൾ. ധ്യാനച്ചിലവു 10ക. ശയ്യോപകരണങ്ങൾ അവരവർ കൊണ്ടുവരണം.

ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ നേരത്തെ താഴെ കാണുന്ന മേൽവിലാസത്തിൽ വിവരം അറിയിക്കയും പണം മുൻകൂറായി അയച്ചുതരികയുംചെയ്യുന്നപക്ഷം മുറികൾ റിസർവ്വ്ചെയ്യുന്നതാണ്. സ്ഥലസൗകര്യങ്ങൾ ഉള്ളിടത്തോളം മാത്രമേ പ്രവേശനം അനുവദിക്കൂ എന്നുകൂടി അറിയിച്ചുകൊള്ളുന്നു.

എന്ന്, സെക്രട്ടറി

മേൽവിലാസം: കെ. ജെ. ആൻറണി, സെൻറു വിൻസൻറ് ഡി പോൾ സഖ്യം സെൻറു തോമസ് കോൺഫറൻസ്, ബ്രോഡ്വേ, എറണാകുളം-1.

## യുവതികൾക്ക് ഏകാന്തധ്യാനം

ആലുവാ.

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടാറുള്ള യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് ഏപ്രിൽമാസം 26-ാംനു (ഇരുപത്തിയാറാംതീയതി) തിങ്കളാഴ്ച വൈകുന്നേരം തുടങ്ങുന്നതും 30-ാംനു (മുപ്പതാംതിയതി) വെള്ളിയാഴ്ച കാലത്തു അവസാനിക്കുന്നതുമാകുന്നു. ധ്യാനഗുരു റവ. ഫാ. മാത്യു മങ്കുഴിക്കരി ആണ്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ്ഫീസ് 8 രൂപാ മാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽമാസം 20-ാംനു (ഇരുപതാംതിയതി) ക്കകം വിവരം അറിയിക്കേണ്ടതാണ്. Mother Superior, Sisters of the Destitute, Chunangamvely, Thottumukam P. O. (Alwaye)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM, APRIL 7, 1954 || No. 32


# അൽമായ പ്രേഷിതത്വം

ഒരു യുവാവ് വൈദികാന്തസ്സിൽ പ്രവേശിച്ചുകൊണ്ടോ, ഒരു യുവാവോ യുവതിയോ സന്യാസാന്തസ്സിലോ മിഷ്യൻപ്രവർത്തനത്തിലോ ഏർപ്പെട്ടുകൊണ്ടോ പ്രേഷിതജോലി നടത്തുന്നു എന്നു പറഞ്ഞാൽ അതെല്ലാവർക്കും മനസ്സിലാകും. അങ്ങിനെയുള്ള ദൈവവിളി സ്വീകരിച്ചു പ്രേഷിതവൃത്തി അവലംബിക്കുന്നവർ അനവധിയുണ്ട്. കത്തോലിക്കർ പ്രത്യേകിച്ചും അവരെ വളരെ ബഹുമാനിക്കുകയും അവർക്കാവശ്യമായ സഹായസഹകരണങ്ങൾ ഉദാരമായി ചെയ്തുകൊടുക്കുന്നതിൽ സന്നദ്ധത പ്രകടിപ്പിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നുണ്ട്. എന്നാൽ സാധാരണജീവിതം നയിക്കുന്ന അൽമായർക്ക അങ്ങിനെയുള്ള ഒരു ദൈവവിളിയോ പ്രേഷിതത്വമോ ഉണ്ടോ?

## ദൈവവിളി

ദൈവവിളി എന്നു വച്ചാൽ, ആ വാക്കുതന്നെ സൂചിപ്പിക്കുന്നതുപോലെ, ദൈവികമായ കാര്യങ്ങളിലേക്കുള്ള ദൈവത്തിന്റെ ഒരു പ്രത്യേകാഹ്വാനമെന്നാണല്ലോ അർത്ഥം. ഏതാദൃശമായ ഒരാഹ്വാനം ലക്ഷ്യമാക്കുന്ന ഉദ്ദേശ്യത്തെ സഫലമാക്കുന്നതിനുള്ള പരിശ്രമത്തിലാണ് പ്രേഷിതത്വം നിലകൊള്ളുന്നത്. പ്രേഷിതൻ എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. ക്രിസ്തുവിന്റെ പ്രേഷിതൻ അവിടുത്തെ ദിവ്യദൗത്യത്തെ വഹിച്ച് അതിനെ ഫലപ്രദമായി നിർവ്വഹിക്കുന്നതിനു പരിയത്നിക്കുന്നവനാണ്. "നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല, പ്രത്യുത ഞാൻ നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനും വേണ്ടിയാണ് ഞാൻ നിങ്ങളെ നിയോഗിക്കുന്നതു" എന്നാണല്ലോ ക്രിസ്തു അവിടുത്തെ അനുയായികളെപ്പററി പറഞ്ഞിട്ടുള്ളതു. ഈ തിരഞ്ഞെടുപ്പും ദൗത്യവും വൈദികരെ മാത്രം സംബന്ധിക്കുന്നതാണോ? അല്ല, അതു ക്രിസ്തുവിന്റെ അനുയായികളെ ഒന്നാകെ ബാധിക്കുന്നതാണ്. ക്രിസ്തുവിന്റെ ദൗത്യം ലോകത്തിൽ സഫലമാക്കുന്നതിനു വേണ്ടിയുള്ള പ്രേഷിതവേലയിൽ ഓരോ കത്തോലിക്കനും പ്രാവർത്തികമായി സഹകരിക്കുന്നതിനുള്ള കടമയുണ്ട്. ക്രിസ്തീയജീവിതത്തിന്റെ സ്വഭാവത്തിൽ ഇതു അന്തർലീനമാണ്.

ഒരു വ്യക്തി ക്രിസ്ത്യാനിയാവുന്നതു മാമ്മോദീസാ എന്ന കൂദാശയുടെ സ്വീകരണംവഴിയായിട്ടാണ്. ഈ കൂദാശ ആ വ്യക്തിയെ ദൈവേഷ്ടപ്രസാദത്തിൽ ക്രിസ്തുവുമായി അഭേദ്യം ബന്ധിക്കുന്നു. ക്രിസ്തു അവനിൽ ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും തുടങ്ങുന്നു. ക്രിസ്തുവിന്റെ പ്രവർത്തനങ്ങളായിരിക്കണം അവനിൽ പ്രത്യക്ഷപ്പെടേണ്ടതു. ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ ഒരു പൂർത്തീകരണമാണ്. ക്രിസ്തു പരിപൂർണ്ണനായ ദൈവവും പരിപൂർണ്ണമനുഷ്യനുമാണ്. അതുകൊണ്ട് അവിടുത്തെ പ്രവൃത്തികളും പരിപൂർണ്ണങ്ങളാണ്. എങ്കിലും അവിടുത്തെ രക്ഷണീയകൃത്യത്തിന്റെ സാഫല്യത്തിൽ ഓരോ ക്രിസ്ത്യാനിക്കും ഒരു വിടവു നികത്താനുണ്ട്, സ്വയരക്ഷ സാധിക്കുക. ക്രിസ്തു അവിടുത്തെ സ്വർഗ്ഗീയപിതാവേല്പിച്ച രക്ഷണീയകൃത്യം പരിപൂർത്തിയാക്കി; എന്നാൽ അതു പരിപൂർണ്ണമായി ഫലപ്രദമാകുന്നതിനു ഓരോ ക്രിസ്ത്യാനിയും സഹകരിക്കേണ്ടിയിരിക്കുന്നു. അവിടുന്നു മാനവവംശത്തിന്റെ സകല പാപങ്ങൾക്കും നീതിയുക്തമായ പരിഹാരം അനുഷ്ഠിച്ചു; പക്ഷെ അതു എല്ലാവരിലും പ്രായോഗികമാകണമെങ്കിൽ ഓരോ ക്രിസ്ത്യാനിയും അതിൽ പങ്കെടുക്കണം. മനുഷ്യൻ സ്വതന്ത്രനാണ്. അവൻ ദൈവത്തെ സ്നേഹിക്കണം എന്നുള്ള ജീവിതലക്ഷ്യം സാധിതമാകണമെങ്കിൽ വ്യക്തിഗതമായ സഹകരണം ഇനിയും ആവശ്യമാണ്. സ്നേഹംവഴിയായി ദൈവഐക്യത്തിൽ ജീവിക്കുന്നതിനു ഒരു മനുഷ്യൻ മനസ്സാകുന്നില്ല എങ്കിൽ ദൈവത്തിനു അവന്റെ സ്വാതന്ത്ര്യത്തെ ആദരിച്ച്, അവനെ കൈവെടിയുകയേ നിവൃത്തിയുള്ളു. അവൻ സ്വയം നിത്യനാശത്തിൽപെടുന്നതിനുള്ള കഴിവു അവന്റെ സ്വാതന്ത്ര്യത്തിൽ അടങ്ങുന്നുണ്ട്.

## പ്രേഷിതത്വം

സ്വന്തം രക്ഷയെ സംബന്ധിച്ചുള്ള ഈ കർത്തവ്യത്തിനു പുറമെ മററുള്ളവരെ സംബന്ധിച്ചും ക്രിസ്തുവിന്റെ രക്ഷണീയദൗത്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള ബാദ്ധ്യതയും ക്രിസ്ത്യാനിയിൽ നിലകൊള്ളുന്നു. ക്രിസ്തുവിന്റെ ദൗത്യത്തിൽ ഇതുകൂടി ഉൾപ്പെടുന്നു. "ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ പോരാതെയുള്ളതു അവിടുത്തെ ശരീരമാകുന്ന തിരുസഭയ്ക്കുവേണ്ടി ഞാൻ എന്റെ ശരീരത്തിൽ പൂർത്തിയാക്കുന്നു" എന്നാണ് വിശുദ്ധ പൗലോസ് ശ്ലീഹാ പ്രസ്താവിച്ചിട്ടുള്ളതു. തിരുസഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്. ഈ മൗതികശരീരത്തിൽ അവിടുത്തെ രക്ഷണീയകൃത്യം തുടർന്നുകൊണ്ടിരിക്കുന്നു. ശരീരത്തിന്റെ എല്ലാ അവയവങ്ങളും അതിൽ സഹകരിച്ചെങ്കിൽ മാത്രമേ ആ കൃത്യം പൂർത്തിയാകുകയുള്ളു. അവിടുന്നു ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ മലയിൽ പ്രസംഗിച്ചപ്പോഴും, ഗ്ലീലായിലെ തടാകതീരത്തുനിന്നു പ്രഭാഷിച്ചപ്പോഴും, ദേവാലയങ്ങളിലെ പ്രസംഗവേദികളിൽ നിന്നു പഠിപ്പിച്ചപ്പോഴും എല്ലാം അവിടുത്തെ ചുണ്ടുകളാണ് ചലിച്ചുകൊണ്ടിരുന്നതു. അവിടുന്നു അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടു ചുററിനടന്നപ്പോൾ അവിടുത്തെ കൈകളും കാലുകളുമാണ് ഇളകിക്കൊണ്ടിരുന്നതു. എന്നാൽ ഇപ്പോൾ അവിടുത്തെ മൗതികശരീരത്തിലെ അവയവങ്ങളാണ് ആ പ്രവർത്തനം തുടരേണ്ടതു. ഇതാണ് തിരുസഭാഗാത്രത്തിലെ എല്ലാ അവയവങ്ങളും ക്രിസ്തുവിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന രംഗം. ഇതുതന്നെയാണ മാമ്മോദീസാ സ്വീകരിച്ചിട്ടുള്ള എല്ലാ ക്രിസ്ത്യാനികളുടേയും പ്രേഷിതത്വവും. ഇതിൽനിന്നൊഴിയുന്നതിനു ആർക്കും സാദ്ധ്യമല്ല.

സുവിശേഷം പ്രസംഗിക്കുന്നതിനു അവിടുത്തെ പ്രേഷിതരും, പാപമോചനം നൽകുന്നതിനും ആത്മാവുകളെ വിശുദ്ധീകരിക്കുന്ന ദിവ്യകൂദാശകൾ അനുഷ്ഠിക്കുന്നതിനും അവിടുത്തെ പുരോഹിതന്മാരും, തിരുസഭയെ ഭരിച്ചു നയിക്കുന്നതിനു അവിടുത്തെ വികാരിയായ മാർപ്പാപ്പായും ശിഷ്യാനുഗാമികളായ മെത്രാന്മാരുമുണ്ട്, ശരിതന്നെ. വൈദികവിഭാഗത്തിന്റെ ഈ പ്രേഷിതത്വം ഔദ്യോഗികമായി നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. എങ്കിലും അതുകൊണ്ട് അൽമായ വിഭാഗത്തിന്റെ പ്രേഷിതത്വത്തിൽ കുറവു വരുന്നില്ല. അതവർ നിർവ്വഹിക്കുകതന്നെ വേണം. അല്ലാത്തപക്ഷം സജീവ അവയവങ്ങളായ അവരുടെ പ്രവർത്തനം എങ്ങിനെ ഉണ്ടാകും? ക്രിസ്തു ദൈവവും മനുഷ്യനുമായിരുന്നതുകൊണ്ടു ലോകത്തിൽവച്ചു അവിടുന്നു നിർവ്വഹിച്ച എല്ലാ പ്രവൃത്തികളിലും ഈ രണ്ടു വിധ ശക്തികളും പ്രതിബിംബിച്ചിരുന്നു. അവ ദൈവികവും അതേസമയത്തു മാനുഷികവുമായിരുന്നു. ഇപ്പോഴും അതേരീതിതന്നെയാണ് തുടരേണ്ടതു. അവിടുത്തെ ദൈവികശക്തി മൗതികശരീരത്തിലെ ഓരോ അവയവങ്ങൾവഴിക്കും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും ഒരവയവം പ്രവർത്തിക്കുന്നില്ലായെങ്കിൽ അതുവഴിക്കു ദൈവികശക്തിയുടെ പ്രവാഹം തടയപ്പെടും; അതായതു അവിടുത്തെ ദിവ്യദൗത്യം വിഫലമാകും. ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ ഓരോ ക്രിസ്ത്യാനിക്കും, അവൻ വൈദികനാകട്ടെ, അൽമേനിയാകട്ടെ, നിശ്ചിതമായ ഒരു പ്രേഷിതവൃത്തി നിറവേററാനുണ്ടെന്നും അതിൽ വരുന്ന കുറവു സ്വാഭാവികമായി ദൈവത്തിന്റെ പരമമായ അഭിലാഷപൂർത്തീകരണത്തിൽ ഒരു വിഘാതമായി വരാതെ തരമില്ലെന്നും. അതുകൊണ്ടാണ് കുടുംബസംരക്ഷണം സംബന്ധിച്ച ജോലിത്തിരക്കിൽ ഏർപ്പെട്ടിരിക്കുന്ന ഭാര്യാഭർത്താക്കന്മാരും, ആപ്പീസുകളിലും വ്യവസായശാലകളിലും ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരും തൊഴിലാളികളും, വയലുകളിൽ അദ്ധ്വാനിക്കുന്ന കർഷകരും, വാണിജ്യത്തിലും ബിസിനസ്സുകളിലും മുഴുകിയിരിക്കുന്ന പ്രവർത്തകരും, ജീവിതത്തിൽ വിശ്രമസുഖമനുഭവിക്കുന്ന വൃദ്ധജനങ്ങളും, ജീവിതക്ലേശങ്ങളിൽ അലഞ്ഞുതിരിയുന്ന അവശരും, രോഗക്കിടക്കകളിൽ വേദനയനുഭവിക്കുന്ന ആതുരരും എല്ലാവരും അവരുടെ ജീവിതസാഹചര്യങ്ങളിൽ അനിവാര്യമായ ഈ പ്രേഷിതത്വത്തെപ്പററി സർവ്വോപരി ശ്രദ്ധിക്കണമെന്നു ഉൽബോധിപ്പിക്കപ്പെടുന്നതു.

കഴിഞ്ഞ മുഖപ്രസംഗത്തിൽ ഞങ്ങൾ വിശദീകരിക്കുകയും പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ നോമ്പുകാല സന്ദേശത്തിൽനിന്നുദ്ധരിച്ചു സ്ഥാപിക്കുകയുംചെയ്ത അൽമായപ്രേഷിതത്വത്തിന്റെ അടിസ്ഥാനം ഇതാണ്. സാധാരണ ജനങ്ങൾ ഇക്കാര്യത്തിൽ വളരെ അവഗണന പ്രദർശിപ്പിച്ചുപോകുന്നുണ്ട് എന്നും അതിനുള്ള പ്രധാനകാരണം വസ്തുതകളെ ശരിയായി ധരിക്കാത്തതാണെന്നും തോന്നുന്നു. പരിശുദ്ധ മാർപ്പാപ്പാമാർ ആധുനികകാലത്തു പ്രത്യേകിച്ചും അൽമായപ്രേഷിതത്വത്തെപ്പററി വളരെ ശക്തിയായ ഉൽബോധനങ്ങളാണ് അടിക്കടി നൽകിക്കൊണ്ടിരിക്കുന്നതു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഇന്നുവരെയുള്ള ഏതു ചാക്രികലേഖനവും, പരസ്യപ്രസ്താവനയും, ഔദ്യോഗികസന്ദേശവും, അഭിമുഖസംഭാഷണവും ഈ വസ്തുതയെ തെളിയിക്കുന്നതിനു മതിയായ രേഖയാണ്. അതുകൊണ്ട് ഈ പ്രേഷിതാരൂപി ഓരോ ക്രിസ്ത്യാനിയിലും സംജാതമാക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും ഒരു ശക്തിയായ പ്രചരണം ആരംഭിക്കേണ്ടിയിരിക്കുന്നു. വിശ്വാസജന്യമായ ഈ കത്തോലിക്കാവീക്ഷണം പ്രബലമാകുന്നതിനും ഓരോ വ്യക്തിയിലും അതിന്റെ ഗുണഫലങ്ങൾ ധാരാളമായി പുറപ്പെടുന്നതിനും ഇടയാകത്തക്കവണ്ണം സംഘടിതമായി പ്രവർത്തിക്കണം.

## പ്രേഷിതരംഗം

അൽമായരുടെ പ്രേഷിതരംഗം തിരുസഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഏറെക്കുറെ വ്യാപിച്ചുകിടക്കുന്നുണ്ട്. അതിൽ വൈദികമണ്ഡലത്തിന്റെ പ്രവർത്തനരംഗങ്ങളിലുള്ള സഹകരണവും, വൈദികർക്കു നേരിട്ടിടപെടുന്നതിനു അസൗകര്യങ്ങളുള്ള രംഗങ്ങളിലെ സവിശേഷമായ പ്രവർത്തനവും ആവശ്യമുണ്ട്. ഈ ആവശ്യകതയെ പരിശുദ്ധ പിതാവു ഊന്നിപ്പറഞ്ഞിട്ടുള്ളതു നാം പ്രത്യേകം അനുസ്മരിക്കണം. "നിങ്ങളുടെ ശക്തിയും കഴിവുകളും വർദ്ധിപ്പിക്കുന്നതിനു കെല്പുള്ളവരും നിങ്ങൾക്കു പ്രവേശിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ നിങ്ങൾക്കുപകരം പ്രവർത്തിക്കുന്നതിനു സന്നദ്ധതയുള്ളവരുമായ സഹകാരികളെ നിങ്ങൾ കണ്ടുപിടിക്കണ"മെന്നാണ് അവിടുത്തെ നോമ്പുകാലസന്ദേശത്തിൽ റോമിലെ ഇടവകവൈദികരെ അവിടുന്നു ഉൽബോധിപ്പിച്ചിട്ടുള്ളതു.

ഇന്നു തിരുസഭയെ വെല്ലുവിളിച്ചുകൊണ്ട്, അവളുടെ ആദർശങ്ങളെ കരിതേച്ചു പ്രദർശിപ്പിച്ചുകൊണ്ട് വിശ്വാസികളെ വഞ്ചിക്കുന്നതിനും തിരുസഭയ്ക്കു പുറത്തുള്ളവരെ അന്ധരാക്കുന്നതിനും നാരകീയശക്തികൾ വിധിനിർണ്ണായകമായ ഒരുഗ്രസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ തിരുസഭയുടെ നിലപാടെന്താണെന്നും ലോകപ്രശ്നങ്ങളിൽ രക്ഷാകരമായ അവളുടെ വീക്ഷണഗതി എന്താണെന്നും ലോകത്തെ കാണിച്ചുകൊടുക്കുന്നതിനു പ്രേഷിതമനോഭാവമുള്ള അൽമായപ്രവർത്തകർക്കു മാത്രമേ കൂടുതൽ സൗകര്യങ്ങളുള്ളു. കത്തോലിക്കാസഭയെക്കുറിച്ചുള്ള തെററായ ധാരണകൾ നീക്കുന്നതിനും അവർവഴിയായി രക്ഷകനായ ക്രിസ്തുവിന്റെ ദിവ്യസന്ദേശം ലോകത്തെ ഗ്രഹിപ്പിക്കുന്നതിനും അൽമായ പ്രേഷിതരാണ് മുമ്പോട്ടുവരേണ്ടതു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിച്ചും ക്രിസ്തീയ പരോപകാരപ്രവൃത്തികൾക്കുള്ള സംഘടനകളിൽ സജീവമായി പ്രവർത്തിച്ചും, സർവ്വോപരി നീതിവിരുദ്ധവും ക്രിസ്തീയസ്നേഹത്തിനു യോജിക്കാത്തതുമായ ജീവിതചര്യകളെ വിട്ടകന്നു ദൈവത്തിന്റെ പിതൃത്വത്തേയും വിശ്വസാഹോദര്യത്തേയും മാതൃകാപരമായി പ്രതിഫലിപ്പിക്കുന്ന ക്രിസ്തീയജീവിതം നയിച്ചും അൽമായപ്രേഷിതർ അണിയണിയായി മുന്നോട്ടുനീങ്ങുന്നുവെങ്കിൽ ക്രിസ്തുവിൽ സമസ്തവും നവീകരിക്കപ്പെടുന്ന പൊന്നുഷസ്സ് അന്ധകാരനിർഭരമായ ലോകചക്രവാളത്തിൽ വിനാവിളംബം തെളിഞ്ഞു പ്രകാശിക്കും.

# പ്രസാധകക്കുറിപ്പുകൾ

## ഏകാന്തധ്യാനക്കാർക്ക് ധനസഹായം നല്കണം

വിശുദ്ധ വാരത്തോടനുബന്ധിച്ച് തിരുക്കൊച്ചിയിലെ പല കത്തോലിക്കാ കേന്ദ്രങ്ങളിലും ഏകാന്തധ്യാനം നടത്താറുണ്ടല്ലോ. ദൈവാനുഗ്രഹത്താൽ ആ നല്ല പതിവ് വർദ്ധിച്ചുവരികയാണ്. മാന്നാനം, ഭരണങ്ങാനം, മുത്തോലി, തൊടുപുഴ, ആലുവ എന്നീ കേന്ദ്രങ്ങളിൽ ഏപ്രിൽ 5, 11, 14 എന്നീ തീയതികളിൽ ആരംഭിക്കുന്നതും മൂന്നു മുഴുവൻദിവസം നീണ്ടുനില്ക്കുന്നതുമായ ഏകാന്തധ്യാനത്തെപ്പററിയുള്ള നോട്ടീസുകൾ പത്രങ്ങളിൽ വന്നുകഴിഞ്ഞു. മററു കേന്ദ്രങ്ങളിലും ഏകദേശം ഈ തീയതികളിൽത്തന്നെ ഏകാന്തധ്യാനം നടക്കുമെന്നുള്ളതിനു സംശയമില്ല. ധ്യാനത്തിൽ സംബന്ധിക്കുന്നവർ ഭക്ഷണച്ചെലവിനു കൊടുക്കേണ്ടതു സാമാന്യേന 10 രൂപയാണെന്നു നോട്ടീസുകളിൽ കാണുന്നു. ഇന്നത്തെ സാഹചര്യങ്ങളിൽ ഈ റേററു കൂടുതലാണെന്നു പറഞ്ഞുകൂടാ. എന്നാൽ ഈ തുകകൊടുത്തും അതിനു പുറമെ യാത്രച്ചെലവു വഹിച്ചും ഈ ഏകാന്തധ്യാനങ്ങളിൽ സംബന്ധിക്കുന്നവർ സാധാരണക്കാരുടെയിടയിൽ വളരെ ചുരുങ്ങിയിരിക്കുമെന്നാണ് തോന്നുന്നതു. ഇത്രയും രൂപാ സ്വന്തം കൈയിൽനിന്നു ചെലവുചെയ്ത് ധ്യാനത്തിൽ സംബന്ധിക്കുവാൻ സാധാരണഗതിയിൽ കഴിവുള്ളവർ പലരും അതിനു മനസ്സില്ലാത്തവരായി കണ്ടേക്കാം. നേരെമറിച്ച് ധ്യാനത്തിൽ സംബന്ധിക്കുവാൻ മനസ്സുള്ള പലരും സ്വന്തം കൈയിൽനിന്നു ചെലവു ചെയ്യാൻ കഴിവില്ലാത്തവരാണെന്നും വരാം. കഴിവില്ലാത്തവരെ ധനസംബന്ധമായി കഴിവുള്ളവരാക്കിത്തീർത്തു, അവരുടെ നന്മനസ്സു പ്രായോഗികമാക്കുവാൻ പൊതുക്കാര്യത്തിന്റെ നേതൃത്വം വഹിക്കുന്ന നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും തങ്ങളാൽ കഴിവുള്ളതു ചെയ്യേണ്ടതല്ലയോ? കത്തോലിക്കാ പ്രവർത്തനപരമായ കാര്യങ്ങളിൽ താല്പര്യവും ഉത്സാഹവും ഉള്ള ചില ചെറുപ്പക്കാർ എല്ലാ ഇടവകകളിലും ഉണ്ടായിരിക്കും. ഏകാന്തധ്യാനത്തിൽ അവരെ സംബന്ധിപ്പിക്കുന്നപക്ഷം അവരുടെ ആ മനോഭാവങ്ങൾ വർദ്ധിപ്പിക്കുന്നതിനും, തങ്ങൾക്കും മററുള്ളവർക്കും ഗുണകരങ്ങളായ പരിശ്രമങ്ങളിൽ കാര്യക്ഷമമായി ഏർപ്പെടുവാൻ അവരെ പ്രാപ്തരാക്കുന്നതിനും സാധിക്കും. ഇടവകപ്പള്ളിയിൽനിന്നോ ഇടവകയിലുള്ള ഭക്തസംഘടനകളിൽനിന്നോ പണം എടുത്തു് അങ്ങനെയുള്ളവർക്കു കൊടുത്തു് അവരെ ഏകാന്തധ്യാനത്തിനയക്കുവാൻ ആ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്. കൂടുതലായി വഴിയേ പറഞ്ഞുകൊള്ളാം.

* * *

## അരിയിനത്തിൽ തിരുക്കൊച്ചിക്കു ഭാരിച്ച നഷ്ടം

ഭക്ഷ്യവിഷയത്തിൽ തിരുവിതാംകൂർ—കൊച്ചിപോലെ ഇത്ര കമ്മിയായ പ്രദേശം ഇൻഡ്യയിൽ വേറെയില്ല. ഇവിടെ ആവശ്യമുള്ളതിന്റെ 60 ശതമാനം പുറത്തുനിന്നുവരണം. മദ്രാസിലാകട്ടെ(ആന്ധ്റാ ഒഴിച്ച്)ആവശ്യമുള്ളതിന്റെ 94 ശതമാനവും അവിടെത്തന്നെയുണ്ടാകുന്നു. ഹൈദ്രാബാദിലെ സ്ഥിതിയും ഇതുതന്നെ. മൈസൂറിൽ ആവശ്യമുള്ള

തിന്റെ 90 ശതമാനവും അവിടെയുണ്ടാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്ന വിലകൂടിയ ഭക്ഷ്യധാന്യവിഭവങ്ങൾ ഏററവും കൂടുതൽ ആവശ്യമുള്ളതു് തിരുക്കൊച്ചിക്കാണു്.

ഇപ്പോൾ അരി ഒരുമന്നിനു് 17 രൂപ വിലയ്ക്കാണു് വില്ക്കുന്നതു്. എന്നാൽ ഇൻഡ്യയിൽത്തന്നെ ഇതരഭാഗങ്ങളിൽനിന്നു് എടുത്തു നമുക്കുതരുന്ന അരിക്കു് ഉദ്ദേശം 20 രൂ. 5 ണ വിലവീഴുന്നു. ഈ നിലയിൽ ആണ്ടോടാണ്ടു് ഭീമമായ നഷ്ടം ഗവമ്മെൻറു സഹിച്ചുപോരുകയാണു്. തിരുക്കൊച്ചി സംയോജനം മുതൽ ഇതുവരെ ഭക്ഷ്യനിയന്ത്രണം ആരംഭിച്ചതിനുശേഷം നാം സ്റ്റേററിനു പുറത്തുനിന്നു് 2595377 ടൺ അരി വാങ്ങേണ്ടിവന്നു. ഇതും സംസ്ഥാനത്തുനിന്നു് എടുത്തതും കൂടിയായിട്ടും 6 ഔൺസ് നിരക്കിൽ അരിറേഷൻ നൽകാൻ കഷ്ടിച്ചേ കഴിഞ്ഞുള്ളു. അരി വരുത്തി റേഷൻ നൽകിയ ഇനത്തിൽ ഇതിനകം മൊത്തം ഇരുപത്തിയൊന്നരക്കോടിയിൽപ്പരം (215422000) രൂപാ ഗവർമെൻറു് നഷ്ടം സഹിക്കേണ്ടിവന്നു. ഈ നഷ്ടത്തിൽ ഉദ്ദേശം പത്തുകോടിയോളം (9904000) രൂപാ കേന്ദ്രമാണു സഹിച്ചതു്. ഇക്കൊല്ലംമുതൽ ഇവിടത്തെ റേഷൻ അരിവില കൂട്ടാതെയും സ്റ്റേററിനു് രണ്ടുകോടി രൂപായിൽ കവിഞ്ഞ നഷ്ടം ഉണ്ടാകാതെയും ഇരിക്കത്തക്ക നിലയിൽ റേഷൻ തുടരാൻ വ്യവസ്ഥചെയ്യാമെന്നും കേന്ദ്രം സമ്മതിച്ചു. അടുത്തകൊല്ലത്തെ കാര്യത്തിൽ ഉറപ്പൊന്നും നൽകപ്പെട്ടിട്ടില്ല. പഴയ നിലതന്നെ തുടരാൻ കേന്ദ്രം സമ്മതിച്ചാലും നമ്മുടെ വാർഷികവരുമാനത്തിന്റെ എട്ടിലൊന്നായ രണ്ടുകോടി രൂപായുടെ നഷ്ടം നാം താങ്ങേണ്ടിവരും.

ഈ യാഥാർത്ഥ്യങ്ങൾ ആരറിയുന്നു? അരിയില്ല, അരിയില്ല എന്നു വിളിച്ചു കൂവാൻ തൊഴിലാളികളേയും മററു പാവങ്ങളേയും കമ്മ്യൂണിസ്റ്റുകാരും അനുഭാവികളും പ്രേരിപ്പിക്കുമ്പോൾ ഈ യാഥാർത്ഥ്യങ്ങൾ ഒളിച്ചുവയ്ക്കുകയാണു് ചെയ്യുന്നതു്. ഐ. മു. അധികാരത്തിൽ വന്നാൽ അരി വയറുനിറയെ ഉണ്ണാൻമാത്രം എല്ലാവർക്കും കൊടുത്തുകൊള്ളാമെന്നു് അവർ വാക്കുപറഞ്ഞു പാവങ്ങളെ കബളിപ്പിക്കുന്നു. അവർ അധികാരത്തിൽ വന്നാൽ അരിപ്രശ്നം കൂടുതൽ വിഷമകരമായിരിക്കുമെന്നാക്കാണറിഞ്ഞുകൂടാത്തതു്?

## പ്രശ്നങ്ങൾ വളരെ, പരിഹാരമാർഗ്ഗങ്ങൾ ചുരുക്കം

അടുത്ത ധനവർഷത്തിൽ തിരുക്കൊച്ചിയിലുദ്ദേശിക്കുന്ന വരവു് 17 കോടിയിൽപ്പരം രൂപായാണു്. ഇതിൽ 8 കോടിയിൽപ്പരം നികുതിയിനത്തിൽ ലഭിക്കുന്നു. ശരാശരി ഒരാളിനു് ഇവിടെ ലഭിക്കുന്ന ആദായവും അയാൾ അടയ്ക്കുന്ന നികുതിയും കണക്കാക്കിയാൽ കാണാം, നികുതിനിരക്കു് അതു് അടയ്ക്കേണ്ടവരുടെ കഴിവിന്റെ പരമാവധിവരെ എത്തിക്കഴിഞ്ഞുവെന്നു്. ഇൻഡ്യ ഒട്ടാകെ എടുത്താൽ ഒരാളിന്റെ ശരാശരി ആദായം ആണ്ടിൽ 265 രൂപയാണു്. ഇവിടെ അതിൽക്കുറവാണു്. ആളാംപ്രതിയുള്ള മുതലെടുപ്പു് ഇവിടെ 182 രൂപയാണു്. അതു് മററു മൂന്നു സംസ്ഥാനങ്ങളിലേതിനെക്കാൾ മാത്രമേ കുറവായിട്ടുള്ളു.

നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ ഇനി വികസിക്കാനില്ല; അത്യാവശ്യമായ ചിലവുകളുടെ ഭാരം വഹിക്കേണ്ടതുണ്ടു്; പുരോഗമനപദ്ധതികളിൽ മുതൽമുടക്കേണ്ടതു് അടിയന്തിരാവശ്യവുമാണു്. ഈ മൗലികകാര്യങ്ങൾ കണ്ടില്ലെന്നോ അറിയുന്നില്ലെന്നോ ഏതു ഗവർമെൻറു് വിചാരിക്കുന്നുവോ ആ ഗവമ്മെൻറിനു് നിലനില്ക്കാൻ അർഹതയില്ല. വരവിന്റെ 7·9 ശതമാനം നിയമസമാധാനപാലനത്തിനും, പൊതുഭരണത്തിനു് 5·3 ശതമാനവും, വിദ്യാഭ്യാസത്തിനു് 19·2 ശതമാനവും, കമ്മ്യൂണിക്കേഷനു് (സിവിൽ വർക്സ്) 15·3 ശതമാനവും, വൈദ്യസഹായത്തിനു് 6·2 ശതമാനവും, പൊതുജനാരോഗ്യത്തിനു് 1·6 ശതമാനവും, റവന്യൂപിരിവിനു് 8·06 ശതമാനവും പോകുന്നു. ഇതെല്ലാം കൂട്ടിക്കഴിച്ചാൽ വരവിന്റെ 35 11 ശതമാനംമാത്രമാണു് ശേഷിക്കുക. ഇതിൽനിന്നുവേണം പെൻഷൻ തുടങ്ങിയ ഇനങ്ങൾക്കുള്ള തുക ഉണ്ടാകാൻ. ഇതെല്ലാം കഴിഞ്ഞു ലഭിക്കുന്ന തുച്ഛമായ മിച്ചത്തിൽനിന്നുവേണം അരിയിനത്തിലെ നഷ്ടം താങ്ങാൻ.

മുകളിലുദ്ധരിച്ച കണക്കുകളെല്ലാം പുതിയ പി. എസ്സ്. പി. ഗവർമെൻറിലെ ധനകാര്യമന്ത്രി ശ്രീ നടരാജപിള്ള ഈയിടെ നടത്തിയ റേഡിയോ പ്രഭാഷണത്തിൽ കൊള്ളിച്ചിരുന്നവയാണു്. നമ്മുടെ സംസ്ഥാനം മററു സംസ്ഥാനങ്ങളെപ്പോലെ നേരിടേണ്ട പ്രശ്നങ്ങൾ പലതും ഗുരുതരവുമാണെന്നു നമുക്കറിയാം. ഭരണം പരിഷ്കൃതമായിരിക്കണം; തൊഴിൽരാഹിത്യത്തിനു് പ്രതിവിധി കാണണം; ഭവനമില്ലായ്മ, അനാരോഗ്യം മുതലായവയ്ക്കു് പരിഹാരമുണ്ടാകണം. ഇങ്ങനെ പോകുന്നു പ്രശ്നങ്ങൾ. മേലുദ്ധരിച്ച കണക്കുകളുടെ വെളിച്ചത്തിൽ ഏതു പൊട്ടക്കണ്ണനും കാണാൻകഴിയും, പ്രസ്തുത പ്രശ്നങ്ങൾക്കു് പരിഹാരങ്ങൾ ഉടനടി ഉണ്ടാകാത്തതിനു് ഗവർമെൻറിനെ പഴിച്ചതുകൊണ്ടു് ഫലമൊന്നുമില്ലെന്നു്, പഴിക്കാൻ ന്യായമൊന്നുമില്ലെന്നു്. പ്രധാനമന്ത്രി ശ്രീ നെഹ്രു ആവർത്തിച്ചാവർത്തിച്ചു് ഉൽബോധിപ്പിച്ചിട്ടുള്ളതുപോലെ ഗവർമെൻറിന്റെ വികസനപരമായ പരിശ്രമങ്ങളോടൊത്തു പൗരന്മാർ കഠിനമായും ഉത്സാഹമായും പ്രവർത്തിക്കണം. അതിനുപകരം പണിമുടക്കുകൾ കൊണ്ടും വിഘ്നകാരികളായ മററു നടപടികളാലും പ്രസ്തുത പരിശ്രമങ്ങൾക്കു് മുടക്കംവരുത്തിയാൽ ദാരിദ്ര്യവും കുഴപ്പവും രാജ്യത്തു് വർദ്ധിക്കുകയേയുള്ളു. അവ വർദ്ധിക്കണമെന്നും അതിന്റെ പ്രത്യാഘാതമായി വിപ്ലവം ഉണ്ടാക്കണമെന്നും അങ്ങനെ അധികാരം പിടിച്ചെടുക്കണമെന്നും ഉദ്ദേശിക്കുന്ന പാർട്ടികളും ഗ്രൂപ്പുകളും സാക്ഷാൽ ജനദ്രോഹികളും രാജ്യദ്രോഹികളുമാണു്.

* * *

## തിരുക്കൊച്ചിയിലെ ഭൂമികൈവശത്തിന്റെ സ്ഥിതിവിവരം

"ചുരുക്കം ചില ആളുകളുടെ കൈയിൽമാത്രം ഭൂമി സഞ്ചിതമാകാതിരിക്കത്തക്കവണ്ണം അതു കൈവശം വയ്ക്കുന്നതിൽ ഒരു പരിധി നിർണ്ണയിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററിയും എന്റെ ഗവമ്മെൻറ് പരിശോധിക്കുന്നതാണു്" എന്നു് രാജപ്രമുഖൻ തിരുമേനിയുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. പ്രസ്തുത സാദ്ധ്യതകളെപ്പററിയുള്ള പരിശോധനയിൽ തീർച്ചയായും പരിഗണിക്കപ്പെടേണ്ടതു് ഭൂമി കൈവശം ഇപ്പോൾ എങ്ങനെയിരിക്കുന്നു എന്ന സംഗതിയാണല്ലോ. അതു സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കാണു് താഴെ ചേർക്കുന്നതു്.

തിരുക്കൊച്ചിയിൽ 5 ഏക്കർ സ്ഥലംവരെ കൈവശം ഭൂമിയുള്ളവർ 4.1 ശതമാനം; അവരുടെ സംഖ്യ 1541; ആ ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 1322 ഏക്കർ. 5മുതൽ 10വരെ ഏക്കർ കൈവശമുള്ളവർ 3. 4 ശതമാനം; അവരുടെ സംഖ്യ 560; ആ ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 368 ഏക്കർ. 10മുതൽ 15വരെ ഏക്കർ കൈവശമുള്ളവർ 1. 3 ശതമാനം. അവരുടെ സംഖ്യ 21; ആ ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 253 ഏക്കർ. 15മുതൽ 25വരെ ഏക്കർ കൈവശമുള്ളവർ 0. 7 ശതമാനം; അവരുടെ സംഖ്യ 11. ആ ഭൂമിയുടെ വിസ്തീർണ്ണം 207 ഏക്കർ. 25മുതൽ 50വരെ ഏക്കർ ഭൂമി കൈവശമുള്ളവർ 0. 3 ശതമാനം; ആ ഭൂമിയുടെ വിസ്തീർണ്ണം 158 ഏക്കർ. 50 മുതൽ 100വരെ ഏക്കർ കൈവശമുള്ളവർ 0. 1 ശതമാനം; ആ ഭൂമിയുടെവിസ്തീർണ്ണം 493ഏക്കർ.

തിരുവിതാംകൂർ പ്രദേശത്തു് 50 ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ള പട്ടദാരന്മാർ2370 ആണു്; അതിൽ 601 എസ്റ്റേററുകളാണു്. ശേഷിക്കുന്നവയുടെ ഗണത്തിൽ മതസ്ഥാപനങ്ങളും ധർമ്മസ്ഥാപനങ്ങളും ട്രസ്റ്റുകളും, കുട്ടനാട്ടിലെ കായൽനിലങ്ങളും ഉൾപ്പെടുന്നു. തിരുവിതാംകൂർ വിഭാഗത്തിൽ ഇപ്പോഴുള്ള കൃഷിഭൂമിയുടെ വിസ്തീർണ്ണം 270000 ഏക്കറും, അവയുടെ പട്ടദാരന്മാർ 18 ലക്ഷവുമാണു്.

പഴയ തിരുവിതാംകൂർ വിഭാഗത്തിൽ ക്ഷേത്രങ്ങളുടെ അധീനതയിൽ 61, 705 ഏക്കർ 69 സെൻറു് ഭൂമിയുണ്ടു്. ക്രൈസ്തവദേവാലയസ്ഥാപനങ്ങളുടെ കൈവശം 10, 763 ഏക്കർ 50 സെൻറു് ഉണ്ടു്. മുസ്ലീംദേവാലയങ്ങളുടെ അധീനത്തിൽ 941 ഏക്കർ 67 സെൻറും, മററു സ്ഥാപനങ്ങളുടെഅധീനത്തിൽ1497 ഏക്കർ 75 സെൻറും ഉണ്ടു്.

### അച്ചുതമേനോൻ കമ്മിററി

തിരുക്കൊച്ചി സംസ്ഥാനത്തിന്റെ ഭൂനയകാര്യങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുവാൻ ശ്രീ കോമാട്ടിൽ അച്ചുതൻ മേനോൻ പ്രസിഡൻറായും തിരുവിതാംകൂറിലും കൊച്ചിയിലുംപെട്ട മററു 10 മാന്യന്മാർ അംഗങ്ങളായും ഒരു കമ്മിററിയെ 1949 സെപ്ററംബർ 24-ാംതീയതി അന്നത്തെ കോൺഗ്രസ്ഗവമ്മെൻറു് നിയോഗിച്ചു. അവരുടെ റിപ്പോർട്ടിലെ കണക്കുകളാണു് മുകളിലുദ്ധരിച്ചതു്. കൈവശത്തേയും ഉടമസ്ഥതയേയും സംബന്ധിച്ചു് ഭൂമിക്കു് പരിധി നിർണ്ണയിക്കുന്നപക്ഷം അതിൽനിന്നു് ചിലതരം ഭൂമികൾ ഒഴിവാക്കപ്പെടേണ്ടതാണെന്നു് ആ കമ്മിററി അഭിപ്രായപ്പെട്ടിട്ടുണ്ടു്. വലിയമ്മ തമ്പുരാൻ കോവിലകം എസ്റ്റേററു്, പബ്ളിക്കു് ചാരിററീസ് അഥവാ ട്രസ്റ്റുകൾ, കോഓപ്പറേററീവു് ഫാമിംഗു് സൊസൈററികൾ, ദേവസ്വം, ക്രൈസ്തവപള്ളികൾ, മുസ്ലീം ദേവാലയങ്ങൾ, യഹൂദദേവാലയങ്ങൾ; റബർ, തേയില, കാപ്പി, ഏലം ഇവ കൃഷിചെയ്യുന്ന തോട്ടങ്ങൾ; കായൽനിലങ്ങൾ, കോൾനിലങ്ങൾ എന്നിവയാണു് ആ ഇനം ഭൂമികൾ.

പ്രസ്തുത കമ്മിററിയുടെ റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങളും ശ്രദ്ധേയങ്ങളാണു്. ഇപ്പോൾ ഓരോരുത്തരും കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം പരിധിയൊന്നും നിശ്ചയിക്കേണ്ടതില്ലെന്നും, ഭാവി കൈവശത്തെ സംബന്ധിച്ചുമാത്രം പരിധിനിർണ്ണയം (ആവശ്യമെങ്കിൽ) ചെയ്താൽ മതിയെന്നുമാണു് ഒരു ശുപാർശ. പരിധി നിർണ്ണയത്തിനു് ആസ്പദമായി കമ്മിററി ശുപാശ്ചെയ്ത വിസ്തീർണ്ണം, ഇരുപൂകൃഷിനിലങ്ങൾക്കു് 50 ഏക്കറും ഒറ്റപ്പൂനിലങ്ങൾക്കു് 75 ഏക്കറും, നാളികേരകൃഷിത്തോട്ടങ്ങളൊഴികെയുള്ള പുരയിടങ്ങൾക്കു 75 ഏക്കറും, നാളികേരത്തോട്ടങ്ങൾക്കു് 50 ഏക്കറും ആണു്.

ഭൂവുടമയ്ക്കു് പരിധി നിശ്ചയിക്കുന്നതും ഭൂമിയില്ലാത്തവർക്കു് ഭൂവുടമ നൽകുന്നതും നല്ലതുതന്നെ. എന്നാൽ ഭൂവുടമക്കാർക്കും രാജ്യത്തിനു പൊതുവിലും ക്ഷേമകരമായിരിക്കാൻ തക്കവിധം വേണം പ്രസ്തുത നടപടികൾ സ്വീകരിക്കുവാൻ. അല്ലെങ്കിൽ ഇപ്പോൾത്തന്നെ അരിപ്രശ്നം ദുർവഹമായിത്തീർന്നിരിക്കുന്ന ഈ സംസ്ഥാനത്തു് കൃഷിയുടെ സ്ഥിതി കൂടുതൽ മോശമാകയും അരിപ്രശ്നം ഇപ്പോഴത്തെക്കാൾ രൂക്ഷമാകയും ചെയ്യും. പി. എസ്സ്. പി. ഗവമ്മെൻറു് കേവലം മുദ്രാവാക്യങ്ങളേയും ആദർശങ്ങളേയും ആശ്രയിക്കാതെ മേല്പറഞ്ഞ യാഥാർത്ഥ്യങ്ങൾ കൺമുൻപിൽ വച്ചുകൊണ്ടുവേണം ഭൂനയപരിഷ്കരണത്തിനു് നടപടികൾ സ്വീകരിക്കുവാനെന്നു് ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6— 8—0

ഇൻഡ്യക്കുപുറമെ " 8—12—0


ആദ്ധ്യാത്മികവീഥി

# മറുപടിക്കത്തു് (6)

ദൈവത്തിന്റെ വത്സലമക്കളേ,

സ്കൂൾ അടയ്ക്കുന്നതിനുമുൻപു് കിട്ടത്തക്കവണ്ണം മറുപടി എഴുതണമെന്നാവശ്യപ്പെട്ടുകൊണ്ടു്, സ്കൂളിലെ മേൽവിലാസത്തോടുകൂടിയ ഒരു കവറും അടക്കംചെയ്തു് ഒരു കുട്ടി എന്റെ പേർക്കു് എഴുതിയിരുന്നു. സ്കൂൾ അടച്ചു നാലു ദിവസത്തിനുശേഷമേ ആ കത്തു എന്റെ പക്കൽ 'വന്നുചേ'ർന്നുള്ളു. ഞാൻ സത്യദീപം ആപ്പീസിൽനിന്നു അനേകംമൈൽ അകലെ ഒരു സ്ഥലത്താണു് പാർക്കുന്നതെന്നുള്ള വസ്തുത ഒരിക്കൽക്കൂടി ഓർപ്പിച്ചുകൊള്ളട്ടെ. ആ കത്തിനുള്ള മറുപടി പത്രംവഴി കൊടുക്കാമെന്നു കരുതുന്നു.

"ഞാൻ ചെറുപ്പത്തിൽ ഒരാളുടെ ഒരു സാധനം അയാളറിയാതെ എടുത്തു. പിന്നീടതു തിരികെക്കൊടുത്തു. തിരിച്ചുകൊടുത്ത സ്ഥിതിക്കു് പാപമില്ലല്ലോ എന്നു കരുതി ആയിടെയുള്ള കുമ്പസാരത്തിലെങ്ങും അതു പറഞ്ഞില്ല. പിന്നീടതുസംബന്ധിച്ചു് സംശയംതോന്നി. എങ്കിലും ഒന്നുരണ്ടു കുമ്പസാരത്തിൽ അതു പറഞ്ഞില്ല. പിന്നത്തെ കുമ്പസാരത്തിൽ വിവരമെല്ലാം പറഞ്ഞുവെന്നാണു് എന്റെ ഓർമ്മ. എങ്കിലും എനിക്കു ലജ്ജയുണ്ടായിരുന്നു എന്നും മററുള്ള സംഗതികളെല്ലാം വിശദമായി പറഞ്ഞോ എന്നൊരു സംശയമുണ്ടു്. ഞാനെന്താണു് ഇനി ചെയ്യാനുള്ളതു്?"

കുഞ്ഞൊരു സംശയപ്രകൃതിക്കാരൻ —ചഞ്ചലമനസ്സാക്ഷിയുള്ളവനാണെന്നു തോന്നുന്നു. സംശയപ്രകൃതിയുള്ളവർ എത്ര പ്രാവശ്യം ഒരേ പാപംതന്നെ കുമ്പസാരിച്ചാലും അവർക്കു തൃപ്തിതോന്നുകയില്ല. കുമ്പസാരക്കാരൻ പറയുന്നതു് കണ്ണുമടച്ചു് അനുസരിക്കുകയല്ലാതെ അവർക്കു വേറെ രക്ഷാമാർഗ്ഗമൊന്നുമില്ല.

കുഞ്ഞിനെ സംബന്ധിച്ചു പറഞ്ഞാൽ ഒരു പ്രാവശ്യം കുമ്പസാരിച്ച സ്ഥിതിക്കു് ഇനി അക്കാര്യത്തെക്കുറിച്ചു ചിന്തിച്ചിട്ടുപോലും ആവശ്യമില്ല. അന്നു കുഞ്ഞു പറഞ്ഞിട്ടുള്ളതിൽ കൂടുതൽ വിവരങ്ങളൊന്നും ആവശ്യമുണ്ടായിരുന്നില്ല. അതുകൊണ്ടു സമാധാനമായിരിക്കുക.

മോഷണത്തെ സംബന്ധിച്ചു് ഒരു തത്വം അറിഞ്ഞിരിക്കുന്നതു കൊള്ളാം. മോഷ്ടിച്ച വസ്തു തിരികെക്കൊടുത്താലും മോഷണം പാപംതന്നെയാണു്. അതിനാൽ ഘനമായിട്ടുള്ള പാപമെങ്കിൽ കുമ്പസാരിക്കുകതന്നെ വേണം. മോഷ്ടിച്ച സാധനം കൊടുക്കാതിരിക്കുകയോ, കുറഞ്ഞപക്ഷം കൊടുക്കാൻ മനസ്സാകാതിരിക്കുകയോ ചെയ്താൽ കുമ്പസാരം അസാധുവായിരിക്കും. തന്മൂലം പാപമോചനം ലഭിക്കുകയില്ല. വസ്തു തിരികെ കൊടുത്തുകൊള്ളാമെന്നുള്ള യഥാർത്ഥമായ പ്രതിജ്ഞയോടുകൂടിയാണു് കുമ്പസാരിക്കുന്നതെങ്കിൽ പാപമോചനം ലഭിക്കും. എങ്കിലും ഉത്തരിപ്പുകടം ശേഷിക്കും. പാടുണ്ടായിട്ടും ആ കടം വീട്ടാതിരുന്നാൽ, തക്ക പരിഹാരംകൂടാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക സാദ്ധ്യമല്ല.

രണ്ടാമത്തെ സംശയത്തിന്റെ സമാധാനം അടുത്ത കത്തിൽ.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്


**പള്ളികളും,**
**വൈദികരും,**
**കന്യാസ്ത്രീകളും,**
**മററു സ്ഥാപനങ്ങളും—**

**ഇവരുടെ ശ്രദ്ധയ്ക്കു്.**

ജബ്കോ ഇലക്ട്രോപ്ലേററിംഗ് ഡിപ്പാർട്ടുമെൻറു് ലോഹനിർമ്മിതമായ അൾത്താരഅലങ്കാര വസ്തുക്കൾ, മെഴുകുതിരിക്കാലുകൾ, ഫ്ളവർവാസ്, ഫ്ളവർസ്റ്റാൻഡു് മുതലായവ പുതിയതാക്കിത്തീർക്കുന്നു.

കുറഞ്ഞനിരക്കിലും ഏററവും ഭംഗിയായ വിധത്തിലും കാസകളടക്കം പള്ളിയിലെ ലോഹനിർമ്മിതമായ വസ്തുക്കൾ പലതും ഇതിനകം ഞങ്ങൾ പല പള്ളികളിലും പ്ലേററു ചെയ്തു കൊടുക്കുകയുണ്ടായി. ഞങ്ങളുടെ പ്ലേററിംഗു് വേലയുടെ മേന്മ താഴെ കൊടുത്തിരിക്കുന്ന സാക്ഷിപത്രം വെളിവാക്കുന്നു.

"ജയഭാരതം കമ്പനി ഈ പള്ളിയിലെ ലോഹനിർമ്മിതമായ കുറെ മെഴുകുതിരിക്കാലുകൾ ഈയിടെ പ്ലേററു ചെയ്തുതരുകയുണ്ടായി. ആ പ്ലേററിംഗു് വേല ഏററവും കുറഞ്ഞ നിരക്കിൽ വളരെ ഭംഗിയായി ചെയ്തുതരുകയുണ്ടായി എന്നു പ്രസ്താവിക്കുന്നതിൽ എനിക്കു് സന്തോഷമുണ്ടു്."

റവ. ഫാ. E. ലോപ്പസ്സ്,
ഉണ്ണിഈശോപ്പള്ളി
എറണാകുളം 1.

പ്രത്യേകനിരക്കുകൾ ആവശ്യപ്പെടുക.

**ജയഭാരതം കമ്പനി**
**എറണാകുളം- 1.**

# തിരുക്കൊച്ചിവാർത്തകൾ

## ഇടവകവാർത്തകൾ

പള്ളുരുത്തി:— സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി സെൻറ് സെബാസ്റ്റ്യൻസ് കോൺഫറൻസിൻെറ ആഭിമുഖ്യത്തിൽ, സ്ഥലത്തും സമീപപ്രദേശങ്ങളിലും ഉള്ള കോൺഫറൻസുകളുടെ ഒരു സംയുക്ത യോഗം 1954 മാർച്ച് 28-ാംനു- സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ഹാളിൽവെച്ചു ബ്രദർ ഡേവിഡ് മഹാപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്നു. റവ. ഫാദർ മാത്യു കോതകത്തു് സദസ്സിനു് സ്വാഗതമരുളി. തുടർന്നു അദ്ധ്യക്ഷൻ സൊസൈററിയുടെ നിയമം, അരൂപി, പാരമ്പര്യം, പ്രവർത്തനം ആദിയായവയെ സംബന്ധിച്ചു് ഒരു "സ്റ്റഡിക്ലാസ്" നടത്തി. അംഗങ്ങളിൽ ഒരു നവോന്മേഷവും, ഉണർവും ഉളവാക്കുവാൻ "സ്റ്റഡിക്ലാസി"നു് കഴിഞ്ഞു. ഏകദേശം രണ്ടരമണിക്കൂർ നീണ്ടുനിന്ന "സ്റ്റഡിക്ലാസി"നു ശേഷം സ്ഥലത്തു് ഒരു പ്രാദേശികകൗൺസിൽ രൂപീകരിക്കുകയും, അതിൻെറ അദ്ധ്യക്ഷനായി ബ്രദർ ബി. എം. പീററർ അവർകളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രാർത്ഥനയോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

കരിങ്കുന്നം:— സ്ഥലം കത്തോലിക്കാ ക്ലബിൻേറയും സെൻറ് അഗസ്റ്റിൻസ് വിൻസെൻറ് ഡി പോൾ കോൺഫറൻസിൻേറയും സംയുക്ത വാർഷികം പാലാ സെൻറ് തോമസ് കോളേജ് വൈസ് പ്രിൻസിപ്പാൾ റവ. ഫാദർ ജോൺ മററം എം. എ. യുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ വി. എം. അഗസ്റ്റിൻ ബി. എസ്‌സി., ബി. എൽ., ശ്രീ കെ. എം. തോമസ് എന്നിവർ പ്രസംഗിച്ചു. ശ്രീ പി. ജെ. തോമസ് ആൻറ് പാർട്ടി "മലബാർ മിഷനറി" എന്ന കഥാപ്രസംഗം നടത്തുകയുണ്ടായി.

മാഞ്ഞൂർ:— ചാമക്കാലാ സെൻറ് ജോൺസ് വിൻസെൻറ ഡി പോൾ കോൺഫറൻസിൻെറ ആഭിമുഖ്യത്തിൽ യുവാക്കന്മാർക്കായി 1-4-54 (ഓശാന ഞായറാഴ്ച) വൈകുന്നേരം മുതൽ ഒരു ഏകാന്തധ്യാനം ആരംഭിക്കുന്നതാണു്. ധ്യാനഗുരു റവ. ഫാദർ ജോർജ് നെടുങ്ങോട്ടിൽ അവർകളാണു്

മണിപ്പുഴ:— സ്ഥലം സൊഡാലിററിയുടേയും, മിഷൻ ലീഗിൻേറയും അംഗങ്ങളായ നൂറിൽപ്പരം ബാലികാബാലന്മാർ, രാവിലെ ദിവ്യകർമ്മങ്ങൾക്കുശേഷം ബ. വികാരിയച്ചൻെറ നേതൃത്വത്തിൽ ഏററം ഭക്തിജനകമായ ഒരു തീർത്ഥയാത്രയായി എട്ടുമണിയോടുകൂടി എരുമേലി അസംപ്ഷൻ ദേവാലയത്തിലേക്കു പുറപ്പെട്ടു.

ഒൻപതുമണിയോടുകൂടി അവിടെ എത്തി, സൊഡാലിററി ഒപ്പീസു്, ജൂബിലി ബന്ധവിമോചനപ്രാർത്ഥനകൾ ഇവ നടത്തി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാദർ ആൻറണി കോയിത്ര ബി. എ. തീർത്ഥകർക്കു് സന്ദർഭോചിതമായ ഒരുപദേശം നൽകി. ലഘുഭക്ഷണാനന്തരം പത്തുമണിയോടുകൂടി തീർത്ഥകസംഘം ക്രമീകൃതമായ രീതിയിൽത്തന്നെ മണിപ്പുഴയിലേക്കു് മടങ്ങി.

## ചരമവാർത്തകൾ

അരുവിത്തുറ:— ഈ പള്ളി ഇടവക പെരുനിലത്തു് ദേവസ്യാ ഏലി വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 91-ാമത്തെ വയസ്സിൽ മാർച്ചു് 12-ാംനു- വെള്ളിയാഴ്ച അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. റവ. ഫാ. തോമസ് അരയത്തിനാൽ എം. ഒ. എൽ. അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും ഒട്ടേറെ ജനങ്ങളുടേയും സാന്നിദ്ധ്യത്തിലും പിറേറ ദിവസം ശവസംസ്കാരം നടന്നു.

പുത്തൻപള്ളി:— "സത്യദീപ"ത്തിൻെറ ജീവിതകാലവരിക്കാരനും സ്ഥലത്തെ ഒരു പ്രമുഖവ്യക്തിയുമായ തളിയത്തു് ഉറുമീസ് പൗലോ മാർച്ച 27-ാംതീയതി തൻെറ 73-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനംമൂലം കർത്താവിൽ നിദ്രപ്രാപിച്ചു. പല ബ. അച്ചന്മാരുടേയും വലിയ ഒരു ജനക്കൂട്ടത്തിൻേറയും സഹകരണത്തിൽ സംസ്കാരകർമ്മങ്ങൾ നിർവ്വഹിക്കപ്പെട്ടു. R. I. P.

### നിയമസഭാസമ്മേളനം

മാർച്ചു് 22-ാംനു- ആരംഭിച്ച തിരുക്കൊച്ചിയിലെ പുതിയ നിയമസഭയുടെ പ്രഥമസമ്മേളനം മാർച്ച 31-ാംനു- കൊണ്ടവസാനിച്ചിരിക്കുന്നു. ഇത്തവണത്തേതു് യഥാർത്ഥത്തിൽ ഒരു ബഡ്ജററുസമ്മേളനമായിരുന്നില്ല. പുതിയ പി. എസ്. പി. ഗവമ്മെൻറിനു അവരുടെ സ്വന്തമായ ഒരു ബഡ്ജററു് തയാറാക്കുവാൻ സമയം ലഭിക്കാഞ്ഞതിനാൽ മുൻകോൺഗ്രസ് ഗവമ്മെൻറ് തയാറാക്കിവച്ചിരുന്നതും കേന്ദ്രഗവമ്മെൻറിൻെറ അംഗീകാരം ലഭിച്ചിരുന്നതുമായ ഒരു താല്ക്കാലികബഡ്ജററാണു് സഭയിൽ അവതരിപ്പിക്കപ്പെട്ടതു്. അടുത്ത നാലുമാസത്തേക്കു് ഉദ്ദേശിച്ചിട്ടുള്ള ഭരണച്ചെലവുകൾക്കു് നിയമസഭയുടെ അനുവാദം വാങ്ങുക എന്നതായിരുന്നു ഇത്തവണത്തെ സമ്മേളനത്തിൻെറ പ്രധാനോദ്ദേശ്യം.

സമ്മേളനാവസരങ്ങളിൽ സഭാംഗങ്ങളുടെ ചോദ്യങ്ങൾക്കുത്തരം നൽകുകയിൽ ഗവമ്മെൻറുപക്ഷത്തുനിന്നും വെളിപ്പെടുത്തപ്പെട്ട ചില വിവരങ്ങൾ താഴെ ചേർക്കുന്നു:

### മത്സ്യവ്യവസായം

സംസ്ഥാനത്തു് ഇപ്പോൾ നാലു മത്സ്യംവളർത്തൽ കേന്ദ്രങ്ങളുണ്ടു്. അവയിൽ മൂന്നെണ്ണം ഗവർമ്മെൻറു നിയന്ത്രണത്തിലും ഒന്നു സ്വകാര്യമേൽനോട്ടത്തിലും നടത്തപ്പെടുന്നു. ഇതിലേക്കു് 248 ഏക്കർ കായൽഭാഗം പാട്ടത്തിനു വിട്ടുകൊടുത്തിട്ടുണ്ടു്. ഉൾനാടുകളിൽ മത്സ്യവ്യവസായം ആരംഭിക്കുന്നതിനു് 20,000ക. ഇത്തവണ നീക്കിവച്ചിട്ടുണ്ടു്. അതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

### ട്രാൻസ്പോർട്ട്

ട്രാൻസ്പോർട്ടു ദേശീകരിക്കുകയാണു് ഗവമ്മെൻറിൻെറ നയം. ഇപ്പോൾ ദിവസം 1230 പ്രൈവററു ബസ്സുകളും 310 സ്റ്റേററ് ട്രാൻസ്പോർട്ടു ബസ്സുകളും സംസ്ഥാനത്തു സർവ്വീസു് നടത്തുന്നുണ്ടു്. പ്രൈവററു ബസ്സുകളിൽ 25 ശതമാനംവരെ ആളുകൾ നിന്നു യാത്രചെയ്യുവാൻ അനുവദിച്ചിട്ടുണ്ടു്. സ്റ്റേററുബസ്സുകളിൽ അതു യും പാടില്ല.

### കൃഷി

സംസ്ഥാനത്തു് ഇതിനകം 450 ഏക്കർ സ്ഥലത്തു് ജപ്പാൻ കൃഷിസമ്പ്രദായം പരീക്ഷിച്ചുനോക്കി. ഈ പരീക്ഷണംകൊണ്ടു് ഏക്കറിനു് 600 മുതൽ 700 വരെ റാത്തൽ വിളവു ലഭിക്കുമെന്നു കണ്ടിരിക്കുന്നു. 1952-53ൽ സക്കാരിൽനിന്നു് 4264 രൂപാ വിലയ്ക്കുള്ള കാർഷികോപകരണങ്ങൾ സഹായവിലയ്ക്കു് കൃഷിക്കാർക്കു വിതരണം ചെയ്യുകയുണ്ടായി.

### പഞ്ചായത്തുകൾ

ആകെ 550 പഞ്ചായത്തുകളാണു് തിരുക്കൊച്ചിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതു്. അവയിൽ 548-ം സംഘടിപ്പിച്ചുകഴിഞ്ഞു. ഇനി രണ്ടെണ്ണം ദേവികുളം പീരുമേട്ടിൽ സ്ഥാപിക്കാനുണ്ടു്.

### ഖദർമാത്രം

ഗവമ്മെൻറ് ആവശ്യങ്ങൾക്കു് ഖദർമാത്രമേ വാങ്ങാവൂ എന്നും ഖദർ കിട്ടാതെ വന്നാൽ കൈത്തറിവസ്ത്രങ്ങൾ വാങ്ങിക്കൊള്ളണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

### മദ്യനിരോധനം കർശനമാക്കുന്നു

സംസ്ഥാനത്തു് മദ്യനിരോധനം നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അതു കൂടുതൽ കർശനമാക്കുന്നതിനു് തത്സംബന്ധമായി തിരുവനന്തപുരം സെക്രട്ടറിയേററിൽ കൂടിയ ഹൈലവൽ കോൺഫറൻസ് തീരുമാനിച്ചിരിക്കുന്നു. മദ്യനിരോധനഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കൂടുതൽ വിജയപ്രദമാക്കുന്നതിനു് പോലീസ് ഡിപ്പാർട്ടുമെൻറ് അതിനോടു സഹകരിച്ചു പ്രവർത്തിക്കണമെന്നും മദ്യാംശം കലർന്ന മരുന്നുകൾ (എസ്സൻസ്) വില്ക്കുന്നതിനെ നിരോധിക്കണമെന്നും പ്രസ്തുത കോൺഫറൻസ് തീരുമാനിക്കുകയുണ്ടായി.

### മന്ത്രിമാരുടെ ശമ്പളം

തിരുക്കൊച്ചി മന്ത്രിമാരുടെ ശമ്പളം 500ക. യായി കുറവുചെയ്യാൻ ഏപ്രിൽ 1-ാംനു- കൂടിയ കാബിനററു തീരുമാനിച്ചിരിക്കുന്നു. തിരുക്കൊച്ചി പെയ്മെൻറു ഓഫ് സാലറീസ് ആക്റ്റിൽ ഒരു മന്ത്രിക്കു് 700ക. ശമ്പളവും അലവൻസുമാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

### കൗൺസിൽ ഓഫ് സ്റ്റേററ്സിലേക്കു്

കേന്ദ്രകൗൺസിൽ ഓഫ് സ്റ്റേററ്സിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ശ്രീമതി ഭാരതി ഉദയഭാനു (കോൺഗ്രസ്) മി. എൻ. സി. ശേഖർ (കമ്മ്യൂണിസ്റ്റ്) എന്നിവർ വിജയികളായിരിക്കുന്നു. ഈ തിരഞ്ഞെടുപ്പിൽ ഐക്യമുന്നണിയിലെ രണ്ടു ഘടകങ്ങളായ കമ്മ്യൂണിസ്റ്റ്പാർട്ടിയും ആർ. എസ്. പി. യും പരസ്പരം മത്സരിക്കുകയും ആർ. എസ്. പി. സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി വിജയം വരിക്കുകയുമാണു ചെയ്തതു്.

### തിരുവനന്തപുരത്തു ഹൈക്കോടതി ബഞ്ചു്

മദ്ധ്യവേനൽ അവധി കഴിഞ്ഞാലുടനെ തിരുക്കൊച്ചി ഹൈക്കോടതിയുടെ ഒരു ബഞ്ചു് വഞ്ചിയൂരിൽ പഴയ ഹൈക്കോടതി ബിൽഡിംഗിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

### തിരുക്കൊച്ചിക്കാർ ആൻഡമാൻസിൽ

ആൻഡമൻദ്വീപുകളിൽ കുടിയേറിപ്പാർക്കുന്നതിനായി തിരുക്കൊച്ചിയിൽനിന്നും പുറപ്പെട്ട 200 ഓളം അംഗങ്ങളടങ്ങിയ 40 കുടുംബങ്ങൾ അവിടെ എത്തിച്ചേർന്നിരിക്കുന്നു. അവരിൽ കൃഷിക്കാരായ കുടുംബങ്ങൾക്കു് അഞ്ചേക്കർ നിരപ്പുഭൂമിയും അഞ്ചേക്കർ മലമ്പ്രദേശവുംവീതം നൽകപ്പെടുന്നതാണു്. ഇവിടെനിന്നും യാത്രതിരിക്കുന്നതിനു മുമ്പായി അവക്കു് ഒരു മാസത്തെ ചെലവിനുള്ള റേഷനരിയും 4 ക യും ഗവമ്മെൻറിൽനിന്നും നൽകുകയുണ്ടായി. കൂട്ടത്തിൽ മീൻപിടുത്തക്കാരായിട്ടുള്ളവരുടെ കുടുംബങ്ങൾക്കു് വലകളും രണ്ടേക്കർവീതം സ്ഥലവും നൽകപ്പെടുന്നതായിരിക്കും. കുടിയേറിപ്പാർപ്പിനുള്ള അടുത്ത സംഘം കുടുംബങ്ങൾ വരുന്ന ജൂൺമാസത്തിൽ ഇവിടെനിന്നും പുറപ്പെടുന്നതാണു്. അതാതു ഡിസ്ട്രിക്ട് കളക്ടർമാരായിരിക്കും കുടുംബങ്ങളെ തിരഞ്ഞെടുക്കുക.

## ഇൻഡ്യാവാർത്തകൾ

### മദ്രാസ് കോൺഗ്രസ് പാർട്ടി ലീഡർ

അനാരോഗ്യം നിമിത്തം ശ്രീ രാജഗോപാലാചാരി തൻെറ മുഖ്യമന്ത്രിപദവും കോൺഗ്രസ് പാർട്ടി നേതൃസ്ഥാനവും രാജിവച്ചതിനെത്തുടർന്നു് മദ്രാസ് കോൺഗ്രസ് പാർലമെൻററി പാർട്ടി മാർച്ചു് 30-ാംനു- സമ്മേളിച്ചു് ലീഡറായി ശ്രീ കാമരാജനാടാരെ തിരഞ്ഞെടുത്തിരിക്കുന്നു. മി. നാടാർക്കു് 93 വോട്ടും എതിർസ്ഥാനാർത്ഥിയായിരുന്ന മി. സി. സുബ്രഹ്മണ്യത്തിനു് (ധനകാര്യമന്ത്രി) 41 വോട്ടും ലഭിക്കുകയുണ്ടായി.

### ഫ്രഞ്ചിൻഡ്യയിൽ

പോണ്ടിച്ചേരി, മാഹി, കരൈക്കൻ തുടങ്ങിയ ഫ്രഞ്ച് ഇൻഡ്യൻ പ്രദേശങ്ങൾ ഇൻഡ്യാ യൂണിയനിൽ ലയിപ്പിക്കുവാൻ അവിടത്തെ ഭരണകക്ഷിയായ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ പ്രക്ഷോഭണമാരംഭിച്ചിരിക്കുന്നു. ഫ്രഞ്ചിൻഡ്യയിലെ മന്ത്രിമാരും നിയമസഭാംഗങ്ങളും നഗരസഭകളും ലയനവാദത്തെ പ്രകടമായി അനുകൂലിച്ചിരിക്കുന്ന സ്ഥിതിക്കു് ഇനി തൽസംബന്ധമായി ഒരു ജനഹിതപരിശോധന ആവശ്യമില്ലെന്നാണു് പ്രക്ഷോഭണകാരികൾ വാദിക്കുന്നതു്. നിയമലംഘകരെ അറസ്റ്റുചെയ്യുവാൻ ഗവർമ്മെൻറ് അറസ്റ്റുകളും ലാത്തിച്ചാർജ്ജുകളും വെടിവയ്പുകളും നടത്തുന്നുണ്ടു്. മി. ഇ. ഗൗബർട്ടു്, മി. മുത്തുകുമരപ്പറെഡിയാർ എന്നീ രണ്ടു മന്ത്രിമാരെ ഫ്രഞ്ചിൻഡ്യൻ കാബിനററിൽനിന്നും ഡിസ്മിസ് ചെയ്തിരിക്കുന്നു. ലയനവാദികൾ രാജ്യത്തെ വിവിധകക്ഷികളുടെ സഹകരണത്തോടുകൂടി അവരുടെ പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിവരികയാണു്. മാർച്ചു് 30-ാംനു- യോടുകൂടി മൂന്നു ഫ്രഞ്ചിൻഡ്യൻ ഗ്രാമങ്ങളിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിനും ഫ്രഞ്ചു പതാകകളുടെ സ്ഥാനത്തു് ഇൻഡ്യൻ പതാകകൾ ഉയർത്തുന്നതിനും അവർക്കു കഴിഞ്ഞിരിക്കുന്നു.

### ഇൻഡ്യയിലെ പോർട്ടുഗീസ് സങ്കേതങ്ങൾ

ഇൻഡ്യയിലെ പോർട്ടുഗീസ് സങ്കേതങ്ങളായ ഗോവാ, ഡാമൻ, ഡ്യൂ എന്നീ പ്രദേശങ്ങളെ ഇൻഡ്യക്കു വിട്ടുതരണമെന്നുള്ള ഇൻഡ്യാഗവമ്മെൻറിൻെറ വാദം പോർട്ടുഗീസ് ഗവർമ്മെൻറ് നിരസിക്കുകയാൽ കഴിഞ്ഞ ജൂൺമാസം മുതൽ ലിസ്ബണിലെ ഇൻഡ്യൻ ലഗേഷൻ നിർത്തലാക്കിയിരിക്കയാണല്ലോ. ഇതേത്തുടർന്നു്, ഗോവയെ ഇൻഡ്യൻ യൂണിയനിൽ ചേർക്കണമെന്നു വാദിച്ച ഡോക്ടർ ഗായിറോണ്ടിയെ പോർട്ടുഗീസധികാരികൾ അറസ്റ്റു ചെയ്യുകയുണ്ടായി. ഇതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള ഇൻഡ്യാഗവമ്മെൻറിൻെറ കുറിപ്പിനു്, പോർട്ടുഗീസ് സ്റ്റേററിനെതിരായി കുററംചെയ്ത ഡോ. ഗായിറോണ്ടിയെ ശിക്ഷിക്കാൻ പോർട്ടുഗലിനധികാരമുണ്ടെന്നും ഒരു വിദേശരാഷ്ട്രമായ ഇൻഡ്യക്കു് അതിൽ ഇടപെടുവാനവകാശമില്ലെന്നും പോർട്ടുഗീസ് ഗവർമ്മെൻറ് മറുപടി നൽകിയിരിക്കുന്നു.

## വിദേശവാർത്തകൾ

### മാർപ്പാപ്പാ പ്രധാന കാർമ്മികത്വം വഹിക്കും

ഭാഗ്യസ്മരണാർഹനായ 10-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ വിശുദ്ധപദത്തിലേക്കുള്ള നാമകരണം മേയ്മാസം 29 ാംനു- നടത്തുന്നതിനാണല്ലോ തീരുമാനിച്ചിട്ടുള്ളതു്. ഇപ്പോൾ ആലസ്യവിമുക്തനായിവരുന്ന പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമേനി പ്രസ്തുത വിശുദ്ധകർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിക്കുന്നതാണെന്നു "ഒസ്സർവത്തോരെ റൊമാനോ" പത്രം പ്രസ്താവിക്കുന്നു.

### ലേബർ ചാപ്ലയിൻമാർ

ഇററലിയിലെ പെസ്കാറാ എന്ന സ്ഥലത്തുള്ള വ്യവസായകേന്ദ്രങ്ങളിലെ തൊഴിലാളികൾക്കായി അവിടത്തെ മെത്രാൻ 5 വൈദികരെ ലേബർ ചാപ്ലയിൻമാരായി നിയമിച്ചിരിക്കുന്നു. അവർ വ്യവസായശാലകളിൽ തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതും, അവർക്കുവേണ്ടി സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾ രൂപവൽക്കരിക്കുന്നതും, അവരുടെ ആദ്ധ്യാത്മികവും സന്മാർഗ്ഗപരവുമായ സുസ്ഥിതിക്കുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതുമാണു്.

### സർവ്വരാജ്യ മരിയൻ കോൺഗ്രസ്

ഇപ്പോൾ പ്രഖ്യാപിതമായിരിക്കുന്ന മരിയൻജൂബിലിവർഷത്തിൻെറ മകുടംചാർത്തലായി ഒരു സർവ്വരാജ്യ മരിയൻ കോൺഗ്രസ്സ് റോമിൽ സമ്മേളിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടല്ലോ. ഇക്കൊല്ലം വിവിധരാജ്യങ്ങളിൽ നടത്തപ്പെടുന്ന പ്രാദേശിക മരിയൻ കോൺഗ്രസ്സുകളുടെ സമാപനമായിട്ടായിരിക്കും അതു ആഘോഷിക്കപ്പെടുക. 1950-ലെ വിശുദ്ധ വത്സരത്തിൽ റോമിൽ സമ്മേളിച്ച സാർവ്വലൗകിക മരിയോളോജിക്കൽ കോൺഗ്രസ്സിൽ പങ്കെടുത്ത പ്രതിനിധികൾ ഈ പരിപാടി ആസൂത്രണം ചെയ്തിരുന്നതാണു്.

—ം—

# പ്രലോഭനങ്ങൾ

(ഫൾട്ടൻ ജെ. ഷീൻ)

വളരെ വിരളമാണിന്നു പിശാചിൽ വിശ്വസിക്കുന്നവർ. അതുതന്നെയാണു് പിശാചു അഭിലഷിക്കുന്നതും. അവൻ സദാ തൻെറ ചരമവാർത്ത പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണു്.

തന്നിൽവിശ്വസിക്കാത്തവരെ പിശാചു് ശല്യപ്പെടുത്തുന്നില്ല. അവനറിയാം, അവർ പണ്ടേതന്നെ തനിക്കു സ്വന്തമാണെന്നു്. നമ്മെ നരകമില്ലെന്നു ബോദ്ധ്യപ്പെടുത്തുവാൻ അവൻ പലരെയും കരുക്കളാക്കിയിട്ടുണ്ടു്. അതും നരകത്തിൻെറ അസ്തിത്വത്തെ തെളിയിക്കുന്ന ഇത്രയും പ്രബലമായ സാക്ഷ്യങ്ങൾ നമ്മുടെ ചുററും നാം കണ്ടുകൊണ്ടിരിക്കുമ്പോൾ. ദൈവമില്ലെന്നു നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ അവൻ കമ്മ്യൂണിസ്റ്റുകളെ കരുവാക്കി. എന്നാൽ കമ്മ്യൂണിസ്റ്റുകൾക്കു കഴിഞ്ഞില്ല ദൈവമില്ലെന്നു നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ. പിശാചുണ്ടെന്നു ബോദ്ധ്യപ്പെടുത്തുവാനേ അവക്കു കഴിഞ്ഞുള്ളു.

നമ്മുടെ ജീവൻെറ മൂന്നു പരിധികളിൽ പിശാചു് നമ്മെ പരീക്ഷിക്കുന്നു ശരീരത്തിൽ, ആത്മാവിൽ, നാം ജീവിക്കുന്ന ലോകത്തോടു് നമുക്കുള്ള വേഴ്ചയിൽ.

പരീക്ഷകളുടെമേൽ നാം വിജയം വരിക്കേണ്ടതു് എങ്ങനെയെന്നു കാണിക്കുന്നതിനുവേണ്ടി ശാരീരികവും മാനസികവും ലൗകായതികവുമായ മൂന്നു പ്രലോഭനങ്ങൾക്കു് ഒരുവിധത്തിൽ ദിവ്യഗുരു, മനുഷ്യരൂപം സ്വീകരിച്ച ദൈവം, വിധേയനായതു എത്രയും സമുചിതമായിരിക്കുന്നു. ഭൂമുഖത്തുനിന്നു ചെകുത്താനെ ഓടിച്ചുവിടുവാൻ അവിടുന്നു സമാഗതനാവുകകൊണ്ടു് ഭൂമുഖത്തു നടമാടിയിട്ടുള്ളതിൽ ഏററം വലിയ ആദ്ധ്യാത്മികസമരത്തിൽ അവിടുന്നു ചെകുത്താനെ നേരിടേണ്ടതു് ആവശ്യമല്ലേ? തൻെറ ജ്ഞാനസ്നാനകർമ്മം നിർവഹിക്കപ്പെട്ട നിമിഷത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടു. പിതാവു് അവിടുത്തെ തൻെറ പ്രിയപുത്രനെന്നു പ്രഖ്യാപിച്ചു. മരുഭൂമിയിൽ നാല്പതുദിവസത്തെ ഉപവാസം കഴിഞ്ഞ നിമിഷത്തിൽ നരകം തുറക്കപ്പെട്ടു; ചെകുത്താൻ അവിടുത്തെ പരീക്ഷിക്കുന്നതിനെത്തി. സുവിശേഷം സഹജമായ ലാളിത്യത്തോടെ പറഞ്ഞുപോകുന്നു: "പിന്നീടു് അവനു വിശന്നു." വട്ടത്തിലുള്ള റൊട്ടിക്കഷണങ്ങളുടെ മാതൃകയിൽ താഴെ നിലത്തു കിടക്കുന്ന ഇരുണ്ട കൽത്തുണ്ടുകളെ ചൂണ്ടിക്കാട്ടിക്കൊണ്ടു് ചെകുത്താൻ പറയുന്നു, നീ ദൈവപുത്രനെങ്കിൽ ആ കൽത്തുണ്ടുകളോടു് അപ്പക്കഷണങ്ങളാകുവാൻ കല്പിക്കുക. ഇവിടെ ചെകുത്താൻ ശരീരത്തെ ആക്രമിക്കുന്നു; ഏററം ദുർബലമായ ഭാഗത്തെ, അതു വിശപ്പുകൊണ്ടു പരവശമായിരിക്കുന്ന സന്ദർഭത്തിൽ. ചെകുത്താൻ ഈശോയോടു പറയുന്നു: "സ്വാഭാവികമായതു പ്രവർത്തിക്കുക. നിനക്കഭിനിവേശമുണ്ടെങ്കിൽ ശമിപ്പിക്കുക. മൃഗസാമാന്യമായ ആവശ്യമുണ്ടെങ്കിൽ നിവൃത്തിക്കുക. നിൻെറ വ്യക്തിത്വത്തെ പുലത്തുക, പുറത്തെടുക്കുക.

ചെകുത്താൻ പ്രലോഭനം നിറുത്തിയെന്നു കരുതരുതു്. അവൻ ഇപ്പോഴും നമ്മുടെ ഇടയിലുണ്ടു്. അവൻ നമ്മുടെ സർവ്വകലാശാലകളിൽ മിക്കതിലുമുണ്ടു്. അവിടെ അവൻ തൻെറ ശിഷ്യന്മാരിലൂടെ സംസാരിക്കുന്നു. അവൻ വിദ്യാർത്ഥികളോടു് പറയുന്നു: "നിങ്ങൾക്കു ശരീരമുണ്ടു്, ആത്മാവില്ല. മനുഷ്യൻ മാനസികാഭിനിവേശങ്ങളാൽ നിറയ്ക്കപ്പെട്ട വെറും പഞ്ചഭൂതാത്മകമായ ഒരു സഞ്ചി. ജീവിതത്തിൻെറ ഏകലക്ഷ്യം സുഖാസ്വാദനം. ലൈംഗികസുഖമാണു് സകലതിനും മർമ്മം. സാമ്പത്തികോല്പാദനത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു മൃഗം മാത്രമാണു് മനുഷ്യനെന്നു് മാർക്സ് എഴുതിയിരിക്കുന്നതു് നിങ്ങൾ വായിച്ചിട്ടില്ലേ? എല്ലാ അഭിലാഷങ്ങളും മൗലികമായി ലൈംഗികമാണു്. ലൈംഗികമനോവിശകലനവിദഗ്ദ്ധന്മാർ പറയുന്നതു് നിങ്ങൾ കേട്ടിട്ടില്ലേ? മൊളോട്ടോവു് പറയുന്നതു നിങ്ങൾ കേട്ടിട്ടില്ലേ? അപ്പം ഒരു രാഷ്ട്രീയായുധംമാത്രം. ജനതയെ നിങ്ങളുടെ പക്കലേക്കു് വശീകരിക്കുന്നതിനുള്ള ഒരായുധമായി അതിനെ ഉപയോഗിക്കുക. ദിവ്യമായവ എന്തും വിസ്മരിച്ചേക്കു. മതത്തെ സാമൂഹികസേവനമായി മാററു. ഭക്ഷണപ്രശ്നം, ഭവനപ്രശ്നം, ഭദ്രതാപ്രശ്നം ഇവയെ പരിഹരിക്കുക. ശരീരത്തിനാവശ്യമുള്ളതു സകലവും മനുഷ്യനു നൽകുക. അതുമാത്രമാണാവശ്യം. നമ്മുടെ മിഷനറിമാർ നിർവ്വഹിക്കേണ്ട വേലകൾ ഒരിക്കലും ഐക്യരാഷ്ട്രസമിതിക്കു വിട്ടുകൊടുക്കരുതു്. അവർ ആത്മകാര്യങ്ങളിൽ തത്പരരാകയാൽ അവരെ അവഗണിച്ചേക്കു. ഭക്ഷണം മാത്രമാണാവശ്യം, സർവ്വപ്രധാനം നിങ്ങളുടെ ദൈവാലയങ്ങളെ സമുദായോദ്ധാരണത്തിനുള്ള ക്ലബ്ബുകളാക്കി മാററുക. പ്രകൃത്യതീതമായവയെ വിസ്മരിക്കൂ. സ്റ്റാലിൻ ക്ലാസ്സുമുറികളിൽ പ്രവേശിച്ചു് കുട്ടികളോടു പറഞ്ഞിരുന്നില്ലേ, ദൈവത്തോടു് പ്രാർത്ഥിക്കുവാൻ അപ്പത്തിനുവേണ്ടി. എന്നാൽ ദൈവം അപ്പം കൊടുത്തില്ല. സ്റ്റാലിനോടു പ്രാർത്ഥിച്ചു; സ്റ്റാലിൻ ഉടനടി അപ്പം കൊടുത്തു. ദൈവം കൊടുക്കുന്നില്ല കാരണം ദൈവമില്ല, ആത്മാവില്ല; ഉള്ളതു് ശരീരം, ആനന്ദം, സുഖം വർഗ്ഗസ്നേഹം, മൃഗീയത. പിന്നെ നാം മരിക്കും. അങ്ങനെ നമ്മുടെ അവസാനവും.

ഇപ്പരീക്ഷണത്തിനു് ദിവ്യഗുരു ഉത്തരം കൊടുക്കുന്നു: "അപ്പം കൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുക; ദൈവത്തിൻെറ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കുകൾ ഓരോന്നുകൊണ്ടുമാണു്." "മനുഷ്യൻ ഭക്ഷിക്കരുതെന്നോ സാമൂഹികനീതി പ്രസംഗിക്കരുതെന്നോ ക്രിസ്തു നിരോധിച്ചില്ല. അവിടുന്നു പറയുന്നതു പ്രഥമസ്ഥാനം അർഹിക്കുന്നവ ഇവയല്ലെന്നാണു്. അവിടുന്നു ചെകുത്താനോടു പറയുന്നു: "മൃഗപാടിൽനിന്നും മനുഷ്യനെ വിടർത്തിനിറുത്തുന്ന ഒരു മതം സ്വീകരിക്കുന്നതിനു് നീ എന്നെ പ്രലോഭിപ്പിക്കുന്നു. ഒരു രക്ഷകൻ എന്നതിനെക്കാൾ ഒരു പാചകൻ ആയിരിക്കുന്നതിനാണു് നീ എന്നോടാവശ്യപ്പെടുക. ഒരു രക്ഷകൻ എന്നതിനെക്കാൾ ഒരു സാമൂഹികപരിഷ്കർത്താവു്. ആത്മാക്കളെ നിറയ്ക്കുന്നതിനുപകരം വയറുകളെ നിറച്ചുകൊണ്ടു് എൻെറ കുരിശിനെ കൈവെടിയാൻ പ്രേരിപ്പിച്ചുകൊണ്ടു് നീ വെറും താണതരം ഒരു നേതാവായിരിക്കണമെന്നു് എന്നോടാവശ്യപ്പെടുന്നു. ഭദ്രതയിൽ ചെന്നവസാനിക്കേണ്ടതിനുപകരം ഭദ്രതയെ തൊട്ടുതുടങ്ങുവാൻ നീ ആവശ്യപ്പെടുന്നു. ആന്തരവിശുദ്ധിക്കുപകരം ബാഹ്യസമൃദ്ധി നീ വർഷിക്കുന്നു. നീയും നിൻെറ ഭൗതികവാദികളും പറയുന്നു," മനുഷ്യൻ അപ്പം കൊണ്ടുമാത്രമാണു് ജീവിക്കുക എന്നാൽ ഞാൻ നിന്നോടുപറയുന്നു മനുഷ്യൻ ജീവിക്കുക അപ്പം കൊണ്ടുമാത്രമല്ലെന്നു്. അപ്പം ആവശ്യമാണു്, എന്നാൽ നീ ഒന്നോർക്കണം, അപ്പത്തിനു് അതിൻെറ പോഷകശക്തിതന്നെ ലഭിക്കുന്നതു് എന്നിൽ നിന്നാണെന്നു്. അപ്പം എന്നെക്കൂടാതെ മനുഷ്യനെ അപായപ്പെടുത്തുന്നു. എനിക്കു വിശന്നാലും ശരി, ദൈവവചനത്തിൽനിന്നു വേർപെട്ടുനില്ക്കുന്ന സാമൂഹികഭദ്രതയെക്കുറിച്ചുള്ള ഏതൊരു സിദ്ധാന്തത്തെയും സ്വീകരിക്കുവാൻ എനിക്കു സമ്മതമില്ല. അപ്പം മാത്രമാണു് ഞാൻ നൽകുന്നതെങ്കിൽ നായ്ക്കൾപോലും എൻെറ സഭയിൽ പങ്കെടുക്കും. തങ്ങൾക്കു വിശന്നാലും പട്ടിണികിടന്നാലും ദുർബലരായാലും ജയിലിൽ അടയ്ക്കപ്പെട്ടാലും ചമ്മട്ടികൾകൊണ്ടു് അടിക്കപ്പെട്ടാലും നിൻെറ സോവിയററു് തടങ്കൽപ്പാളയങ്ങളിൽ കിടന്നു് ദ്രവിച്ചാലും എന്നിൽ വിശ്വസിക്കുന്നവർ എൻെറ സഭയിൽ പങ്കുകൊള്ളുകതന്നെ വേണം."

എനിക്കു വിശക്കുന്നു നാല്പതു ദിവസമായി ഞാൻ ഭക്ഷണം കഴിച്ചിട്ടു്. എന്നാൽ ധനതത്വശാസ്ത്രത്തിനും സുഖങ്ങൾക്കും ഉദരപൂരണത്തിനും വളമിട്ടുകൊണ്ടു് വെറുമൊരു സാന്മാർഗ്ഗികപരിഷ്കർത്താവാകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഞാൻ സാമൂഹികനീതിയിൽ താത്പര്യമില്ലാത്തവനെന്നു നിങ്ങൾ പറയരുതു് ഇന്ത്യയുടെ ശൂന്യമായ ചോററുപാത്രങ്ങളോടുകൂടി എനിക്കു ഇപ്പോൾ വിശപ്പു അനുഭവപ്പെടുന്നു. സൈബീരിയായിൽ യുറേനിയം ഖനികളിലെ നിർഭാഗ്യമനുഷ്യകീടങ്ങളുടെ വയററിൻെറ മുറവിളികളോടൊപ്പം എൻെറ വയറും നിലവിളിക്കുന്നു. 603 മിഷൻ രംഗങ്ങളിൽ വിശക്കുന്നവരോടുകൂടി വിശക്കുകയും ദാഹിക്കുന്നവരോടുകൂടി ദാഹിക്കുകയും ചെയ്യുന്ന ഒരുലക്ഷം മിഷനറിമാരോടുകൂടി ഞാനും വിശപ്പു സഹിക്കുന്നു. പിശാചേ, എന്നെ വിട്ടുപോവുക.

## II


അപ്പം വാഗ്ദാനം ചെയ്തുകൊണ്ടു ക്രിസ്തുവിനെ ഒരു കമ്മ്യൂണിസ്റ്റു് കമ്മിസാർ ആക്കി അവിടുത്തെ തൻെറ കുരിശിൽനിന്നും രക്ഷാകരകർമ്മത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനുള്ള പദ്ധതി പരാജയപ്പെട്ടു. ചില സാമ്പത്തികശാസ്ത്രകാരന്മാർ പറയുന്നതുപോലെ മനുഷ്യൻ ഒരു മൃഗം അഥവാ ഉദരംഭരി അല്ലെങ്കിൽ, ചില മനോവിശകലനവിദഗ്ദ്ധന്മാർ കരുതുന്നതുപോലെ വെറും ഒരു ലൈംഗികജീവി എന്ന വിശ്വാസത്തിലേക്കു ക്രിസ്തുവിനെ ആനയിക്കുക സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ, ചെകുത്താൻ ഇതാ ഇപ്പോൾ അഹങ്കാരത്തിനും സ്വാർത്ഥത്തിനുമായി അവിടുത്തെ പ്രലോഭിപ്പിക്കുന്നു. ആ മിഥ്യാഭിമാനത്തിൻെറ പ്രതിരൂപംപോലെ ചെകുത്താൻ അവിടുത്തെ ദൈവാലയത്തിൻെറ ഉയർന്ന ഒരു ഗോപുരത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു എന്നിട്ടു പറയുന്നു: "നീ ഇവിടെനിന്നു താഴോട്ടു ചാടുക." വിശുദ്ധ ഗ്രന്ഥം ഉദ്ധരിച്ചുകൊണ്ടു ചെകുത്താൻ തുടർന്നു: "നീ ദൈവപുത്രനാകുന്നുവെങ്കിൽ ചാടുക. അവൻ നിന്നെക്കുറിച്ചു നിൻെറ ദൂതന്മാരോടു കല്പിച്ചു എന്നും നിൻെറ കാൽ കല്ലിന്മേൽ ഉതസ്സാതിരിക്കുവാൻ അവർ തങ്ങളുടെ കൈകളിൽ നിന്നെ താങ്ങുമെന്നും എഴുതപ്പെട്ടിരിക്കുന്നുവല്ലോ" ഇവിടെ പിശാചു വ്യക്തമാക്കുന്നു: അത്ഭുതംവഴി കുരുക്കുവഴി സ്വീകരിക്കാമായിരിക്കെ നീ എന്തിനു നിണച്ചൊരിച്ചിലും കുരിശാരോഹണവും നിന്ദനവും അവമാനവുംമൂലമുള്ള ദീർഘവും ദുർഘടവുമായ ഒരു കുരിശുപാത തിരഞ്ഞെടുക്കണം? നീ നിൻെറ ആശ്രയം ദൈവത്തിൽ സമർപ്പിച്ചിരിക്കയാണു്, അല്ലേ? കൊള്ളാം. നീ ദൈവത്തെ ആശ്രയിക്കുന്നെങ്കിൽ വീരോചിതമായി എന്തെങ്കിലും പ്രവർത്തിക്കൂ. അതു ദൈവഹിതത്തിനു കീഴ്പെട്ടുകൊണ്ടല്ല കീഴോട്ടു എടുത്തുചാടിക്കൊണ്ടുവേണം നീ നിർവ്വഹിക്കുവാൻ. ആളുകൾക്കു കാഴ്ചയാണു വേണ്ടതു്, ദൈവികതയല്ല. എന്തൊരു അരോചകതയാണു ഇന്നു ജനതയ്ക്കു്. അവരെ അതിൽനിന്നു വിടുവിക്കുക. ജീവിതത്തിൻെറ ഏകാന്തതയിൽനിന്നും വിരസതയിൽനിന്നും അവരെ കൈകൊടുത്തുയർത്തുക. എന്നാൽ കുററമുള്ള അവരുടെ മനഃസാക്ഷിയെ മാത്രം വെറുതേ വിട്ടേക്കുക. "ക്രിസ്തു ഇപ്രകാരം പറയുന്നു" എന്നു നിങ്ങൾ എപ്പോഴെങ്കിലും പത്രപംക്തികളിൽ കണ്ടിട്ടുണ്ടോ? എന്നാൽ എത്ര തവണ നിങ്ങൾ കണ്ടിട്ടുണ്ടു് "ശാസ്ത്രം ഇപ്രകാരം പറയുന്നു" എന്നു്. എന്താണിതിൽനിന്നു മനസ്സിലാക്കേണ്ടതു്? ശാസ്ത്രം, യന്ത്രങ്ങൾ, അണുശക്തിപ്രചരണം, ബാഹ്യശക്തിയെ പ്രകടിപ്പിക്കുന്നതെന്തും— ഇവയ്ക്കുവേണ്ടിയാണു നമ്മുടെ യുവഹൃദയങ്ങൾ ദാഹിക്കുക, അല്ലാതെ, ബലിയെ, പ്രസാദവരത്തെ, പൊറുതിയെ, പരിത്യാഗത്തെ, ഇവയുടെ ഉന്നതസത്യങ്ങളെ പരിഗ്രഹിക്കുന്നതിനല്ല. ഇന്നു ബുദ്ധിയെ നിനക്കു മാനസാന്തരപ്പെടുത്തണമോ? ഒരത്ഭുതം പ്രവർത്തിക്കുക. വിശ്വാസം മാത്രമല്ല ഒരാൾക്കാവശ്യം. ആവശ്യം പുതിയ അത്ഭുതം, ശാസ്ത്രത്തിൻെറ അത്ഭുതം ഇതാണു്.

ക്രിസ്തുവേ, ഇന്നത്തെ തലമുറയ്ക്കു് അതിൻെറ വിനോദപ്രകടനങ്ങൾക്കു നിൻെറ അത്ഭുതങ്ങളല്ല ആവശ്യം, പ്രത്യുത അതിമാനുഷൻെറ സാഹസികകൃത്യങ്ങളാണു്. തങ്ങളുടെ ബോധങ്ങളെ ദൈവത്തിനു കീഴ്പെടുത്തുന്ന തിരുപദേശിക്കുന്ന ഒരു ഗുരുവിനെയല്ല, മനുഷ്യാധികാരത്തിനു കീഴ്പെടുവാൻ ഉപദേശിക്കുന്ന ഒരാളെയാണു്. എൻെറ പ്രിയപ്പെട്ട സോവിയററു റഷ്യ ഇന്നു മതത്തെ പേരിട്ടിരിക്കുന്നതു അന്ധവിശ്വാസമെന്നാണു്. ആ അന്ധവിശ്വാസത്തെ ശാസ്ത്രം നിഹനിച്ചിരിക്കയുമാണു്. വിശ്വാസം ആവശ്യമായ ബോധത്തെക്കുറിച്ചുള്ള, പ്രസാദവരം ആവശ്യമായ ഹൃദയത്തെക്കുറിച്ചുള്ള, പ്രത്യാശ ആവശ്യമായ മനസ്സിനെക്കുറിച്ചുള്ള, ദൈവത്തെ ആവശ്യമായ മുഴുസത്തയേക്കുറിച്ചുള്ള നിൻെറ ഉന്നതമായ സത്യങ്ങളെ കൈവെടിയുക. ശക്തി താഴെയാണു്; താഴെ അഗാധത്തിൽ. ദൈവത്തിലുള്ള ആശ്രയത്തിൽനിന്നു താഴോട്ടു കുതിക്കുക. ഒരു ജാലവിദ്യക്കാരനായി പകരുക. ചൈനയിൽ എൻെറ കമ്മ്യൂണിസ്റ്റുകൾ ചെയ്യുന്നതുപോലെ ജനങ്ങളെ വശീകരിക്കുക.

അന്നും ഇന്നും ചെകുത്താനോടുള്ള ദിവ്യഗുരുവിൻെറ മറുപടി ഇതാണു്: "നീ നിൻെറ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു്." അതായതു നീ ശാസ്ത്രത്തിൻെറ അത്ഭുതങ്ങളെ ദർശിക്കുകയും അതേസമയം ഞാനാകുന്ന പ്രപഞ്ചത്തിൻെറ വിധാതാവു് എന്ന വസ്തുത വിസ്മരിക്കുകയും ചെയ്യുമ്പോൾ, നീ എന്നെ പരീക്ഷിക്കുന്നു. നിൻെറ ശാസ്ത്രജ്ഞന്മാർ പ്രകൃതിയാകുന്ന ഗ്രന്ഥത്തിൻെറ നിർമ്മാതാക്കളല്ല, അതിൻെറ പ്രൂഫ് വായനക്കാർ മാത്രമാണു്. അവർക്കു ചിത്രത്തിൻെറ അഗ്രങ്ങളെ ദർശിക്കുവാൻ കഴിയും; എന്നാൽ അതു എഴുതിത്തീർത്ത കലാകാരനെ— എന്നെ— സമീപിക്കുക സാദ്ധ്യമല്ല. നിങ്ങളുടെ നിസ്സാരമായ വെല്ലുവിളികൾപോലും ഞാൻ സർവ്വശക്തനെന്നു തെളിയിക്കുവാൻ നിങ്ങൾ എന്നെ പരീക്ഷിക്കും. നിങ്ങൾ വാച്ചു് ഉയർത്തിപ്പിടിച്ചുകൊണ്ടു പറയും അഞ്ചു മിനിററിനുള്ളിൽ എന്നെ വധിക്കുക എന്നു്. എന്നാൽ വിഡ്ഢികളുടെമേൽ ദയാലുവാണു ഞാൻ എന്നു നീ അറിയുന്നില്ലേ? നീ എൻെറ ഹിതത്തിനെതിരായി, ഭൂമിയിൽ എൻെറ പ്രതിനിധിയുടെ അഭ്യർത്ഥനകൾക്കെതിരായി അണുബോംബു വർഷിക്കുകയും തത്ഫലമായി നഗരങ്ങൾ കത്തിയെരിയുകയും ചെയ്യുമ്പോൾ "എന്തുകൊണ്ടു ദൈവം ഈ യുദ്ധത്തെ അവസാനിപ്പിക്കുന്നില്ല" എന്നു മുറവിളി കൂട്ടിക്കൊണ്ടു എന്നെ പരീക്ഷിക്കുന്നു. ഗോപുരത്തിൽ നിന്നെടുത്തു ചാടുക എന്നതുപോലെ സ്വബോധത്തിനു


## കാർമ്മൽ അപ്പസ്തോലിക്ക് സ്കൂൾ

എറണാകുളം



എറണാകുളം അതിരൂപതയുടെ സഹായ മെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി എറണാകുളം കാർമ്മൽ അപ്പസ്തോലിക്ക സ്കൂൾ സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

കർമ്മലീത്താ 1-ാം സഭയിൽ ചേർന്നു വൈദികരായി പ്രാർത്ഥനാപരവും ത്യാഗസമ്പൂർണ്ണവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ടു കേരളത്തിനകത്തും പുറത്തും മതസേവനം ചെയ്യുന്നതിനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ വിദ്യാർത്ഥികൾ കഴിയുന്നതും വേഗത്തിൽ അപേക്ഷിക്കുവിൻ.

The Rev. Fr. Director,
Carmel Apostolic School,
St. Teresa's Monastery,
Baner i Road, Ernakulam 1.

ചെറുകഥ

# "എൻെറ മോൻ നേതാവാ......"

(ജോർജ്ജ് നെല്ലായി)

പൈലോയ്ക്കു തേക്കാണ് ജോലി. പുലരാൻ കാലത്തേ ഏഴന്നേററു് പൈലോ ജോലിക്കുപുറപ്പെടും. വലിയ വലിയ തെങ്ങിൻതോപ്പുകളും കവുങ്ങിൻതോട്ടങ്ങളും തൻെറ തേക്കുകൊണ്ടു തഴച്ചുവളരുന്നതു കാണുമ്പോൾ വാസ്തവത്തിൽ പൈലോതന്നെ അഭിമാനംകൊള്ളാറുണ്ട്. കുംഭം മീനം മാസങ്ങളിലും വൃക്ഷങ്ങളുടെ കടയ്ക്കൽ വെള്ളം തളംകെട്ടി കിടക്കുകയാണു. ആഴമുള്ള കിണററിൽനിന്നു പൈലോ മുക്കിയൊഴിക്കുന്ന വെള്ളമാണതു്. പൈലോയുടെ പ്രതീക്ഷകൾ



പോലെ ആ വെള്ളച്ചാലുകൾ ഓരോ മരത്തിൻെറ കടയ്ക്കലേക്കും ഒഴുകും. അതു തിരിച്ചുവിടാൻ പൈലോയ്ക്കു് ഒരു കൂട്ടാളിയുണ്ട്—ചുമ്മാരു. പൈലോയും ചുമ്മാരും പണ്ടേയ്ക്കുപണ്ടേ കൂട്ടാളികളാണു്. ആ നാട്ടിലെ പ്രധാനപ്പെട്ട തോപ്പുകളും തോട്ടങ്ങളും നനയ്ക്കാൻ കരാറെടുക്കുക പൈലോയും ചുമ്മാരും ഒരുമിച്ചാണ്. അവർ രണ്ടുപേരുംകൂടി ഒരിടത്തു ചെന്നു് തോട്ടം നനയ്ക്കാൻ തങ്ങൾക്കു തരണമെന്നു പറഞ്ഞാൽ ആരും അതിനു് എതിരുപറയാറില്ല. ജോലിചെയ്യാൻ അത്ര മിടുക്കന്മാരാണ് രണ്ടുപേരും. അതെല്ലാവർക്കും വിശ്വാസവുമാണ്. കള്ളപ്പണിയൊന്നും അവരുടെ കൈവശമില്ല. "നമുക്കു് ഇതു് ഇന്നേക്കു് പോരല്ലോ—മേലിലും വേണ്ടേ?" ഇതാണു് ജോലിയെ സംബന്ധിച്ചുള്ള പൈലോയുടെ മുദ്രാവാക്യം.

"അതുതന്നെ പൈലോതെ. മററാള്ളോരെ ചതിച്ചിട്ടു നമ്മക്കൊന്നും വേണ്ട" ചുമ്മാരും ഒട്ടും മോശമല്ല.

അക്കൊല്ലം വേനല്ക്കു നാലുതോട്ടമാണ് രണ്ടുപേരുംകൂടി കരാറെടുത്തിരിക്കുന്നതു്. പുലച്ച് മൂന്നുമണിക്കു പൈലോതു് എഴുന്നേല്ക്കും. പഴകിത്തുരുമ്പിച്ച ഒരു ഹരിക്കേയിൻ വിളക്കാണ് പൈലോയുടെ അപ്പോഴത്തെ കൂട്ടുകാരൻ. അയാൾ അതും കത്തിച്ചു ചുമ്മാരുവിൻെറ വീട്ടിൽ ചെല്ലും. ചുമ്മാരു അപ്പോൾ എഴുന്നേററു് പൈലോയെ പ്രതീക്ഷിച്ചിരിപ്പുണ്ടാകും. രണ്ടുപേരുംകൂടി പിന്നെ തോട്ടത്തിലേക്കു നടക്കുകയായി. ചുമ്മാരുവിൻെറ കൈയിൽ ഒരു കൈക്കോട്ടുണ്ടാകും. പൈലോയുടെ കൈയിൽ കത്തിച്ച ഹരിക്കേയിൽ വിളക്കും. പുലച്ച് ഏതാണ്ടു നാലുമണിമുതൽ അവരുടെ ജോലി ആരംഭിക്കും. ഏഴ് ഏഴര ആകുമ്പോൾ ആദ്യത്തെ തോട്ടം നനച്ചുകഴിയും. അപ്പോഴേക്കും പൈലോയുടെ ശരീരം കുടുകുടെ വിയത്തിട്ടുണ്ടാകും. തോട്ടമുടമസ്ഥനും വീട്ടുകാരും എഴുന്നേററു് പുറത്തുവരുമ്പോഴേക്കും പൈലോയും ചുമ്മാരും മിക്കവാറും അടുത്ത തോട്ടത്തിലേക്കു തേവാൻ പോയിട്ടുണ്ടാകും.

ആഴമുള്ള കിണററിൽനിന്നു കുട്ടമുക്കി തേവുമ്പോൾ ആയാസത്തിനു് അല്പം ആശ്വാസം കിട്ടാൻ പൈലോ ഒരു മൂളിപ്പാട്ടു പാടാറുണ്ട്. ചിലപ്പോൾ ആ പാട്ടു വളരെ ഉച്ചത്തിലും കേൾക്കാം.

ചില ദിവസങ്ങളിൽ തേക്കു നേരത്തെ കഴിഞ്ഞെങ്കിൽ പൈലോയും ചുമ്മാരും കിണററിൻകരയ്ക്കൽ കുറച്ചു വിശ്രമിച്ചിട്ടേ പോകാറുള്ളു. അന്നേരം അവർ നാട്ടുവർത്തമാനങ്ങളും വീട്ടുവർത്തമാനങ്ങളും ഒക്കെ ചർച്ചചെയ്യും. പറഞ്ഞുപറഞ്ഞു സമയം പോകുന്നതവരറിയില്ല. പൈലോ വല്ലാത്ത സംസാരപ്രിയനാണ്.

ഒരു ദിവസം രണ്ടാമത്തെ തോട്ടത്തിലെ തേക്കുകഴിഞ്ഞപ്പോൾ പൈലോയും ചുമ്മാരും കിണററുകരയ്ക്കൽക്കൂടി. പൈലോ നാട്ടുവർത്തമാനങ്ങൾ പറയാൻതുടങ്ങി. ചുമ്മാരുവിൻെറ "മെയിൻ" വീട്ടുവർത്തമാനങ്ങളാണു്. അയാൾക്കു രാഷ്ട്രീയമൊന്നുമില്ല. എപ്പോഴും വീട്ടുകാര്യങ്ങളേ ഉള്ളു. ഭാര്യയുടെ പ്രസവം, കുട്ടികളുടെ സുഖക്കേട്, പുരമേച്ചിൽ എന്നിങ്ങനെ പോകും ചുമ്മാരുവിൻെറ സംസാരം. എന്നാൽ പൈലോയുടെ പ്രമേയങ്ങൾ എപ്പോഴും നാട്ടുകാര്യങ്ങളും രാഷ്ട്രീയവും ഒക്കെയായിരിക്കും. കുരുമുളകും നാളികേരവും എലക്ഷനുമൊക്കെയായിരിക്കും അയാളുടെ സംഭാഷണവിഷയം.

അതിനുകാരണവുമുണ്ട്. പൈലോയുടെ കുടുംബത്തിൽ വലിയ പ്രാരാബ്ധങ്ങളൊന്നുമില്ല. ഭാര്യ, അയാൾ, ഒരു മകൻ—ഇതാണവരുടെ കുടുംബം. മകനാണെങ്കിൽ വീട്ടിൽനിന്നു പോയിട്ടു വർഷങ്ങൾ ഒന്നുരണ്ടായി. അവനെപ്പററി അന്വേഷിക്കേണ്ട ചുമതലയേ പൈലോതിനില്ല. അവൻ ആലപ്പുഴയാണു്. ഇടയ്ക്കിടയ്ക്കു് അവൻെറ എഴുത്തുവരും. അതിനു് ഒരു മറുപടി അയക്കണം ഇതാണു് പൈലോക്കു് ആകപ്പാടെ അവനെക്കുറിച്ചന്വേഷിക്കാനുള്ളതു്. പിന്നെ പോയിട്ടു് ഭാര്യയുടേയും അയാളുടേയും കാര്യമാണു്. അതു സുഭിക്ഷമായി നടക്കാനുള്ള കഴിവു പൈലോയുടെ വരവിൽനിന്നുതന്നെയുണ്ട്. കുറെയെങ്കിലും അയാൾക്കു മിച്ചമേ കാണു.

എന്നാൽ ചുമ്മാരുവിൻെറ കാര്യം അങ്ങനെയല്ല. അഞ്ചു കുട്ടികളുടെ പിതാവാണയാൾ. ഒരു ഭാര്യയുമുണ്ട്. ഏതെങ്കിലും ഒരു കുട്ടിക്കു മാറിമാറി സുഖക്കേടുവരിക ഒരു നാലഞ്ചുകൊല്ലമായിട്ടു ചുമ്മാരുവിൻെറ വീട്ടിൽ ഒരു നിത്യസംഭവമായിരിക്കുകയാണു്. ഇതിനാകപ്പാടെ അയാൾക്കു കിട്ടുന്ന സംഖ്യ പൈലോയ്ക്കു കിട്ടുന്നതുതന്നെയാണു്. എങ്കിലും ചുമ്മാരുവിനു നിരാശയില്ല.

ഒരുദിവസം വർത്തമാനം പറഞ്ഞിരുന്നപ്പോൾ ചുമ്മാരു പൈലോയോടു ചോദിച്ചു: "അല്ലാ, പൈലോതെ, നിൻെറ ചെക്കനിപ്പോ എവിടെയാ?"

"അവൻ ആലപ്പുഴയിലാ" പൈലോ പറഞ്ഞു.

"അവനു് അവിടെ എന്താ തൊഴില്."

"അവൻ അവിടെ നേതാവല്ലെ!" പൈലോ അഭിമാനത്തോടുകൂടിയാണതു പറഞ്ഞതു്. പക്ഷെ ചുമ്മാരുവിനു് ഒന്നും മനസ്സിലായില്ല. കൈക്കോട്ടും വൃക്ഷച്ചുവടുകളുമായി നടക്കുന്ന അവനുണ്ടോ ഇരുപതാംനൂററാണ്ടിൻെറ "നേതാവി"നെപ്പററി അറിയുന്നു? പക്ഷെ പൈലോ പലപ്പോഴും അഭിമാനപുരസ്സരം പറയാറുള്ള ഒരു പരമാർത്ഥമാണിതു്: "എൻെറ മോൻ നേതാവാ......" അയാളതിൽ പുളകംകൊള്ളാറുണ്ട്.

ഔസേഫ് എന്നായിരുന്നു പൈലോയുടെ മകൻെറ പേരു്. കുറെനാളായി അവൻ ആലപ്പുഴയിലാണു്. അവിടെ അവനൊരു നേതാവാണെന്നു അവൻതന്നെയാണു് വീട്ടിലേക്കെഴുതി അറിയിച്ചതു്. ഒരു ദിവസം ഔസേഫിൻെറ ഒരു കത്തു് പൈലോയ്ക്കു കിട്ടി. അയാളതു തുറന്നുവായിച്ചു. അതിൽ ഔസേഫ് എഴുതിയിരിക്കുകയാണ്, അവനെ അവിടെ സ്ലലിൻ ഔസേഫ് എന്നാണു് സഖാക്കൾ വിളിക്കുന്നതു്. അതുകൊണ്ടു് ഇനിമേലിൽ വീട്ടിൽനിന്നു് എഴുത്തയക്കുമ്പോഴെല്ലാം സ്ലലിൻ ഔസേഫ് എന്നു വെക്കണമെന്നു്. പൈലോയ്ക്കു അതിനും വിരോധമുണ്ടായില്ല. അയാൾ അവനെ സ്ലലിൻ ഔസേഫ് എന്നുതന്നെ വിളിച്ചു. അങ്ങനെ അയാളുടെ മകൻ ഔസേഫ് "സ്ലലിൻ ഔസേഫ്"ആയിമാറി.

ആലപ്പുഴ അങ്ങാടിയിൽക്കൂടി ചെങ്കൊടിക്കാരുടെ ജാഥ പോകുന്നുണ്ടെങ്കിൽ അതിൻെറ മുമ്പിൽ സ്ലലിൻ ഔസേപ്പിനെ കാണാം. ഒരിക്കൽ പൈലോ ആലപ്പുഴ പോയിരുന്നപ്പോൾ ഈ സംഭവം നേരിട്ടുകണ്ടു. ഒരു ഊക്കൻ ചെങ്കൊടി പിടിച്ചുകൊണ്ടു് ഔസേഫ് ആ ജാഥയുടെ മുന്നിൽ നില്ക്കുന്നുണ്ടായിരുന്നു. പൈലോ ചുവന്ന കൊടികൾകൊണ്ടലങ്കരിച്ച ഒരാപ്പീസിൻെറ മുകളിൽനിന്നുകൊണ്ടാണു് അതു കണ്ടതു്. വളരെ നേരം അയാളതു നോക്കിനിന്നു. അവിടെയുള്ളവർക്കൊക്കെ പൈലോയോടു് എന്തോ പ്രത്യേക സ്നേഹം തോന്നുന്നുണ്ടെന്നു് അയാൾക്കുതന്നെ തോന്നി. അയാളുടെ മകനോടും അവർക്കെന്തു ബഹുമാനമാണു്!! അവർ സ്ലലിൻെറ ഒരു പടം അയാളെ കാണിച്ചുകൊടുത്തു. ആ പടത്തിൻെറ കുറച്ചുപ്പുറത്തായി അയാളുടെ മകൻെറ ഒരു പടവുമുണ്ട്. ഒന്നു വെള്ളക്കാരൻ സ്ലലിൻ! മറേറതു തേക്കുകാരൻ പൈലോയുടെ മകൻ സ്ലലിൻ ഔസേഫ്!!

പൈലോ അന്നു വൈകുന്നേരത്തെ ബോട്ടിനാണു് അവിടെനിന്നു പോന്നതു്. വീട്ടിൽവന്നു വിവരമെല്ലാം അയാൾ ഭാര്യയോടു പറയുകയുംചെയ്തു. സന്തോഷംകൊണ്ടു് പൈലോ മതിമറന്നു. ആ ആപ്പീസിലുണ്ടായിരുന്നവർ കൊടുത്തയച്ച സ്ലലിൻെറ പടം അയാൾ ചുവരിന്മേൽ തൂക്കി.

ദിവസങ്ങൾ കുറെകഴിഞ്ഞു. ഔസേപ്പിൻെറ എഴുത്തുവരേണ്ട തീയതികഴിഞ്ഞു. പൈലോ വളരെ കാത്തു. യാതൊരു പിടിയുമില്ല. ഒടുവിൽ അയാൾ ഒരു കത്തിട്ടു. അതിനൊരു മറുപടിയുമില്ല. വീണ്ടുമയാൾ എഴുതി. ആ ആപ്പീസിലെ ആരുടേയോ കാരുണ്യംകൊണ്ടു് അതിനയാൾക്കു് ഒരു മറുപടി കിട്ടി. ആലപ്പുഴയിൽ പൈലോയുടെ മകൻെറ നേതൃത്വത്തിൽ ഒരു സമരം നടക്കുകയാണെന്നും അതുകൊണ്ടാണു് എഴുത്തയക്കാത്തതെന്നും ആയിരുന്നു ആ മറുപടിയുടെ ഉള്ളടക്കം.

പൈലോയ്ക്കു സമാധാനമായി. മകൻ വളരെ ഗൗരവമേറിയ ഒരു പ്രശ്നത്തിൽ തലയിട്ടിരിക്കുകയാണു്. അതു നടക്കട്ടെ! ആ ശുദ്ധഗതിക്കാരൻ ചിന്തിച്ചു. ആഴ്ച ഒന്നുകൂടി നീങ്ങി. ആലപ്പുഴയിലെ അഞ്ചെട്ടു ഫാക്ടറികളിൽ പണിമുടക്കവും പിക്കററിംഗും നടക്കുകയാണു്. സ്ഥിതിഗതികൾ കൂടുതൽ വഷളാകുകയാണെന്നും ഒരേററുമുട്ടൽ അനിവാര്യമാണെന്നും അധികൃതന്മാർ മനസ്സിലാക്കി. പക്ഷെ അതൊന്നും പൈലോ അറിഞ്ഞില്ല. മകൻ ഇനിയും നേതാവാകാൻ പോകയാണ്—അയാൾക്കതുമാത്രം അറിയാം.

നിർണ്ണായകമായ ചില നിമിഷങ്ങളായിരുന്നു അവ. ഒരൂക്കൻ ഘോഷയാത്ര സഖാവു സ്ലലിൻ ഔസേപ്പിൻെറ നേതൃത്വത്തിൽ മുന്നോട്ടുനീങ്ങി. ആ ജാഥാംഗങ്ങൾ ആയുധധാരികളാണു്. ഫാക്ടറി ഭേദിച്ചുകത്തുകടക്കാനാണു് അവരുടെ നിശ്ചയം. അവർ ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി. ഭയവിഹ്വലമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. രണ്ടുനിമിഷം വേണ്ടിവന്നില്ല. ഒരു പോലീസ്‌വാനിൻെറ ഹാണടി അകലെനിന്നു കേട്ടു. ആ വാഹനം അവരുടെനേരെ കുതിച്ചു. വീണ്ടും വീണ്ടും നീണ്ട നീണ്ട ഹാൺ!

പോലീസ് വാൻ ഘോഷയാത്ര തടഞ്ഞു. സഖാക്കൾ കൂട്ടാക്കിയില്ല. അവർ വർഗ്ഗബോധമുള്ളവരാണു്! "ഇൻക്വിലാബ്-സിന്ദാബാദ്" അവർ ഉച്ചത്തിൽ വിളിച്ചു. "ചെങ്കൊടിയെ തൊട്ടാൽ-ചെഞ്ചോരവീഴും" അവർ ആർത്തിരമ്പി,

"ഠേ! ഠേ! ഠേ!" ആ പോലീസ് വാൻ അലറി. തുരുതുരെ വെടിയുണ്ടകൾ ആകാശത്തേക്കും ആ തൊഴിലാളി അണികളിലേക്കും കുതിച്ചുകേറി. മിനിററുകൾ വേണ്ടിവന്നില്ല. നാലയ്യായിരം സഖാക്കൾ ഉൾപ്പെട്ടിരുന്ന ആ ഘോഷയാത്രയിലെ ഒററക്കുഞ്ഞുപോലും അവിടെ അവശേഷിച്ചില്ല.

പോലീസ്‌വാൻ തിരിച്ചുപോയി. അടുത്ത പറമ്പിൽനിന്നു് ഒരു ദയനീയവിലാപം ഉയർന്നു. പക്ഷെ അതു കേൾക്കുന്നതിനു് ആരുമുണ്ടായില്ല അവിടെങ്ങും. അയാൾ ഞരങ്ങി. വീണ്ടും വീണ്ടും നിലവിളിച്ചു. സമയം കുറെയങ്ങനെ നീങ്ങി. അസ്തമയസൂര്യൻ അറബിക്കടലിൻെറ അഗാധതയിലേക്കു് ഊർന്നുവീഴുന്നതു് അയാൾ കണ്ടു. ചോരപുരണ്ട സൂര്യബിംബം കടലിൽ താണതോടുകൂടി ഇരുട്ടു് അവിടെങ്ങും ബാധിച്ചു.

"നീങ്ങളറിഞ്ഞില്ലെ, പൈലോയുടെ ചെറുക്കൻ ഒസേപ്പ് മരിച്ചുന്നു്" ചുമ്മാരുവിൻെറ ഭാര്യ പറഞ്ഞു.

"ഇതെങ്ങനെ?" അയാൾ അത്ഭുതം പൂണ്ടു.

"ആലപ്പുഴവെച്ചു പോലീസുകാരു് വെടിവെച്ചുന്നു്" അവൾ കഷ്ടംവെച്ചു നിന്നു. "തെക്കേലെ മാണ്ടിച്ചേട്ടൻ പറഞ്ഞതാ. അത്രേം ആലപ്പുഴേന്നാ വരണേ" അവൾ ആ വാർത്ത സ്ഥിരീകരിച്ചു. ഒരു കൊച്ചുകാററു പടിഞ്ഞാറുനിന്നു് അടിച്ചുവന്നു.

—o—

വിരോധമായ കാര്യങ്ങൾ പ്രവൃത്തിക്കുമ്പോൾ നിങ്ങൾ എന്നെ പരീക്ഷിക്കുന്നു. അതുകൊണ്ടു നിങ്ങളുടെ ബോധങ്ങൾ ഭയം, ഉത്കണ്ഠ, ഹൃദയശല്യം എന്നിവകൊണ്ടു അശുദ്ധമാകുമ്പോൾ ബുദ്ധിഭ്രമത്തിലേക്കോ ആത്മഹത്യയിലേക്കോ ഉള്ള് നിങ്ങളുടെ കുതിച്ചോട്ടത്തെ ചെറുത്തുനിറുത്തുവാൻ ഞാൻ എത്തണം. ഞാൻ നിങ്ങൾ വിളിക്കുമ്പോഴെല്ലാം സഹായത്തിനെത്തുന്നില്ലെങ്കിൽ എൻെറ ശക്തിയെവിടെ എന്നു ചോദിച്ചു് നിങ്ങൾ എന്നെ പരീക്ഷിക്കുന്നു. എനിക്കറിയാം ദിവ്യസത്യത്തിൻെറ ഉയർന്ന ഗോപുരങ്ങളിൽ എനിക്കു ഒരിക്കലും അധികം അനുചരന്മാർ ഉണ്ടായിരിക്കുകയില്ലെന്നു്. തങ്ങളുടെ ബുദ്ധിശക്തിക്കുപരി വിദ്യാഭ്യാസം സാധിച്ചിട്ടുള്ള ധീമാന്മാർ ഒരിക്കലും എൻെറ ശിഷ്യന്മാരുടെ ഗണത്തിൽ കാണുകയില്ല. കുരിശിൽ ഉയർത്തപ്പെട്ടപ്പോഴാണു ഞാൻ മനുഷ്യരെ എൻെറ പക്കലേക്കു ആകർഷിക്കുക. അവരെ വശീകരിക്കുന്നതിനു് ഇപ്പോൾ ഒരു വിഡ്ഢിത്തം പ്രവർത്തിക്കുവാൻ ഞാൻ ഒരുക്കമില്ല. എൻെറ ബലിവഴിയാണു്, ശാസ്ത്രം വഴി അല്ല ഞാൻ ആത്മാക്കളെ ആകർഷിക്കുക. പരിശോധനക്കുഴലുകൾകൊണ്ടല്ല, എൻെറ രക്തംകൊണ്ടാണു്, പ്രകൃത്യതീത വെടിക്കെട്ടുകൾകൊണ്ടല്ല, ബുദ്ധിയുടേയും സ്വാതന്ത്ര്യമനസ്സിൻേറയും നേരായ ഉപയോഗംകൊണ്ടാണു ഞാൻ അനുയായികളെ നേടുക. യോനാസിൻെറ അടയാളമല്ലാതെ അതായതു താഴെനിന്നുള്ള ദിവ്യോത്ഥാനമല്ലാതെ (ദൈവത്തിൻെറ നരകത്തിലേക്കുള്ള താഴ്ചയല്ല) മററാരടയാളവും ഈ തലമുറയ്ക്കു നൽകപ്പെടുകയില്ല. ഹാ! ചെകുത്താൻ, നീയാണു നരകത്തിലേക്കു എടുത്തുചാടുന്നതു്. ഞാൻ അവരെ രക്ഷിക്കുന്നില്ലെങ്കിൽക്കൂടി എന്നിൽ വിശ്വാസം അർപ്പിക്കുന്ന ജനതയെയാണു എനിക്കാവശ്യം. ചൈനയിൽ എൻെറ മിഷനറിമാർ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരിക്കുമ്പോൾ അതിൻെറ അഴികളെ ഞാൻ തുറന്നിടുകയില്ല. അവരുടെ ശിരസ്സുകളെ അരിഞ്ഞുവീഴ്ത്തുന്ന ചോരച്ചെങ്കൊടിക്കാരുടെ അരിവാളുകളെ ഞാൻ തടയുകയില്ല. കൊറിയായിലെ സക്രാരിവാതിലുകളെ തല്ലിപ്പൊളിക്കുന്ന ചെംചുററികകളെ ഞാൻ നിരോധിക്കുകയില്ല; എന്തുകൊണ്ടെന്നാൽ മധുരഗാനങ്ങൾ ആലപിച്ചുകൊണ്ടു മരണമുഖത്തേക്കു മുന്നേറുമ്പോൾ എൻെറ മിഷനറിമാരും രക്തസാക്ഷികളും എന്നെ സ്നേഹിക്കണമെന്നാണു് എൻെറ അഭിലാഷം. ഞാൻ എന്നെത്തന്നെ രക്ഷിക്കുന്നതിനു ഒരിക്കലും ഒരത്ഭുതം പ്രവർത്തിച്ചില്ല. എൻെറ വിശുദ്ധാത്മാക്കൾക്കുവേണ്ടിക്കൂടി ഞാൻ ഒരത്ഭുതം പ്രവർത്തിക്കയില്ല. ചെകുത്താനേ, വിട്ടുപോവുക. നീ നിൻെറ കർത്താവായ ദൈവത്തെ പരീക്ഷിക്കരുതു്. (തുടരും)

* പി. എക്സ്. പുല്ലുവിള

## മൂന്നു രാജാക്കളിലൊരാൾ സിലോണിൽനിന്നു്

സിലോണിലെ ജാഫ്നാരൂപതയിൽപ്പെട്ട ഫാദർ അൻറാനീനസ് ഒ. എം. ഐ. എന്ന ദേഹം ഒരു ചരിത്രപ്രബന്ധത്തിൽ, ഉണ്ണിയീശോയെ ആരാധിക്കാൻ ചെന്നെത്തിയ മൂന്നു രാജാക്കളിൽ ഒരാൾ ജാഫ്നായിലെ രാജാവായിരുന്ന ഗാസ്പർ പെരിയപെരുമാളായിരുന്നു എന്നു വാദിക്കുന്നു. ദക്ഷിണേന്ത്യൻ പാരമ്പര്യവും ചരിത്രലക്ഷ്യങ്ങളും ഇതു സ്ഥാപിക്കുന്നുണ്ടെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ദൈവവെളിപാടാൽ ദിവ്യാവതാരവൃത്താന്തം ഗ്രഹിച്ചു്, ഗാസ്പർ രാജാവു് ഒരു കപ്പൽമാർഗ്ഗേണ മസ്കാറേറതീരത്തിറങ്ങി മററു രണ്ടു രാജാക്കന്മാരോടു ചേരുകയും അവർ ഒരുമിച്ചു് ബേസ്ലഹമിലേക്കു് പോകയും ചെയ്തു എന്നാണത്രെ പാരമ്പര്യം. എന്നുമാത്രമല്ല, മാർത്തോമ്മാശ്ലീഹാ ഭാരതത്തിലെത്തിയപ്പോൾ ഗാസ്പർ രാജാവും ശ്ലീഹായോടുകൂടി വന്നുചേരുകയും, മൈലാപ്പൂരിൽവെച്ചു വേദസാക്ഷിമകുടം ചൂടുകയും ചെയ്തു വെന്നും ഫാദർ അൻറാനീനസ് പ്രസ്താവിക്കുന്നു.

(2-ാം പേജ് തുടച്ച്)

താങ്ങപ്പെടുവാൻ കഴിയുന്നവയാണ്. അവയിൽ മന്ത്രിസഭയുടെ ശ്രദ്ധ കേന്ദ്രീകരിക്കണം. 1957-ലെ പൊതുതിരഞ്ഞെടുപ്പുവരെയുള്ള കാലത്ത് അവരുടെ സമയവും ശക്തിയും മുഴുവൻ വിനിയോഗിക്കുവാൻ അവ ധാരാളം മതി. രാജ്യത്തിനു് ആവശ്യമുള്ളത് അവ നൽകുകയുംചെയ്യും.

പ്രജാസോഷ്യലിസ്റ്റു പാർട്ടിയുടെ പ്രകടനപത്രികയിൽ ഏററവും മികച്ചുനില്ക്കുന്നതു് ഊർജ്ജസ്വലമായ പഞ്ചായത്തുകൾ എന്നു് പ്രകടനപത്രിക വിളിക്കുന്ന സ്ഥാപനങ്ങളുടെ കാര്യമാണു്. ഭരണം വികേന്ദ്രീകരിക്കപ്പെട്ടാൽ അതു ജനകീയമാകും; കാരണം സ്വയംഭരണത്തെ ജനങ്ങളുടെ അടുത്തു് അതുകൊണ്ടുവരുന്നു. പഞ്ചായത്തുകൾക്കു് വേണ്ടിടത്തോളം പണവും നിർദ്ദോഷമായ ഭരണരീതിയും കൈവന്നാൽ അവയ്ക്കു് രാജ്യഭരണം ജനകീയമാക്കാൻ മാത്രമല്ല, കാര്യക്ഷമമാക്കുവാനും വളരെയധികം കഴിവുണ്ടാകും.

### ചെലവു് കുറയ്ക്കേണ്ട മാർഗ്ഗം

ചിലവു കുറയത്തക്കവണ്ണം ഭരണം പുനസ്സംവിധാനം ചെയ്യുമെന്നു് പ്രകടനപത്രിക വാഗ്ദാനം ചെയ്തിട്ടുണ്ടു്. ഭരണരീതി അതിന്റെ കാര്യക്ഷമതയ്ക്കു യാതൊരു ലോപവും വരുത്താതെ ഇപ്പോഴത്തേക്കാൾ ചിലവു കുറവുള്ളതാക്കാൻ മന്ത്രിസഭയ്ക്കു കഴിഞ്ഞാൽ അതു സംസ്ഥാനത്തിനു് അനുഗ്രഹമായിരിക്കും; ആ പരിഷ്ക്കാരം മററു സംസ്ഥാനങ്ങൾക്കു മാതൃകയായി ഭവിക്കുകയും ചെയ്യും. എന്നാൽ വലിയ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളങ്ങൾ വെട്ടികുറച്ചതുകൊണ്ടു മാത്രം ഭരണച്ചിലവു് ചുരുക്കാമെന്നാണു് മന്ത്രിസഭ പ്രതീക്ഷിക്കുന്നതെങ്കിൽ, അഴിമതി വിവിരുദ്ധ ട്രൈബ്യൂണലിന്റെ നിയമനത്താൽ ദൂരീകരിക്കാൻ ആഗ്രഹിക്കുന്ന അതേ അഴിമതിക്കു് അവർ വാതൽ തുറന്നു കൊടുക്കുകയായിരിക്കും ചെയ്യുന്നതു്. ഭരണപരിഷ്ക്കാരം അന്വേഷണവും പഠനവും നടത്തിയതിനുശേഷം വേണം നിർവ്വഹിക്കാൻ. പുറമേനിന്നു് എടുക്കുന്ന പരിചയജ്ഞാനമുള്ള ആളുകളുടെ സഹായത്തോടുകൂടി ഈ പ്രാരംഭപഠനം നടത്തുവാൻ പുതിയ മന്ത്രിസഭ സമയവും ശ്രദ്ധയും വിനിയോഗിക്കുമെന്നു് ഞങ്ങൾ പ്രത്യാശിക്കുന്നു. ആവശ്യകവും പ്രാഥമികവുമായ ഈ അടിസ്ഥാനവേല ചെയ്യാൻ ഒരു ചെറിയ ഭരണപരിഷ്ക്കാരക്കമ്മിററിയെ ഉടൻ നിയമിക്കേണ്ടതാണു്.

മത്സ്യവ്യവസായം വികസിപ്പിക്കുന്ന കാര്യത്തിൽ പ്രകടനപത്രിക താല്പര്യം കാണിക്കുന്നുണ്ടു്. തിരുക്കൊച്ചി സംസ്ഥാനം സുദീർഘമായ കടലോരത്തോടുകൂടിയതാണല്ലോ. ആകയാൽ മത്സ്യവകുപ്പു് ഒരു വൻകിട വ്യവസായമായി രൂപീകരിച്ചാൽ സംസ്ഥാനത്തിലെ ഭക്ഷ്യദൗർലഭ്യത്തിന്റെ പ്രശ്നത്തിനു് പരിഹാരം ഉണ്ടാക്കാൻ മന്ത്രിസഭയ്ക്കു കഴിയും. സാമ്പത്തികാഭിവൃദ്ധിയുടെ അടിസ്ഥാനം വിവിധോന്മുഖമായ സാമ്പത്തികസ്ഥിതി ആയിരിക്കുകയാൽ, വിദ്യുച്ഛക്തിയുടെ ഉല്പാദനത്തിനും കുടിൽവ്യവസായങ്ങൾക്കും പ്രകടനപത്രിക പ്രാധാന്യം കല്പിക്കുന്നു.

### സാങ്കേതിക വിദ്യാഭ്യാസം

വിദ്യാഭ്യാസവിഷയത്തിൽ പ്രകടനപത്രികയുടെ വാഗ്ദാനം 14 വയസ്സുവരെ സകല കുട്ടികൾക്കും സൗജന്യവിദ്യാഭ്യാസം നൽകുമെന്നാണു്. എന്നാൽ സംസ്ഥാനത്തിലെ സാക്ഷരത്വം ഇൻഡ്യയിൽവച്ചു് ഏററവും ഉയർന്നതാകയാൽ. ഏകദേശം 60 ശതമാനം സാങ്കേതികവിദ്യാഭ്യാസം പോലുള്ള ഇതരവിദ്യാഭ്യാസശാഖയിലേക്കു മന്ത്രിസഭയുടെ ശ്രദ്ധ പതിക്കാവുന്നതാണു്. സമർത്ഥന്മാരായ കൈത്തൊഴിൽക്കാരെ (Skilled artisans) പരിശീലിപ്പിക്കുവാൻ ഒരു ജൂണിയർ ടെക്നിക്കൽസ്കൂളും, മാതൃകാകൃഷിസ്ഥലത്തോടുകൂടിയ ഒരു കാർഷികവിദ്യാലയവും ഓരോ ഡിസ്ട്രിക്ടിലും സ്ഥാപിക്കുവാൻ കഴിയുന്നപക്ഷം സംസ്ഥാനത്തു വിവിധങ്ങളായ തൊഴിലുകൾ ഏപ്പെടുത്തുവാൻ ഇടവരും; അതു് സംസ്ഥാനത്തിലെ ഗുരുതരമായ തൊഴിലില്ലായ്മ പ്രശ്നത്തെ പരിഹരിച്ചേക്കും.

ഭൂനയത്തിന്റെ കാര്യത്തിൽ ഭൂമികൾ അവയുടെ കൈവശക്കാർ ഭാഗിച്ചുഭാഗിച്ചു തുണ്ടുതുണ്ടാക്കികളയുന്നതു് നിർത്തലാക്കുകയും, അതുവഴി നിർദ്ധനരായ കർഷകരുടെ സ്ഥാനത്തു് കാര്യക്ഷമമായി കൃഷിനടത്താൻ ആവശ്യമായ മൂലധനം കൈവശമുള്ള കർഷകരെ സൃഷ്ടിക്കുവാൻ കഴിയുകയും ചെയ്താൽ, കൃഷിയുടെ അഭിവൃദ്ധിക്കു വേണ്ടതെല്ലാം മന്ത്രിസഭ ചെയ്തിരിക്കും; കൃഷിക്കുപയുക്തമായ ഭൂനയം മാററിമറിക്കേണ്ടിവരികയുമില്ല.

പ്രജാസോഷ്യലിസ്റ്റു് പാർട്ടിയുടെ പ്രകടനപത്രികയിൽ മന്ത്രിസഭയ്ക്കു ചെയ്തുതീർക്കാൻ വേണ്ടുവോളം സുബദ്ധമായ കാര്യങ്ങൾ ഉണ്ടു്. അവയ്ക്കു മുൻഗണന നൽകുന്നതായാൽ തിരുക്കൊച്ചിക്കു് ആവശ്യമായിരിക്കുന്നതു് അവർ പ്രദാനം ചെയ്യും— സുസ്ഥിരവും പുരോഗമനപരവുമായ ഒരു മന്ത്രിസഭയെ.

—ം—

# എന്റെ പ്രാർത്ഥന

(സി. എം. സെബാസ്റ്റ്യൻ, അതിരമ്പുഴ)

ക്ലേശങ്ങൾ തിങ്ങിടും കാലങ്ങൾ നീളുന്നു
ക്ലേശമേ കാണുമുള്ളെന്റെ മുമ്പിൽ.
പേശലം ജീവിതനാടകരംഗങ്ങ-
ളാശയാൽ ഏസ്വമായ് മാഞ്ഞുപോയി!!
ആനന്ദഗാനങ്ങളാകെ മറന്നു ഞാൻ,
ദീനദീനസ്വനം പൊങ്ങിടുന്നു.
നൽകുക നൽകുക നിൻകുരിശിൻവഴി-
പോകുവാനുൾബലം ദീനബന്ധോ!
പൂർണ്ണമനസ്സുമെൻ സർവ്വവും നായകാ!
നിർണ്ണയം ഞാൻ നിനക്കർപ്പിക്കുന്നു.
നൂതനപീഡകളാഞ്ഞടിക്കുമ്പൊഴും
പ്രീതനായ് നിന്നെ ഞാൻ പിന്തുടരും
വീഴ്ചയിൽനിന്നെന്നെ താങ്ങിയെടുപ്പതും
താഴ്ചയിൽനിന്നുമുയർത്തുന്നതും
നിൻ ദിവ്യപാണികളാണെനിക്കാശ്വാസം.
നിൻ ദിവ്യസന്ദേശമൊന്നുമാത്രം
ഭാരംവഹിപ്പോരെയാഹ്വാനം ചെയ്ത നിൻ
സാരോക്തി നേരായ്ഗ്രഹിച്ചുകൊണ്ടും
നിൻനുകം മാധുര്യമുള്ളതെന്നോർത്തും ഞാൻ
വന്നിടുന്നേശുവേ! നിൻസവിധേ.
സ്വീകരിച്ചീടുകിപ്പാപിയെ സ്നേഹത്തി-
ന്നാകാരമാം ദിവ്യഹൃദയത്തിൽ.
യാചന മറെറാന്നുമില്ലതിനാൽ പാപ-
മോചനം നേടിടാമിന്നുമെന്നും.

ആശയാനുകരണം.

# “മേരീവത്സരം”

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ തിരുമനസ്സുകൊണ്ടു്, മരിയൻജൂബിലിവത്സരം സംബന്ധിച്ചു പുറപ്പെടുവിച്ച “ഫുൾജെൻസ് കൊറോണ” എന്ന തിരുവെഴുത്തിന്റെ മലയാളപരിഭാഷ.

വിവർത്തകൻ:

**റവ. ഡോക്ടർ തോമസ മൂത്തേടൻ M. A., D. D.**

വില 100ക്കു് 4ക.
(തപാൽക്കൂലി പുറമെ)
ഒററപ്രതിക്കു് 1ണ.
(തപാലിൽ അയക്കാൻ 2ണ സ്റ്റാമ്പയക്കുക)
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1

# പുസ്തകാഭിപ്രായം

## “ബർണദെ”

### ഒരു ഖണ്ഡകാവ്യം

(ഗ്രന്ഥകർത്താ: ശ്രീ സിറിയക്കു്, ആരമ്പുളി. വില 8ണ.)

വിശ്വവിഖ്യാതമായിത്തീർന്നിട്ടുള്ള ലൂർദ്ദിന്റെ ആധുനികചരിത്രത്തിനു കരുവായി നിലകൊള്ളുന്ന ആ ചെറുബാലികയാണു് “ബർണദെ”. ഫ്രാൻസിലുള്ള പിരണീസു് പർവ്വതനിരകളിൽ “മാസിബിയെ”പാറക്കെട്ടുകളുടെ ഇടയ്ക്കുള്ള ഒരു ഗുഹയിൽ 19-ാം നൂററാണ്ടിന്റെ മദ്ധ്യത്തിലായി ഒരു സംഭവമുണ്ടായി. വിറകുപെറുക്കാൻപോയ ഒരു ബാലികയ്ക്കു ദൈവമാതാവായ പരിശുദ്ധ കന്യകമറിയം ദർശനംനൽകി. അവളോടു ചില സ്വർഗ്ഗീയസന്ദേശങ്ങൾ അറിയിച്ചു. ഇതാണു് സംഭവം.

അഗണ്യമായ ഒരു സംഭവമായിരുന്നില്ല അതു്. ധാർമ്മികമായ അധഃപ്പതനത്തിൽ ആണ്ടുപൊയ്ക്കൊണ്ടിരുന്ന ലോകത്തെ ഹഠാദാകർഷിക്കുന്നതിനും ഇരുത്തിച്ചിന്തിപ്പിക്കുന്നതിനും അതു വഴിതെളിച്ചു. സ്വർഗ്ഗീയമായ ഒരു സന്ദേശമാണു് അവിടെ നൽകപ്പെട്ടതു്. മനുഷ്യശക്തികൾക്കതീതമായ അത്ഭുതപ്രവർത്തനങ്ങളാണു് അവിടെ പ്രത്യക്ഷപ്പെട്ടതു്. മാനവസഞ്ചയത്തെ ദൈവവിശ്വാസത്തിലേക്കും ആദ്ധ്യാത്മികത്വത്തിലേക്കും പിന്തിരിപ്പിക്കുന്നതിനുള്ള പരിശുദ്ധ കന്യകമറിയത്തിന്റെ ശക്തമായ ഒരു ഇടപെടലാണു് അവിടെ ദൃശ്യമായതു്. അതു സാധിച്ചു; ഇന്നോളം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ ദിവ്യകൃത്യത്തിൽ ഉപകരണമായ സാധുവും സാദ്ധ്വിയുമായ “ബർണദെ” യെ ഒരു ഖണ്ഡകാവ്യത്തിൽക്കൂടി സഹൃദയ ലോകസമക്ഷം അവതരിപ്പിക്കുന്നതിനാണു് യുവകവിയായ ശ്രീ സിറിയക്കു് ആരമ്പുളി ശ്രമിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ശ്രമം ഏറെക്കുറെ വിജയിച്ചിട്ടുണ്ടെന്നും തുടർന്നുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ കവിലോകത്തിൽ ഉന്നതമായ ഒരു സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുക്കുമെന്നു വിശ്വസിക്കാമെന്നും ഞങ്ങൾക്കഭിപ്രായമുണ്ടു്. ഗ്രന്ഥകർത്താവിനെ അനുമോദിക്കുകയും ഗ്രന്ഥത്തിനു സഹൃദയലോകത്തിന്റെ ഹാർദ്ദമായ സ്വാഗതം ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

(J. P. V.)

# കമ്മ്യൂണിസ്റ്റ്കളുടെ “ആനയിളക്കം” അടവുകൾ

### നിയമസഭയിൽ സഖാക്കളുടെ ആരോപണങ്ങൾക്കും മി. കെ. എം. ജോർജ്ജിന്റെ ചുട്ടമറുപടി

മാർച്ചു് 29-ാംതീയതി അസംബ്ളിയിൽ അപ്രോപ്രിയേഷൻ ബില്ലിനെ എതിർത്തു സംസാരിച്ച കമ്മ്യൂണിസ്റ്റ്മെമ്പർ മി. രാഘവക്കുറുപ്പിന്റെ ആരോപണങ്ങൾക്കു മറുപടിയായി മി. കെ. എം. ജോർജ്ജ് (കോൺഗ്രസ്) ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം വിവരിക്കുകയുണ്ടായി.

നാലുമാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട്സ് പോൾക്കുടാതെപാസ്സാക്കിക്കൊടുത്തശേഷം ഈ സഭയിലെ പ്രതിപക്ഷമെമ്പറന്മാർ — ഐക്യമുന്നണി— ഇപ്പോൾഈബില്ലിനെഎതിർത്തുകൊണ്ടു് പല പുതിയ ആരോപണങ്ങൾ ഗവർമ്മെണ്ടിനെപ്പററിയും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയെപ്പററിയും അമേരിക്കൻ സഞ്ചാരികളെപ്പററിയും വിദേശമിഷനറിമാരെപ്പററിയും ചെയ്തിരിക്കുന്നു. എന്റെ സ്നേഹിതൻ ബ. തിരുവാർപ്പു മെംബർ ഈ ബില്ലിനെ എതിർക്കുവാൻ കാരണം പറഞ്ഞതു് പുതിയ ബഡ്ജററിൽ പോലീസു് വകുപ്പിനു കഴിഞ്ഞകൊല്ലത്തെക്കാൾ എട്ടുലക്ഷം രൂപ കൂടുതൽ കൊള്ളിച്ചിട്ടുണ്ടെന്നുള്ളതാണു്. അദ്ദേഹം പരാതിപ്പെട്ടു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാരും അമേരിക്കൻ ചാരന്മാരും ഇന്നാട്ടിൽ സ്വൈരം വിഹരിക്കുമ്പോൾ, അവർ ഇന്ത്യയുടെ സ്വാതന്ത്ര്യം അപകടപ്പെടുത്തുമ്പോൾ, ഇവിടത്തെ പോലീസും പട്ടാളവും അവരെ വേണ്ടവണ്ണം നിയന്ത്രിക്കുന്നില്ലെന്നു്. കമ്മ്യൂണിസ്റ്റുകളുടെ ചെയ്തികളെമാത്രം അവർ നോക്കിക്കൊണ്ടിരിക്കുന്നെന്നും ഒരു ഐ. മു. മെംബർ പറയുകയുണ്ടായി. ഇതിന്റെ അർത്ഥമെന്താണു്; പരമാർത്ഥമെന്താണു്. കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണിയുടെ വക്കാലത്തു പിടിക്കയല്ല ഞാൻ.

എന്റെ അറിവിൽപ്പെട്ടിടത്തോളം കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി ഒരു അഖിലേന്ത്യാ സാംസ്കാരികസംഘടനയാണു്. ഇതിന്റെ പ്രവർത്തനം കമ്മ്യൂണിസ്റ്റുകൾക്കു വളരെ തലവേദന ഉണ്ടാക്കുന്നതു തിമിർത്തമാണു് സഖാക്കൾ അതിന്റെനേരെ ചന്ദ്രഹാസമിളക്കിയിരിക്കുന്നതു്. അമേരിക്കൻ എംബസിയിൽ നിന്നു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കു വൻതുകകൾ ലഭിച്ചുവരുന്നു എന്നും ചില ആരോപണങ്ങൾ ഇവർ പ്രചരിപ്പിക്കുന്നുണ്ടു്. ഈ സംഘടനയുടെ നേതാക്കന്മാർതന്നെ ഇതിനെ പരസ്യമായി നിഷേധിച്ചിട്ടുണ്ടു്. ഇതിനു ശരിയായ മറുപടി നൽകാതെ സഖാക്കൾ ഇപ്പോൾ കുപ്രചരണം നടത്തുകയാണു് ഇതിന്റെപേരിൽ ഉത്സവകേന്ദ്രങ്ങളിൽ കൃത്രിമമായ ആനയിളക്കം ഉണ്ടാക്കുന്നതു എന്തിനാണു്? കള്ളന്മാർക്കു കവർച്ച നടത്താൻ. ഇതുപോലെയാണു കമ്മ്യൂണിസ്റ്റുകളുടെ അടവുകളും, ഗുണ്ടാപ്രവർത്തനവും, വിദ്ധ്വംസകപരിപാടികളും. വിരുദ്ധമുന്നണിയുടെപേരിൽ അങ്ങനെ ആരോപണങ്ങൾ വാരിച്ചൊരിഞ്ഞു ജനങ്ങളുടെ ശ്രദ്ധ അങ്ങോട്ടു തിരിച്ചു അവരെ കമ്മ്യൂണിസ്റ്റ് മനസ്ഥിതിക്കാരാക്കണമെന്നാണു ഈ സഖാക്കളുടെ ഉദ്ദേശം. ലോകത്തിലെവിടെയുമുള്ള കമ്മ്യൂണിസ്റ്റുകൾ സ്വീകരിച്ചിരിക്കുന്ന നയം ഇതു തന്നെയാണു്. ഇവിടെ അവർ “വഞ്ചനാദിനം” ആഘോഷിക്കാൻപോകുകയാണു്. ആർക്കെതിരായി? അവരുടെ കെണിയിൽനിന്നു രക്ഷപെട്ട ജനങ്ങൾക്കെതിരായി, രാജ്യത്തിനെതിരായി.

കമ്മ്യൂണിസ്റ്റുകൾക്കു മോസ്ക്കോയിൽനിന്നു വൻതുകകൾ സൗജന്യമായിലഭിക്കുന്നുണ്ടെന്നു ഹൈദ്രബാദിലെ ഒരു മെമ്പർ അടുത്ത കാലത്തു പാർലമെൻറിൽ പ്രസ്താവിക്കുകയുണ്ടായി. ഇവർ കൊണ്ടുവരുന്ന പല ആരോപണങ്ങളും അർത്ഥശൂന്യങ്ങളാണു്. രാജ്യനന്മയ്ക്കെതിരായി പ്രവർത്തിക്കുന്നവർ ആരായാലും അവരുടെപേരിൽ നടപടി നടത്തണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

—ം—

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

എ. ജെ. തോമ്മസ്,
മണിമല.

### വി. ഡി പോൾ സംഘം

# പ്രസി. ജനറലിനു ഷെവ: സ്ഥാനം

സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററിയുടെ പ്രസിഡണ്ടു് ജനറലായ എം. സെല്ലർ (M.Zeiller) അവർകൾക്കു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു കെ. എസ്. ജി.സ്ഥാനം (Knight Commander with star of the Order of St. Gregory the Great) കല്പിച്ചു നൽകിയിരിക്കുന്നു. സ്ഥാനമാനങ്ങളോ പ്രശസ്തിയോ പ്രതിഫലമോ കൃതജ്ഞതയോ കാംക്ഷിക്കാതെ പ്രവർത്തിക്കേണ്ട സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി പ്രവർത്തകർ ഇതിൽ ആഹ്ലാദിക്കേണ്ടതില്ലെങ്കിലും ഈ ബഹുമതി സെൻറു് വിൻസെറു് ഡി പോൾ സൊസൈററിക്കു പൊതുവേ നൽകിയ ഒരു ബഹുമതിയായി സൊസൈററിപ്രവർത്തകർ കരുതേണ്ടതാണെന്നു സൊസൈററിയുടെ നാവായി പാരീസിൽനിന്നു പ്രസിദ്ധംചെയ്യുന്ന ബുള്ളററിനിൽ പ്രസ്താവിച്ചിരിക്കുന്നു. തുടർന്നു പരിശുദ്ധപിതാവിനുവേണ്ടി ഓരോ കോൺഫറൻസും പ്രത്യേകം പ്രാർത്ഥിക്കണമെന്നും ആ ബുള്ളററിനിൽ പ്രകടമാക്കിയിട്ടുണ്ടു്. ഈ സംഗതി നമ്മുടെ സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി പ്രവർത്തകരുടെ ശ്രദ്ധയ്ക്കു വിഷയമാക്കിക്കൊള്ളുന്നു.

—ം—

Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, April 7, 1954 No. 32

## — വിവിധവൃത്താന്തങ്ങൾ —

### ഡോമ്നിക്ക് സാവ്യോ സെൻറ് പീറ്റേഴ്സിൽ

1949-ൽ ജോവാൻ അൻറീദാ എന്ന പുണ്യവതിയുടെ നാമകരണാനന്തരം വിശുദ്ധയുടെ സ്വരൂപം വി. പത്രോസിൻെറ ദേവാലയത്തിൽ സ്ഥാപിതമായ ശേഷം മറെറാരു തിരുസ്വരൂപവും അവിടെ സ്ഥലംപിടിക്കാനിടയായിട്ടില്ല. എന്തുകൊണ്ടെന്നാൽ ദേവാലയഭിത്തിയിൽ ഇതിലേക്ക് സജ്ജമാക്കിയിരുന്ന സ്ഥാനങ്ങൾ അതോടെ തീർന്നുപോയി. എന്നാൽ വി. ഡോൺബോസ്കോയുടെ ശിഷ്യനായ ഡോമ്നിക്ക് സാവ്യോയെ ഈ ജൂൺമാസത്തിൽ വിശുദ്ധനെന്നു നാമകരണം ചെയ്യുമ്പോൾ ഈ പരിശുദ്ധ ബാലൻെറ പ്രതിമ പത്രോസിൻെറ ബസിലിക്കായിൽ ഉണ്ടായിരിക്കുന്നതാണ്. 1934 ൽ ഡോൺബോസ്കോയെ പേരുവിളിച്ചപ്പോൾ സലേഷ്യൻസഭക്കാർ ബസിലിക്കായിൽ സ്ഥാപിച്ച പ്രതിമയിൽ വിശുദ്ധൻ രണ്ടു ബാലന്മാരുടെ ശിരസ്സുകളിൽ കരങ്ങൾ വച്ചുകൊണ്ടു നില്ക്കുന്നതായിട്ടാണ് ചിത്രിച്ചിരിക്കുന്നത്. അതിലൊരു കുട്ടിയാണ് ഡോമ്നിക്ക് സാവ്യോ. ഇതരൻ അർജെന്തീനാക്കാരനായ മനുവേൽ നാമൻക്കുറാ എന്ന ബാലനുമാകുന്നു. മനുവേലിൻെറ നാമകരണപരിപാടികൾ പത്തുകൊല്ലം മുമ്പ് സമാരംഭിച്ചിട്ടുണ്ടെങ്കിലും ഇത്തരുണത്തിൽ പ്രസ്താവ്യമായിട്ടുണ്ട്.

### ഇററാലിയൻ പ്രധാനമന്ത്രി

അമിന്തോരേ ഫൻഫാനി ഒരു മഹാ പണ്ഡിതനാണ്. മുസ്സോലീനിയെ ഒഴിച്ചാൽ ഇത്ര പ്രായംകുറഞ്ഞ പ്രധാനമന്ത്രിമാർ ഇററലിയിൽ ഉണ്ടായിട്ടില്ല. നാല്പത്തഞ്ചുവയസ്സ് പ്രായമേയുള്ളു. ഉത്തമകത്തോലിക്കനെന്നു പേരെടുത്തിട്ടുള്ള ഒരു പൂജ്യനാണ്. പരിശുദ്ധനെന്നു കീർത്തിക്കപ്പെട്ടുപോരുന്ന ഫ്ളോറെൻസിലെ മേയറായ ലാപീറാ എന്ന ദേഹത്തിൻെറ ഒരു ആപ്തമിത്രവുമാകുന്നു. മിലാനിലെ കത്തോലിക്കാ യൂണിവേഴ്സിററിയിൽ പഠനം നടത്തി ഡോക്ടറെയിററ് സമ്പാദിച്ചിട്ടുള്ളയാണ്. അവിടെത്തന്നെ വളരെക്കാലം ചരിത്രവും ധനതത്വശാസ്ത്രവും പഠിപ്പിച്ചിട്ടുമുണ്ട്. ലേബർ മന്ത്രിയായിട്ടാണ് ആദ്യം രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. തുടർന്ന് കൃഷിവകുപ്പ മന്ത്രിയായും, ആഭ്യന്തരവകുപ്പ മന്ത്രിയായും പ്രശസ്തസേവനം നടത്തിയിട്ടുണ്ട്. ഭരണഘടനാസൃഷ്ടിക്കായുള്ള കൺസ്റ്റിററ്യൂവൻറ് അസംബ്ളിയിലും അദ്ദേഹം മെമ്പറായിരുന്നു വിലയേറിയ പല ഗ്രന്ഥങ്ങൾ അദ്ദേഹം വിരചിച്ചിട്ടുണ്ട്. "കാത്തോലിസിസം, പ്രൊട്ടസ്റ്റൻറിസം, ക്യാപ്പിററലിസം", "സോഷ്യൽ സുമ്മാ" "എക്കണോമിക്ക് ഹിസ്റ്ററി" ആദിയായവ ഇവയിൽ ചിലതുമാത്രമാണ്. ഔദ്യോഗികമായി അദ്ദേഹം പലപ്രാവശ്യം 12-ാം പീയൂസ് തിരുമേനിയെ സന്ദർശിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്.

### സ്വീഡിഷ് ഡോക്ടരുടെ കറിക്കുകൊണ്ട വെടി

പെർവെറെറർഡാം സ്വീഡനിലെ ഒരു പേരുകേട്ട ഡോക്ടറാണ്. ഗർഭസ്ഥിതമായ ശിശുവിനെ നശിപ്പിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനായി അദ്ദേഹത്തെ സമീപിക്കുന്ന ആരോഗ്യവതികളായ മഹതികളുടെനേക്ക് അദ്ദേഹം ഒരു വെടിപൊട്ടിക്ക പതിവായിത്തീർന്നിട്ടുണ്ട്. "നിങ്ങൾക്കിപ്പോൾ എത്ര കുട്ടികളുണ്ട്. കൊള്ളാം. അതിൽ ഒന്നിനെയോ രണ്ടിനെയോ അങ്ങു വെടിവെച്ചു കാച്ചിക്കളയരുതോ? അതും ഇതും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു നിങ്ങൾ മനസ്സിലാക്കണം." പലപ്പോഴും ഈ വെടി കുറിക്കുകൊള്ളുന്നുണ്ട്. നമ്രമുഖികളായി വന്നപാടെ പലരും മടങ്ങിപ്പോകുന്നു!

### ടിറേറായെ പ്രീണിപ്പിക്കുന്നതു് നിഷ്പ്രയോജനം

ക്രോവേഷ്യയിലെ ഒരു പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനായ ഡോക്ടർ ആൻറണി ബുക്കോവിച്ച് എന്ന ദേഹം ഇപ്പോൾ അമേരിക്കയിലെത്തിയിട്ടുണ്ട്. ഒരു അഭിമുഖസംഭാഷണത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "പാശ്ചാത്യശക്തികൾ ടിറേറായെ പ്രീണിപ്പിച്ചുകൊണ്ടു നടക്കുന്ന ഈ നയം പരമാബദ്ധവും നിഷ്പ്രയോജനവുമാണെന്നു കാലാന്തരത്തിൽ അവക്കു ബോദ്ധ്യപ്പെടും. റഷ്യയുമായി ഒരു യുദ്ധമുണ്ടായാൽ ഈ ടിറേറായെക്കൊണ്ട് എന്തു സാധിക്കും. യുഗോസ്ലാവിയാ ഒരു മർമ്മസ്ഥാനമാണ്. ശരിതന്നെ. പക്ഷെ എത്രനേരം പിടിച്ചുനില്ക്കാൻ ടിറേറാക്കു കഴിയും? അവിടത്തെ പ്രധാനനഗരങ്ങളെല്ലാം റഷ്യൻ ടാങ്കുകൾക്ക് എത്തിപ്പിടിക്കാനുള്ള അകലമേയുള്ളു. തുറമുഖങ്ങളാണെങ്കിൽ സൈന്യങ്ങളെയോ യുദ്ധോപകരണങ്ങളെയോ ഇറക്കാൻമാത്രം വിസ്തൃതങ്ങളല്ല. യുദ്ധവാഹനങ്ങൾ പോകത്തക്ക റോഡുകൾ അവിടെ ചുരുക്കമാണ്.

### മരിയതീർത്ഥങ്ങൾ സന്ദർശിക്കുന്നു

ബെൽജിയംകാരനായ ലൂയീസ് ജേനോ എന്ന യുവാവ് വേറെ 41 ജോലിക്കാരോടൊന്നിച്ച് ഒരു കൽക്കരി ഖനിയിൽ ജോലിചെയ്യുകയായിരുന്നു. എന്തോ സ്ഫോടകസാധനം പൊട്ടി ഖനി തകർന്നുവീണ് അവരെല്ലാവരും മണ്ണിനടിയിലായിപ്പോയി. രണ്ടുപേരൊഴികെ എല്ലാവരും അവിടെ വച്ചുതന്നെ മൃതിയടഞ്ഞു. 22 മണിക്കൂറുകൾക്കുശേഷം മണ്ണുമാററിച്ചെന്നപ്പോൾ പ്രാണൻ പോകാതെ കണ്ടുകിട്ടിയ രണ്ടുപേരിൽ ഒരാളായിരുന്നു ലൂയീസ്. ആസ്പത്രിയിൽ കിടക്കയിൽ അയാൾ ഒരു നേർച്ചനേർന്നു. ആയുസ്സ് കിട്ടുകയാണെങ്കിൽ യൂറോപ്പിലുള്ള ദൈവജനനിയുടെ പ്രധാനതീർത്ഥസ്ഥാനങ്ങളെല്ലാം കാൽനടയായിച്ചെന്നു് സന്ദർശിച്ചുകൊള്ളാമെന്നു്. അത്ഭുതമെന്നോണം അയാൾ രക്ഷപെട്ടു. നേർച്ച നിറവേററുന്നതിനായി ഇപ്പോൾ പുറപ്പെട്ടിരിക്കയാണ്.

### കുടുംബസഹായപദ്ധതി

അമേരിക്കയിൽ ലോസാഞ്ചെലെസ് എന്ന സ്ഥലത്തെ ആറു പ്രധാന ആസ്പത്രികളിൽ മരിയവത്സരസ്മാരകമായി ഒരു പദ്ധതി സമാരംഭിച്ചിരിക്കുന്നു. അഞ്ചോ ആറോ പ്രസവംകഴിഞ്ഞ തള്ളമാർ അതിനുശേഷമുള്ള പ്രസവത്തിനായി ഇക്കൊല്ലവും പ്രസ്തുത ആസ്പത്രികളിൽ ചെല്ലുന്നപക്ഷം പ്രസവശുശ്രൂഷസംബന്ധമായ സമസ്തചെലവുകളും ആസ്പത്രിയിൽ നിന്നുതന്നെ വഹിച്ചുകൊള്ളുന്നതാണ്. സാധുകുടുംബങ്ങൾക്ക് ഇതു് അനല്പമായ ഒരനുഗ്രഹമാണെന്നു പറയേണ്ടതില്ലല്ലോ. ഇതിൽ രണ്ടാസ്പത്രികളിൽ മരിയൻ ജൂബിലിപ്രമാണിച്ച് ഈ ആനുകൂല്യം ശാശ്വതമാക്കിത്തീർക്കാനും ആലോചനയുണ്ട്.

### പരി. മറിയത്തെക്കുറിച്ച് വി. പീററർ ദാമിയൻ

"സ്വർഗ്ഗീയഭക്ഷണം നമുക്ക് പ്രതിദിനം ലഭിക്കാൻ ഇടയാക്കുന്നതു് മറിയം വഴിയായിട്ടാകുന്നു. അവളുടെ പ്രാർത്ഥനകൾ വഴിയായിട്ടത്രെ ഈ ദിവ്യഭോജനം അനുഭവിക്കുന്നതിനുള്ള സദ്വിചാരം ദൈവം നമുക്ക് നൽകുന്നതും, അതു യഥായോഗ്യം സ്വീകരിക്കുന്നതിനു് നാം പ്രാപ്തരായിത്തീരുന്നതും. മുടക്കപ്പെട്ട ഫലം ഭക്ഷിച്ച് മരണം കൈവരിക്കുന്നതിനു് മനുഷ്യനെ പ്രേരിപ്പിച്ചതു് ഹാവായാണല്ലോ. അതുപോലെ ജീവദായകമായ അപ്പം ഭക്ഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതു് പരിശുദ്ധ മറിയമാണെന്നുള്ളതു് നീതിയുക്തംതന്നെ."

### "വേണ്ട വേണ്ട" അയർലണ്ടിൻെറ മറുപടി

റഷ്യയിൽനിന്നു ഏതാനും കുതിരക്കച്ചവടക്കാർ ഈയിടെ ബ്രിട്ടനിൽ എത്തിയിരുന്നു. അവർക്കു വേണ്ടത്ര തരങ്ങൾ മുഴുവൻ അവിടെനിന്നു ലഭിക്കായ്കയാൽ അവർ അയർലണ്ടിലേക്കും കടക്കാൻ നിശ്ചയിച്ചിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചു. വിദേശകാര്യവകുപ്പിൽനിന്നു് ഉടനെ അവർക്ക് നോട്ടീസുകൊടുത്തു, വ്യാപാരത്തിനായി അവർ അയർലണ്ടിലേക്ക് കടക്കേണ്ടതില്ലെന്നു്. തടിക്കച്ചവടക്കാര്യത്തോടെ അയർലണ്ടു് അത്രയ്ക്കു് ഉണർന്നിരിക്കയാണ്.

### കന്യാസ്ത്രീകൾ കൊറിയായിലേക്കു പിന്തിരിയുന്നു

മൂന്നരക്കൊല്ലംമുമ്പ് കമ്മ്യൂണിസ്റ്റുകാർ ഉത്തരകൊറിയായിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോയ ഫ്റഞ്ച് കർമ്മലീത്താ സഹോദരിമാരിൽ ഏതാനുംപേർ വീണ്ടും ദക്ഷിണകൊറിയായിൽ എത്തിയിരിക്കുന്നു. നിരവധി പീഡാനുഭവങ്ങളുടെശേഷം റഷ്യാവഴിക്ക് അവരെ ഫ്റാൻസിലേക്ക് നാടുകടത്തുകയാണു ചെയ്തതു്. യുദ്ധം ശാന്തമായ ഉടനെ ശേഷിച്ചവർ അവരുടെ പൂർവ്വപ്രവർത്തനരംഗത്തേക്ക് പുറപ്പെട്ടു. "കമ്മ്യൂണിസ്റ്റ് തടങ്കലിൽനിന്നു രക്ഷപെട്ടുവരുന്ന പ്രിയപ്പെട്ട സഹോദരിമാർക്ക് സ്വാഗതം" എന്നെഴുതിയിരുന്ന കൊടികളോടുകൂടെ, ആഘോഷപ്രദക്ഷിണസമേതമാണ് അവർ സിയോളിൽ സ്വീകരിക്കപ്പെട്ടതു്.

### പരിശുദ്ധ പിതാവിൻെറ രോഗശാന്തിക്കുവേണ്ടി

ഒസ്സെർവത്തോരെ റൊമാനോ പത്രം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് രോഗശയ്യയിലായിരിക്കയിൽ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നായി വത്തിക്കാനിലെത്തിക്കൊണ്ടിരുന്ന അനുശോചനസന്ദേശങ്ങളെപ്പററി പ്രസ്താവിക്കയിൽ പറയുന്നു: "പരിശുദ്ധ പിതാവിൻെറ രോഗശമനത്തിനുവേണ്ടി അർപ്പിക്കപ്പെട്ട പ്രാർത്ഥനകളുടെയും സുകൃതകൃത്യങ്ങളുടെയും ലിസ്റ്റ് വളരെ വളരെ നീണ്ട ഒന്നുതന്നെയാണ്. എന്നാൽ രോഗാതുരരായി കിടക്കുന്ന ഒട്ടധികം ആളുകൾ അവരുടെ ആധിയുടെയും വ്യാധിയുടെയും മദ്ധ്യേ, പരിശുദ്ധ പിതാവിനെ സ്നേഹപൂർവ്വം സ്മരിക്കുകയും, അവരുടെ കദനഭാരങ്ങളും, ജപധ്യാനങ്ങളും, സഹനബലികളും തിരുമേനിക്കുവേണ്ടി സമർപ്പിക്കയുംചെയ്ത വിവരങ്ങൾ മാർപ്പാപ്പായെ അത്യഗാധമായി സ്പർശിക്കയുണ്ടായി."

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1



1 2 3 4 5 6

1. ചൈനയിലെ തെരുവീഥികളിൽക്കൂടി യാത്രചെയ്തിരുന്ന ഒരു മിഷനറി വൈദികൻ മരിക്കാറായിക്കിടന്ന ഒരു വൃദ്ധയെ കണ്ടുമുട്ടുന്നതിനിടയായി. 2. അദ്ദേഹം ആ വൃദ്ധയെ സ്വകരങ്ങളിലെടുത്ത് അടുത്തുള്ള മിഷൻ കോൺവെൻറിലേക്ക് കൊണ്ടുപോയി. 3. "നിങ്ങളെന്തുകൊണ്ടാണിപ്രകാരം എന്നെ സഹായിച്ചതു്? നിങ്ങൾ എൻെറ ആരുമല്ലല്ലോ?" വൃദ്ധ അന്വേഷിച്ചു. 4. "ഞാൻ നിങ്ങളെ സഹായിക്കാൻ വേണ്ടിയാണിങ്ങോട്ടു വന്നിരിക്കുന്നതു്. ക്രിസ്തു ഞങ്ങളോടതാണാവശ്യപ്പെട്ടിരിക്കുന്നതു്," വൈദികൻ പ്രതിവചിച്ചു. 5. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ക്രിസ്തു ലോകത്തിലവതരിച്ചതും എല്ലാ മനുഷ്യരുടേയും രക്ഷയ്ക്കായി ക്രിസ്തുമതം സ്ഥാപിച്ചതും വൈദികൻ അവക്കു വിശദീകരിച്ചുകൊടുത്തു. 6. "കൊള്ളാം!" വൃദ്ധ അത്ഭുതം പ്രകടിപ്പിച്ചു, "എന്നിട്ട് നിങ്ങൾ ക്രിസ്ത്യാനികൾ ഇതുവരെ എവിടെയായിരുന്നു? ഇക്കാര്യം ഞാനിപ്പോഴാണല്ലോ അറിയുന്നതു്?"